# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ
## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ – 3**

**പേപ്പർ: 303**

**മലയാള ഭാഷാധ്യാപനം – സമീപനവും രീതിയും**

**സെമസ്റ്റർ – 4**

**പേപ്പർ: 403**

**മലയാളം– വിദ്യാലയ അനുഭവവും മൂല്യനിർണയവും**


കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2021**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

©
Department of Education
Government of Kerala

# ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിവരുന്ന കേരളത്തിലെ എലിമെന്ററി അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (ഡി.എഡ്) 2018 – 19 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്) ആയി മാറിയിരിക്കുകയാണ്. എൻ.സി.ടി.ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ ഇതു വിനിമയം ചെയ്യുന്നതിനാവശ്യമായ റഫറൻസ് സാമഗ്രികളുടെ അഭാവം പ്രശ്നമായി ഉയർന്നു വരാറുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയോടൊപ്പം അധ്യാപക വിദ്യാർഥികൾക്കുള്ള പഠന പിന്തുണാസഹായിയും എസ്.സി.ഇ.ആർ.ടി. തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സൗഹൃദ സ്വഭാവം പുലർത്തുന്നതും തുടർവായനയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നതുമാണ് ഈ പഠന സഹായി. ഓരോ വിഷയത്തിലേയും പഠനത്തിനു സ്വീകരിക്കാവുന്ന അന്വേഷണ രീതികളും അവശ്യ വിവരങ്ങളും ഇതിലുണ്ട്. ഇതിൽ ഉള്ളടക്ക വിശദാംശങ്ങൾ, തുടർപ്രവർത്തനസൂചനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനപിന്തുണാസഹായി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

# തയാറാക്കിയത്

1. **ഡോ. വി. പരമേശ്വരൻ**
   സീനിയർ ലക്ചറർ, ഡയറ്റ് കോഴിക്കോട്

2. **ഡോ. കെ. രാമചന്ദ്രൻ**
   സീനിയർ ലക്ചറർ, ഡയറ്റ് പാലക്കാട്

3. **ഡോ. കെ. പ്രമോദ്**
   സീനിയർ ലക്ചറർ, ഡയറ്റ് തൃശൂർ

4. **ശ്രീ. മോഹനൻ കെ.വി**
   പ്രിൻസിപ്പൽ, ഗവ. ടി.ടി.ഐ., പാലക്കാട്

5. **ശ്രീ. അജി. ഡി.പി**
   ലക്ചറർ, ഡയറ്റ് എറണാകുളം

## വിദഗ്ദ്ധർ

1. **ഡോ. എം.എ. സുധീർ**
   എമിരിറ്റസ് പ്രൊഫ. ഗാന്ധിഗ്രാം യൂണിവേഴ്സിറ്റി

1. **ഡോ. ജോളി. എസ്**
   അസിസ്റ്റന്റ് പ്രൊഫ. ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം

## സബ്ജക്ട് കോ–ഓർഡിനേറ്റർ

**ശ്രീ. അജി. ഡി.പി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

## അക്കാദമിക് കോ–ഓർഡിനേറ്റർ

**ശ്രീമതി.ദീപ.എൻ.കുമാർ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

# ഉള്ളടക്കം

## സെമസ്റ്റർ – 3

**പേപ്പർ – 303 മലയാള ഭാഷാധ്യാപനം – സമീപനവും രീതിയും**

യൂണിറ്റ് 1 – മലയാളഭാഷയുടെ സവിശേഷതകൾ

യൂണിറ്റ് 2 – പ്രൈമറിക്ലാസ്സിലെ വിദ്യാലയാനുഭവപരിപാടി

യൂണിറ്റ് 3 – ഭാഷയും സാങ്കേതികവിദ്യയും

## സെമസ്റ്റർ – 4

**പേപ്പർ – 403 മലയാളം – വിദ്യാലയ അനുഭവവും മൂല്യനിർണയവും**

യൂണിറ്റ് 1 – മൂല്യനിർണയവും വിദ്യാലയാനുഭവങ്ങളുടെ ക്രോഡീകരണവും

യൂണിറ്റ് 2 – ഭാഷാഭേദങ്ങളും പ്രാദേശികപാഠങ്ങളും

യൂണിറ്റ് 3 – ബോധനശാസ്ത്രം /വ്യവഹാരരൂപങ്ങളുടെ വളർച്ചയും ഭാഷാപ്രയോഗ സാധ്യതകളും

യൂണിറ്റ് 4 – വിദ്യാലയാനുഭവവും മൂല്യനിർണയവും

യൂണിറ്റ് 5 – വിദ്യാലയാനുഭവപരിപാടിയുടെ ക്രോഡീകരണം

# സെമസ്റ്റർ - 3

## പേപ്പർ - 303

### മലയാള ഭാഷാധ്യാപനം - സമീപനവും രീതിയും

| | | |
|---|---|---|
| യൂണിറ്റ് 1 | - | മലയാളഭാഷയുടെ സവിശേഷതകൾ |
| യൂണിറ്റ് 2 | - | പ്രൈമറിക്ലാസ്സിലെ വിദ്യാലയാനുഭവപരിപാടി |
| യൂണിറ്റ് 3 | - | ഭാഷയും സാങ്കേതികവിദ്യയും |

# യൂണിറ്റ് - 1
# മലയാളഭാഷയുടെ സവിശേഷതകൾ

**ആമുഖം**

രണ്ടു സെമസ്റ്ററുകൾ വിജയകരമായി പൂർത്തീകരിച്ച് നമ്മൾ മൂന്നാം സെമസ്റ്ററിലേക്ക് കടക്കുകയാണ്. ഭാഷയിലെ വിവിധ സാഹിത്യപ്രസ്ഥാനങ്ങൾ, അവയുടെ പ്രത്യേകതകൾ, പ്രധാനപ്പെട്ട സാഹിത്യ കാരന്മാർ, അവ കേരളീയ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം എന്നിവ കഴിഞ്ഞ രണ്ടു സെമസ്റ്ററു കളിൽ ഭാഷാപഠനത്തിന്റെ ഭാഗമായി നമ്മൾ ചർച്ച ചെയ്തു. ദൈനംദിനാസൂത്രണത്തിന്റെ ചില മാതൃകകൾ തയാറാക്കൽ, ചില പ്രവർത്തനങ്ങൾ ക്ലാസിൽ പരീക്ഷിച്ചു നോക്കൽ തുടങ്ങിയവയും ഇക്കാലത്ത് നടന്നു. ഒന്നാം സെമസ്റ്ററിൽ അഞ്ചു ദിവസം എൽ.പി ക്ലാസുകളിലും രണ്ടാംസെമസ്റ്ററിൽ അഞ്ചു ദിവസം യു.പി ക്ലാസുകളിലും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

മൂന്നാം സെമസ്റ്ററിൽ പ്രധാനമായും നടക്കേണ്ടത് നാല്പത്തഞ്ചു ദിവസത്തെ എൽ.പി ക്ലാസുകൾ കേന്ദ്രീകരിച്ചുള്ള വിദ്യാലയാനുഭവ പരിപാടിയാണ്. ഇതു ഫലപ്രദമായി പൂർത്തിയാക്കണമെങ്കിൽ വളരെയധികം ആസൂത്രണം നടത്തേണ്ടതുണ്ട്. പാഠഭാഗങ്ങളുടെ വിശകലനം, ദൈനംദിനാസൂത്രണ ങ്ങൾ തയാറാക്കൽ, ആവശ്യമായ പഠനോപകരണങ്ങൾ നിർമിക്കൽ തുടങ്ങിയവ ഇതോടനുബന്ധിച്ച് നടക്കേണ്ടതുണ്ട്.

അധ്യാപകവിദ്യാർഥികളെന്ന നിലയിൽ ക്ലാസുകൾ ഫലപ്രദമായി നടപ്പിലാക്കാൻ സഹായകമായ പ്രവർത്തനങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകിച്ച് എൽ.പി വിഭാഗത്തിന് ഊന്നൽ നൽകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

> *പത്താംതരത്തിലെത്തിയിട്ടും കുറച്ചു കുട്ടികൾക്ക് തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയുന്നില്ല. പ്രൈമറിതലത്തിലെ അധ്യാപകർ കുട്ടികൾക്ക് തെറ്റു തിരുത്തിക്കൊടുക്കാത്ത തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പ്രൈമറിതലത്തിലെ കുട്ടികൾക്കുണ്ടാകുന്ന അക്ഷരത്തെറ്റുകൾ അപ്പോൾത്തന്നെ തിരുത്തിക്കൊടുക്കണം എന്ന അഭിപ്രായമാണ് എനിക്കുള്ളത്. എന്നാലേ ഹൈസ്കൂൾതലത്തിൽ ലക്ഷ്യമിടുന്ന ബോധനോദ്ദേശ്യങ്ങൾ കൈവ രിക്കാനുള്ള ശേഷി കുട്ടികൾക്കുണ്ടാവുകയുള്ളൂ.*

മുകളിലെ പ്രസ്താവനകളോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? എന്തുകൊണ്ട്?

കുട്ടികൾക്ക് അക്ഷരത്തെറ്റ് സംഭവിക്കുന്നതെന്തുകൊണ്ടാണ്?

പ്രൈമറി ക്ലാസുകളിലെ ഭാഷാപഠനം എങ്ങനെയായിരിക്കണം?

ഒന്ന്, രണ്ട് ക്ലാസുകളിലെ പാഠപുസ്തകം, ടീച്ചർടെക്സ്റ്റ് എന്നിവ വിലയിരുത്തൂ.

കഴിഞ്ഞ സെമസ്റ്ററിൽ ചർച്ച ചെയ്ത ആശയങ്ങളുടെയും കൂടി അടിസ്ഥാനത്തിൽ ചർച്ച ചെയ്യൂ..

ചർച്ചയ്ക്കു സഹായകമായി താഴെ തന്നിരിക്കുന്ന ഭാഗം വായിച്ചുനോക്കൂ.

**ഭാഷാപഠന സമീപനം**

ഭാഷയുടെ പ്രധാന ധർമ്മം ആശയവിനിമയമാണ്. മനസ്സിലുള്ള ആശയങ്ങൾ നിർഭയമായി മറ്റുള്ളവരെ അറിയിക്കാനുള്ള ശേഷി കുട്ടികൾ നേടിയിരിക്കണം. ആശയം വിനിമയം ചെയ്യണമെങ്കിൽ ആശയം സ്വാംശീകരിക്കണം. അതായത് ഫലപ്രദമായ ആശയവിനിമയത്തിന് രണ്ടു ഘട്ടങ്ങളുണ്ട്.

ആശയസ്വീകരണവും ആശയവിനിമയവും. ശ്രവണം, വായന എന്നിവയാണ് ആശയഗ്രഹണത്തിന്റെ മാർഗങ്ങൾ. ആശയപ്രകടനത്തിന് നിരവധി മാർഗങ്ങളുണ്ട്. ഭാഷണം, ലേഖനം, ചിത്രരചന, അഭിനയം തുടങ്ങിയവ അതിൽ ഉൾപ്പെടുന്നു.

ഒന്നാംക്ലാസ്സിലെത്തുന്ന കുട്ടികൾക്ക് ശ്രവണത്തിനും ഭാഷണത്തിനുമുള്ള നിരവധി അവസരങ്ങൾ ലഭിച്ചിട്ടുണ്ടാകും. എന്നാൽ കുട്ടി ജീവിക്കുന്ന കുടുംബം, പരിസരം എന്നിവയ്ക്കനുസരിച്ച് അവയിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം. അതുകൊണ്ടുതന്നെ കുട്ടികൾക്ക് ബോധപൂർവമായി ശ്രവണത്തിനും ഭാഷണത്തിനുമുള്ള നിരവധി സന്ദർഭങ്ങൾ ഒരുക്കണം.

മറ്റു പല മാർഗങ്ങളുണ്ടെങ്കിലും ആശയപ്രകടനത്തിനു ലേഖനം നിർബന്ധമാണ്. അതിനാൽ ലേഖനത്തിനു പ്രാധാന്യം നൽകുന്ന സന്ദർഭങ്ങളും കുട്ടികൾക്ക് നൽകാം. ചുരുക്കത്തിൽ ഔപചാരികവും അനൗപചാരികവുമായ വിവിധ മാർഗങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഫലപ്രദമായ ആശയവിനിമയശേഷി വളർത്തുവാനാണ് ശ്രമിക്കേണ്ടത്.

ആശയാവതരണരീതി, ഗ്രാഫിക് വായന, ഗ്രാഫിക്എഴുത്ത്, അക്ഷരങ്ങൾ, പദങ്ങൾ എന്നിവയുടെ ചാക്രികാരോഹണം, തീമാറ്റിക് സമീപനം ഇവ സംബന്ധിച്ച് രണ്ടാം സെമസ്റ്ററിന്റെ ഭാഗമായി നൽകിയിട്ടുള്ള വിശദീകരണങ്ങൾ വായിക്കുക.

■ ചർച്ചയുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ ഒന്ന്, രണ്ട് ക്ലാസുകളിലെ ഭാഷാസമീപനത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**ഉദ്ഗ്രഥിത സമീപനം**

കുട്ടി ലോകത്തെ കാണുന്നത് എങ്ങനെയാണ്?

വെള്ളം എന്ന ആശയവുമായി ബന്ധപ്പെട്ട് ഒന്നാംതരത്തിലെത്തുന്ന കുട്ടി നേടിയിട്ടുള്ള ആശയധാരണകൾ എന്തെല്ലാമായിരിക്കും?

- വെള്ളത്തിന് നിരവധി ഉപയോഗങ്ങളുണ്ട്. (കുടിക്കാൻ, കുളിക്കാൻ, ഭക്ഷണം പാകം ചെയ്യാൻ, ചെടികൾ നനയ്ക്കാൻ)
- കുടിക്കാനുള്ള വെള്ളം കിണർ, പൈപ്പുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നു ലഭിക്കുന്നു.
- എല്ലാ സ്രോതസ്സുകളിലെയും വെള്ളം കുടിക്കാൻ കഴിയില്ല.
- വെള്ളം കൂടുതൽ, കുറവ്
- വെള്ളം പ്രമേയമായി വരുന്ന നിരവധി പാട്ടുകളും കഥകളുമുണ്ട്.

കുട്ടിയുടെ ഈ ധാരണകൾ ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്?

മലയാളം, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി ധാരണകൾ കുട്ടികൾ വിഷയപരമല്ലാതെ തന്നെ മനസ്സിലാക്കിയെടുക്കുന്നു. കുട്ടി അനുഭവങ്ങളും ആശയങ്ങളും നേടുന്നത് ഇത്തരത്തിലാണെങ്കിൽ കുട്ടികൾക്ക് പഠനാനുഭവങ്ങൾ നൽകേണ്ടതും ഈ രീതിയിൽ ആയിരിക്കണമല്ലോ. ഇതിനായി വിവിധ വിഷയങ്ങളിലെ അനുഭവങ്ങൾ സമഗ്രമായി കുട്ടികൾക്കു നൽകുന്ന സമീപനമാണ് ഉദ്ഗ്രഥിത സമീപനം.

നിലവിൽ ഒന്ന്, രണ്ട് ക്ലാസുകളിലാണ് ഉദ്ഗ്രഥിതരീതി സ്വീകരിച്ചിരിക്കുന്നത്.

ഭാഷ, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട അറിവുകൾ കുട്ടിയുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഏതെങ്കിലും ആശയ (തീം)ത്തെ അടിസ്ഥാനമാക്കി അവതരിപ്പിക്കുന്ന രീതിയാണിത്. വെള്ളവുമായി ബന്ധപ്പെട്ട ധാരണകൾ മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

ഇത്തരത്തിൽ പരിഗണിക്കാവുന്ന മറ്റു ആശയങ്ങൾ ഏതെല്ലാം? കണ്ടെത്തുക.

- ജീവികൾ
- വീട്
- കൃഷി
- കളി
-
-

കണ്ടെത്തിയ ആശയങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യാവുന്ന വിവിധ വിഷയസാധ്യതകൾ പരിശോധിക്കുക.

ഒന്ന്, രണ്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ വിശകലനം ചെയ്ത് അവയിൽ പ്രയോജനപ്പെടുത്തിയിട്ടുള്ള ആശയങ്ങളും അതിലൂടെ നേടിയെടുക്കേണ്ട ധാരണകളും കണ്ടെത്തി എഴുതുക.

ഈ രീതിയുടെ മേന്മകൾ എന്തെല്ലാം?

- തീമുമായി ബന്ധപ്പെട്ട ആശയങ്ങൾ കൂടുതൽ ആഴത്തിൽ ലഭിക്കുന്നു.
- സമയലാഭം
- അറിവ് അതിന്റെ സ്വാഭാവികരീതിയിൽ ലഭിക്കുന്നു.
-
-

കൂടുതൽ കൂട്ടിച്ചേർക്കൂ.

■ ക്ലാസിൽ നടന്ന ചർച്ചകളുടെയും വായനയുടെയും അടിസ്ഥാനത്തിൽ 'ഉദ്ഗ്രഥിത സമീപനത്തിന്റെ പ്രാധാന്യം പ്രൈമറിക്ലാസുകളിൽ' എന്ന വിഷയത്തിൽ ലേഖനം തയാറാക്കുക.

*വ്യാകരണം പഠിക്കണം. അതിലൂടെ മാത്രമെ ഭാഷ പഠിക്കാൻ പറ്റുകയുള്ളൂ*

ഈ അഭിപ്രായത്തോടുള്ള പ്രതികരണം ക്ലാസിൽ ചർച്ച ചെയ്യുക.

യോജിക്കുന്നവർ എത്രപേർ? എന്തുകൊണ്ട്?

യോജിക്കാത്തവരോ? എന്തുകൊണ്ട്?

നിങ്ങൾ മാതൃഭാഷ പഠിച്ചതു വ്യാകരണം പഠിച്ചിട്ടാണോ?

വ്യാകരണം ഏറെ പഠിച്ചിട്ടും മാതൃഭാഷയല്ലാത്ത ഭാഷകളിൽ ആത്മവിശ്വാസം ലഭിക്കാത്തതെന്തുകൊണ്ട്?

ചെറിയ കുട്ടികൾ ഭാഷ പെട്ടെന്ന്തന്നെ പഠിക്കുന്നതെങ്ങനെ?

മൂന്നു വയസ്സായ ഒരു കുട്ടി പറയാൻ സാധ്യതയുള്ള വാക്യങ്ങൾ ഏതെല്ലാം?

'ഞാനിന്ന് അമ്മേടെ കൂടെ സ്കൂളിൽ വരും.' ഈ വാക്യം പറയുന്ന കുട്ടിയുടെ വ്യാകരണപരമായ തിരിച്ചറിവുകൾ എന്തെല്ലാം?

കുട്ടിക്ക് ഈ തിരിച്ചറിവുകൾ ഉണ്ടായതെങ്ങനെ?

എങ്കിൽ വ്യാകരണം സംബന്ധിച്ച് നമ്മുടെ നിലപാടുകൾ എന്തായിരിക്കണം?

ക്ലാസിൽ ചർച്ച ചെയ്യൂ.

ചർച്ചയുടെ ഭാഗമായി താഴെ തന്നിരിക്കുന്ന ഗദ്യഭാഗംകൂടി വായിക്കൂ.

*വ്യാകരണപഠനം എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. വ്യാകരണം നേരിട്ടു പഠിപ്പിക്കണമെന്നും അത്തരം പഠനമാണ് ഭാഷാവികാസത്തെ സഹായിക്കുകയെന്നും ശക്തമായ അഭിപ്രായമുണ്ട്. എന്നാൽ മൂന്നു വയസ്സായ കുട്ടി വ്യാകരണത്തെറ്റില്ലാതെ ഭാഷ പ്രയോഗിക്കുന്നു. കുട്ടിയെ വ്യാകരണം പഠിപ്പിച്ചത് ആരാണ് ? വാക്യങ്ങളിലെ വ്യാകരണം സ്വയം തിരിച്ചറിഞ്ഞ് പ്രയോഗിക്കുകയും ഭാഷാപരമായ തെറ്റുകൾ സ്വയം കണ്ടെത്താൻ അവസരമൊരുക്കുകയും ചെയ്യുന്ന വിധത്തിലുള്ള പ്രയോഗവ്യാകരണമാണ് നല്ലത് എന്ന ശക്തമായ മറ്റൊരു വാദവുമുണ്ട്.*

*വ്യാകരണം പഠിക്കുന്നത് എന്തിനാണ്?*

*ഭാഷാപ്രയോഗം ഏറ്റവും മികച്ചതാക്കുന്നതിനാണ്. ചെറിയ അക്ഷരത്തെറ്റുകൾപോലും അർഥപരമായി വലിയ മാറ്റമുണ്ടാക്കും, ആശയപരമായ മാറ്റമുണ്ടാക്കും. പദങ്ങൾ തമ്മിൽ ചേരുമ്പോൾ, പദങ്ങൾ പിരിച്ചെഴുതുമ്പോൾ, ഘടകപദങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തുമ്പോൾ ....തുടങ്ങി ഭാഷാപ്രയോഗത്തിന്റെ വ്യത്യസ്ത സന്ദർഭങ്ങളിൽ കൃത്യതയും സൂക്ഷ്മതയും ആശയത്തികവും വരുത്താൻ വ്യാകരണം സംബന്ധിച്ച കാര്യങ്ങൾ കുട്ടികൾ അറിയേണ്ടതുണ്ട്.*

താഴെ തന്നിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

ഗോകുൽ പന്ത് കളിച്ചു.

രാധ മഞ്ഞവസ്ത്രം ധരിച്ചു.

സോമൻ വേഗത്തിൽ ഓടി.

മുകളിൽ തന്നിരിക്കുന്ന വാക്യങ്ങളിൽ പ്രവൃത്തി ചെയ്യുന്നവർ ആരെല്ലാം?

ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തികൾ എന്തെല്ലാം?

അവർ ചെയ്യുന്ന പ്രവൃത്തികളുടെ ഫലം അനുഭവിക്കുന്നത് ആരെല്ലാം/ എന്തെല്ലാം?

മഞ്ഞ, വേഗത്തിൽ എന്നീ പദങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

കണ്ടെത്തിയ ആശയങ്ങൾക്കൊപ്പം താഴെ തന്നിരിക്കുന്ന സൂചനകൾ കൂടി വായിക്കുക.

*പ്രവൃത്തി ചെയ്യുന്ന ആളെ സൂചിപ്പിക്കുന്ന പദമാണ് ആ വാക്യത്തിലെ കർത്താവ്. ചെയ്യുന്ന പ്രവൃത്തി അഥവാ ജോലി എന്താണോ അതിനെ ക്രിയ എന്നു പറയുന്നു.*

*കർത്താവ് ചെയ്യുന്ന ക്രിയയുടെ ഫലം അനുഭവിക്കുന്നത് ആരാണോ അഥവാ എന്താണോ ആ പദം കർമ്മം.*

*ഒരു നാമത്തെയോ ക്രിയയെയോ വിശേഷിപ്പിക്കുന്ന പദമാണ് വിശേഷണം.*

കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മുകളിൽ നൽകിയിരിക്കുന്ന വാക്യങ്ങളിലെ കർത്താവ്, കർമ്മം, ക്രിയ, വിശേഷണം എന്നിവ കണ്ടെത്തുക. കണ്ടെത്തൽ ക്ലാസിൽ അവതരിപ്പിക്കുക.

- നാലാം ക്ലാസിലെ ഏതെങ്കിലും ഒരു ഗദ്യഭാഗത്തിലെ ഒരു ഖണ്ഡിക പരിശോധിച്ച് അവയിലെ വാക്യങ്ങളിലടങ്ങിയിരിക്കുന്ന കർത്താവ്, കർമ്മം, ക്രിയ, വിശേഷണം എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുക. പൊതുവായി അവതരിപ്പിച്ച് മെച്ചപ്പെടുത്തുക.

**സന്ധി**

സന്ധി എന്ന പദത്തിനു ചേർച്ച എന്നർഥം.അക്ഷരങ്ങളോ വർണങ്ങളോ തമ്മിൽ ചേരുമ്പോൾ അവയ്ക്ക് പലതരത്തിൽ മാറ്റം വരുന്നു. ഇത്തരം മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് സന്ധിപ്രകരണം.

*സന്ധികൾ പ്രധാനമായും നാലുതരം*

**1. ലോപസന്ധി**

ലോപിക്കുക എന്നാൽ ഇല്ലാതാകുക. അക്ഷരങ്ങളോ വർണങ്ങളോ തമ്മിൽ ചേരുമ്പോൾ ഒരു വർണം ഇല്ലാതാകുന്നതാണ് ലോപസന്ധി.

ഉദാ കാറ്റ് + ഇല്ല = കാറ്റില്ല
തണുപ്പ് + ഉണ്ട് = തണുപ്പുണ്ട്.

**2. ആഗമസന്ധി**

അക്ഷരങ്ങളോ വർണങ്ങളോ തമ്മിൽ ചേരുമ്പോൾ ഒരു വർണം കൂടുതലായി വരുന്നതാണ് ആഗമസന്ധി.

ഉദാ മറ + ഇല്ല = മറയില്ല
തിരു + ഓണം = തിരുവോണം
മല + ആളം = മലയാളം

**3. ദ്വിത്വസന്ധി**

അക്ഷരങ്ങളോ വർണങ്ങളോ തമ്മിൽ ചേരുമ്പോൾ ഒരു വർണം ഇരട്ടിക്കുന്നതാണ് ദ്വിത്വസന്ധി.

ഉദാ മഴ + കാലം = മഴക്കാലം
കിളി + കൂട് = കിളിക്കൂട
പൂ + തട്ടം = പൂത്തട്ടം

**4. ആദേശസന്ധി**

അക്ഷരങ്ങളോ വർണങ്ങളോ തമ്മിൽ ചേരുമ്പോൾ ഒരു വർണത്തെ മാറ്റി മറ്റൊരു വർണം വരുന്നതാണ് ആദേശസന്ധി.

ഉദാ: വിൺ + തലം = വിണ്ടലം
വലഞ് + തു = വലഞ്ഞു
എൺ + നൂറ് = എണ്ണൂറ്

*വിശദമായ പഠനത്തിന് കേരളപാണിനീയം എന്ന പുസ്തകം നോക്കുക.*

**ശബ്ദവിഭാഗം**

ഒരു അർഥത്തെ കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിന് 'ശബ്ദം' എന്നു പേരു പറയുന്നു.

മല= മ്+അ+ ല്+ അ
പാറ=പ്+ആ+റ്+അ

പ്രയോഗസജ്ജമായ ശബ്ദത്തിന് 'പദം' എന്നു പറയുന്നു

1 മഴ, നാരങ്ങ, പുഴ, മരം....

2 ഉം, അല്ലെങ്കിൽ, എങ്കിൽ, ഛേ.....

മുകളിൽ തന്നിരിക്കുന്ന രണ്ടു കൂട്ടം ശബ്ദങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ടോ? എന്തെല്ലാം?

കേൾക്കുമ്പോൾത്തന്നെ സ്വതന്ത്രമായ ഒരർഥം ലഭിക്കുന്ന ശബ്ദങ്ങളെ 'വാചകം' എന്നും സ്വന്തമായി അർഥം ലഭിക്കാത്ത എന്നാൽ മറ്റുള്ള പദങ്ങൾക്കൊപ്പം പ്രയോഗിക്കുമ്പോൾ അർഥവിശേഷം പ്രകടമാക്കുന്ന ശബ്ദങ്ങളെ 'ദ്യോതകം' എന്നും പറയുന്നു

മുകളിൽ തന്നിരിക്കുന്നവയിൽ നിന്ന് വാചകം, ദ്യോതകം എന്നിവ കണ്ടെത്തുക.

1 എണ്ണ, വെള്ളം, പഴം, ഞാൻ, പുസ്തകം, വാഹനം....

2 വരുന്നു, പോകുന്നു, ഇരിക്കുന്നു, നടക്കുന്നു, ഓടുന്നു, തരും.....

3 വെളുത്ത, ഭംഗിയുള്ള, സുന്ദരൻ.....

മുകളിൽ തന്നിരിക്കുന്ന പദക്കൂട്ടങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തൂ.

അവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നത് എങ്ങനെ?

*ഒരു വസ്തുവിന്റെയോ സ്ഥലത്തിന്റെയോ പേരിനെ കുറിക്കുന്ന വാചകത്തിന് നാമം എന്നും ഒരു പ്രവൃത്തി (ക്രിയ)യെ സൂചിപ്പിക്കുന്ന വാചകത്തിന് കൃതി എന്നും ഗുണത്തെ സൂചിപ്പിക്കുന്ന വാചകം ഭേദകം എന്നും അറിയപ്പെടുന്നു.*

ചർച്ചയുടെ അടിസ്ഥാനത്തിൽ മുകളിൽ നൽകിയിട്ടുള്ള പദക്കൂട്ടങ്ങളെ നാമം, കൃതി, ഭേദകം എന്നിങ്ങനെ തരം തിരിക്കുക.

ദ്യോതകങ്ങളെ നിപാതം, അവ്യയം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

### നാമം

നാമങ്ങളെ എങ്ങനെയെല്ലാം തരംതിരിക്കാം?

ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം തുടങ്ങിയവ സൂചിപ്പിക്കുന്നതെന്തിനെയെല്ലാം?

കേരളപാണിനീയമോ മറ്റു വ്യാകരണഗ്രന്ഥങ്ങളോ വായിച്ച് മലയാളത്തിലെ നാമവിഭാഗങ്ങൾ എന്ന കുറിപ്പ് തയാറാക്കുക. ഉദാഹരണസഹിതം ചാർട്ടുകളോ അവതരണങ്ങളോ ഡിജിറ്റൽതയാറാക്കി ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്യൂ.

അവതരണത്തിനുവേണ്ടി താഴെ തന്നിരിക്കുന്ന ആശയങ്ങൾകൂടി ചർച്ച ചെയ്യുക.

- കൊമ്പനാന - പിടിയാന
- ആൺകുട്ടി - പെൺകുട്ടി
- പൂവൻകോഴി - പിടക്കോഴി
- അച്ഛൻ - അമ്മ
- മടിയൻ - മടിച്ചി

ഈ പദജോഡികളുടെ പ്രത്യേകതയെന്ത്?

- നാമപദങ്ങളിൽ ആൺ, പെൺ വ്യത്യാസം കുറിക്കാൻ സ്വീകരിക്കുന്ന മാർഗങ്ങൾ എന്തെല്ലാം?
- ആൺ, പെൺ വ്യത്യാസമില്ലാത്ത നാമങ്ങൾ ഉണ്ടോ? അവ പരിഗണിക്കുന്നതെങ്ങനെ?

താഴെ തന്നിരിക്കുന്ന പദജോഡികളുടെ പ്രത്യേകതകൾ ചർച്ച ചെയ്യുക

- ആൺകുട്ടി, ആൺകുട്ടികൾ
- മിടുക്കൻ, മിടുക്കർ, മിടുക്കന്മാർ

ഏകവചനങ്ങളും ബഹുവചനങ്ങളും നിർമ്മിക്കാൻ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ എന്തെല്ലാം?

### കൃതി

ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ സൂചിപ്പിക്കുന്ന ക്രിയാപദമാണ് കൃതി.

ക്രിയകളെ പൊതുവെ താഴെ കാണുന്ന രീതിയിൽ തരംതിരിക്കാം.

**സകർമ്മകം - അകർമ്മകം**

കർമ്മം ഇല്ലാത്ത ക്രിയകൾ അകർമ്മകക്രിയകൾ ഉദാ: ഉറങ്ങുക, കുളിക്കുക
കർമ്മം ഉള്ളവ സകർമ്മകക്രിയകൾ ഉദാ: കുടിക്കുക, മുറിക്കുക, എഴുതുക.....

**കേവലം-പ്രയോജകം**

പ്രേരണാർഥം വരാത്ത ക്രിയകൾ കേവലക്രിയ. ഉദാ: ഓടുന്നു, നടക്കുന്നു....
പ്രേരണാർഥം വരുന്ന ക്രിയകൾ പ്രയോജകക്രിയകൾ ഉദാ: തീറ്റുന്നു, ഉറക്കുന്നു

**കാരിതം - അകാരിതം**

കേവലക്രിയയിൽ 'ക്കു' എന്നു ചേർന്നുവരുന്ന ക്രിയകൾക്ക് കാരിതക്രിയ എന്നു പറയുന്നു ഉദാ: കേൾക്കുന്നു, പറക്കുന്നു, ഇടിക്കുന്നു.
കേവലക്രിയയിൽ 'ക്കു' ആവശ്യമില്ലാത്ത ക്രിയകളെ അകാരിതക്രിയകൾ എന്നു പറയുന്നു ഉദാ: അരിയുന്നു, മറയുന്നു, പെയ്യുന്നു....

**മുറ്റുവിന-പറ്റുവിന**

അന്വയിക്കുമ്പോൾ മറ്റു പദങ്ങൾക്കു കീഴടങ്ങാതെ, ആശ്രയിക്കാതെ നിൽക്കുന്ന ക്രിയയാണ് മുറ്റുവിന ഉദാ: ചെയ്യുന്നു, ഉണ്ടു, പോകണം....
അന്വയിക്കുമ്പോൾ മറ്റു പദങ്ങൾക്കു കീഴടങ്ങുന്ന ക്രിയ പറ്റുവിന ഉദാ: ചെയ്യുന്ന, പറയുന്ന, പോകുന്ന

'വിന' എന്ന പദത്തിന് ക്രിയ എന്ന് അർഥം.

പറ്റുവിനയെ പേരെച്ചം എന്നും വിനയെച്ചം എന്നും തരംതിരിക്കാം.

ഒരു നാമത്തിനു കീഴടങ്ങുന്ന പറ്റുവിനയെ പേരെച്ചം എന്നു പറയുന്നു. ഉദാ: കണ്ട സിനിമ

ഒരു ക്രിയയ്ക്ക് കീഴടങ്ങുന്ന പറ്റുവിനയെ വിനയെച്ചം എന്നു പറയുന്നു. ഉദാ: ചെന്നുപറഞ്ഞു

- ■ മലയാളത്തിലെ ക്രിയാവിഭാഗങ്ങളുടെ സ്ലൈഡ് തയാറാക്കുക

**താഴെ തന്നിരിക്കുന്ന വാക്യങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തുക.**

- അച്ഛൻ ഇന്നലെ വീട്ടിൽ വരും.
- നാളെ ലോകകപ്പ് ഫൈനൽ മത്സരം നടന്നു.
- ഇപ്പോൾ ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ക്രിക്കറ്റ് മത്സരം നടന്നു.

മെച്ചപ്പെടുത്തിയതെങ്ങനെ?

വാക്യങ്ങളിലെ പിഴവുകൾ എന്തായിരുന്നു?

സമയഭേദം, കാലഭേദം കാണിക്കാൻ ക്രിയയിൽ വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.

ഉദാഹരണസഹിതം പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യുക.

**ഭേദകം**

ഭേദകം എന്നാൽ ഭേദിപ്പിക്കുന്നത് അഥവാ വിശേഷിപ്പിക്കുന്നത് എന്ന് അർഥം കൽപ്പിക്കാം. അതിനാൽ ഭേദകത്തിന് വിശേഷണം എന്നും പറയുന്നു.

നാമത്തെ വിശേഷിപ്പിക്കുന്ന ശബ്ദത്തിന് നാമവിശേഷണം എന്നും ക്രിയയെ വിശേഷിപ്പിക്കുന്ന ശബ്ദത്തിന് ക്രിയാവിശേഷണം എന്നും പറയുന്നു.

താഴെ തന്നിരിക്കുന്ന വാക്യങ്ങളിൽനിന്ന് നാമവിശേഷണം, ക്രിയാവിശേഷണം എന്നിവ കണ്ടെത്തി എഴുതുക.

അയാൾ ഭംഗിയുള്ള പൂക്കളെ നോക്കിനിന്നു.

കുട്ടി വേഗത്തിൽ ഓടി.

കുട്ടി മനോഹരമായി പാട്ട് പാടി.

മുറ്റത്തു നിൽക്കുന്ന ചുവന്ന പൂവ്.

ആകാശം കറുത്ത കുടയായി മാറി.

ഗാന്ധിജി തിരഞ്ഞത് ഒരു ചെറിയ പെൻസിലായിരുന്നു.

നഗരങ്ങളിൽ കാണുന്നത് വലിയ വീടുകളാണ്.

**താഴെ തന്നിട്ടുള്ള വാക്യങ്ങൾ ഉചിതമായ പ്രത്യയങ്ങൾ ചേർത്ത് പൂരിപ്പിക്കുക.**

- ഞാൻ പരീക്ഷാഫലത്തെക്കുറിച്ച് ഇന്ന് അമ്മ.. സംസാരിച്ചു.
- ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ദക്ഷിണാഫ്രിക്ക.... തോല്പിച്ചു.
- ഗീത... പേന കളഞ്ഞുപോയി.
- രാധ അവളുടെ പേന ഗോപിക...നൽകി.
- പന്ത് കുട്ടി...എറിയപ്പെട്ടു.

നിങ്ങൾ പൂരിപ്പിച്ച പ്രത്യയങ്ങൾ ഏതെല്ലാം?

പൊതുവായി അവതരിപ്പിക്കുക.

ഒറ്റയ്ക്കു നിൽക്കുമ്പോൾ അർഥമില്ലാത്തതും പദങ്ങളോട് ചേർന്നു നിൽക്കുമ്പോൾ അർത്ഥവ്യക്തത വരുന്നതുമായ ശബ്ദങ്ങളാണ് പ്രത്യേയങ്ങൾ.

നിങ്ങൾ പ്രത്യയം ചേർത്ത പദം ഏതു വിഭാഗത്തിൽപ്പെടുന്നു?

പ്രത്യയം ചേർത്ത പദത്തിനു ശേഷം വരുന്ന പദങ്ങൾ ഏതു വിഭാഗത്തിൽപ്പെടുന്നു?

നാമപദവും നാമപദവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നതിനായി ഉപയോഗിച്ച പ്രത്യയമേത്?

ഇത്തരം പ്രത്യയങ്ങൾ ചേർത്തില്ലെങ്കിൽ വാക്യങ്ങൾക്ക് സംഭവിക്കുന്നതെന്ത്?

നിങ്ങളുടെ കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യുക.

ചർച്ചകൾക്കു സഹായകമായി താഴെ തന്നിരിക്കുന്ന കുറിപ്പ് വായിക്കുക.

### വിഭക്തിപ്രകരണം

മറ്റു പദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനായി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് 'വിഭക്തി' എന്നു പറയുന്നത്. ഏഴു വിഭക്തികളാണുള്ളത്.

| വിഭക്തി | പ്രത്യയം |
|---|---|
| *നിർദേശിക (കർത്താവിനെ കുറിക്കുന്നു)* | *ഇല്ല* |
| *പ്രതിഗ്രാഹിക (കർമ്മത്തെ കുറിക്കുന്നു)* | *എ* |
| *സംയോജിക* | *ഓട്* |
| *ഉദ്ദേശിക* | *ക്ക്,ന് (ഉ്)* |
| *പ്രയോജിക* | *ആൽ* |
| *സംബന്ധിക* | *ഉടെ* |
| *ആധാരിക* | *ഇൽ, കൽ* |

*ഒന്നൊഴികെ എല്ലാ വിഭക്തികളും നാമവും ക്രിയയും തമ്മിലുള്ള ബന്ധം കാണിക്കുമ്പോൾ ഒരു വിഭക്തി മാത്രം നാമത്തിന് നാമവുമായുള്ള ബന്ധം കാണിക്കുന്നു. മുകളിൽ തന്നിരിക്കുന്ന ഉദാഹരണങ്ങളിൽ നിന്ന് ആ വിഭക്തി ഏതാണെന്നു കണ്ടെത്തുക.*

### സമാസം

സമാസം എന്നാൽ എന്ത്?
സമാസിക്കുക എന്നാൽ കൂട്ടിച്ചേർക്കുക എന്നാണർഥം.

താഴെ തന്നിരിക്കുന്ന പദജോഡികളിലെ പ്രത്യേകതകൾ ചർച്ച ചെയ്യുക.

| | | |
|---|---|---|
| നദിയുടെ തീരം | → | നദീതീരം |
| പശുവിന്റെ കുട്ടി | → | പശുക്കുട്ടി |
| ചേങ്കിലയുടെ മുഴക്കം | → | ചേങ്കിലമുഴക്കം |
| മാനസമാകുന്ന മന്ദിരം | → | മാനസമന്ദിരം |
| ഹോമത്തിനുള്ള പുര | → | ഹോമപ്പുര |
| യന്ത്രത്തെക്കുറിച്ചുള്ള ഭ്രാന്ത് | → | യന്ത്രബ്ഭ്രാന്ത് |
| മനസ്സിന്റെ കരുത്ത് | → | മനക്കരുത്ത് |

ഇത്തരത്തിൽ പദങ്ങൾ ചേർത്തെഴുതുന്നതുകൊണ്ടുള്ള പ്രയോജനമെന്ത്?
പ്രയോഗഭംഗി കൂടുതൽ ഏതിനാണ്?

അർഥത്തിനു കൂടുതൽ കൃത്യത വരുന്നത് എപ്പോഴാണ്?

*വിഭക്തിപ്രത്യയങ്ങളുടെ സഹായം കൂടാതെ ശബ്ദങ്ങളെ ചേർത്തെഴുതുന്നതിനാണ് സമാസം എന്നു പറയുന്നത്. സമാസിച്ചെഴുതുമ്പോൾ മുന്നിലുള്ള പദത്തിന് പൂർവപദമെന്നും പിന്നിലുള്ളതിനെ ഉത്തരപദമെന്നും പറയുന്നു. ചേർത്തെഴുതിയ പദത്തിന് സമസ്തപദം എന്നു പറയുന്നു.*

*സമസ്തപദങ്ങളെ പ്രത്യയങ്ങളുപയോഗിച്ച് വികസിപ്പിച്ചെഴുതുന്നതിന് വിഗ്രഹിക്കുക എന്നാണ് പറയുന്നത്.*

*ഇത്തരത്തിൽ പദങ്ങൾ ചേർത്തെഴുതുന്നതും വിഗ്രഹിച്ചെഴുതുന്നതും എന്തിനാണ്?*

- *പദങ്ങളുടെ അർഥത്തിലുണ്ടാകുന്ന ആശങ്ക ഒഴിവാക്കാൻ*

*ഉദാ- കറുത്ത പശുവിന്റെ കുട്ടി. ഇവിടെ സ്വാഭാവികമായ സംശയം പശുവാണോ കുട്ടിയാണോ കറുത്തത് എന്നാണ്. എന്നാൽ അവ ചേർത്ത് കറുത്ത പശുക്കുട്ടി എന്നെഴുതുമ്പോൾ ആ സംശയം മാറിക്കിട്ടുന്നു.*

- *പദത്തിന് കൂടുതൽ ഗാംഭീര്യം കിട്ടാൻ*

*ചേങ്കിലയുടെ മുഴക്കം എന്നതിനേക്കാൾ ഗാംഭീര്യം ലഭിക്കുന്നത് ചേങ്കിലമുഴക്കം എന്നു പ്രയോഗിക്കുമ്പോഴാണ്.*

- *പദത്തിനു ഭംഗി കൂട്ടാൻ*

*മാനസമാകുന്ന മന്ദിരം → മാനസമന്ദിരം*

***ഘടകപദങ്ങളുടെ പ്രാധാന്യമനുസരിച്ച് സമാസങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.***

- *തൽപ്പുരുഷസമാസം → ഉത്തരപദാർഥപ്രധാനം*

*പദങ്ങൾ സമാസിച്ചെഴുതുമ്പോൾ ഉത്തരപദത്തിനു പ്രാധാന്യം വരുന്നത് തൽപ്പുരുഷ സമാസം.*

*ഉദാ തലയിലെ വേദന → തലവേദന*

- *ബഹുവ്രീഹി സമാസം*

*സമാസിക്കുമ്പോൾ അന്യപദാർഥത്തിന് പ്രാധാന്യം വരുന്നത് ബഹുവ്രീഹി സമാസം*

*ഉദാ: താമരയുടെ കണ്ണുകളോടുകൂടിയവൻ താമരക്കണ്ണൻ ഇവിടത്തെ അർഥം ശ്രീകൃഷ്ണൻ*

- *ദ്വന്ദ്വസമാസം*

*രണ്ടുഘടകപദങ്ങൾക്കും തുല്യപ്രാധാന്യം വരുന്നത് ദ്വന്ദ്വസമാസം*

*ഉദാ അച്ഛനമ്മമാർ → അച്ഛനും അമ്മയും.*

*ഇവ കൂടാതെ അവ്യയീഭാവസമാസം, ദ്വിഗുസമാസം എന്നിവയുമുണ്ട്. അവ സംസ്കൃത സമാസങ്ങളാണ്.*

*കൂടുതൽ വിശദാംശങ്ങൾക്ക് ഏ.ആർ രാജരാജവർമ്മയുടെ കേരളപാണിനീയം എന്ന പുസ്തകം വായിക്കുക.*

ഉപന്യാസമെഴുതുമ്പോൾ കുട്ടികൾക്ക് സാധാരണ സംഭവിക്കാറുള്ള കുറവുകൾ എന്തെല്ലാം? കുറിച്ചു നോക്കൂ....

- അക്ഷരത്തെറ്റ്
- വാക്യഘടന ശരിയാവുന്നില്ല.
- ആശയം വ്യക്തമാകുന്നില്ല.
- ഖണ്ഡികാകരണം നടത്തുവാൻ പ്രയാസപ്പെടുന്നു.
- ആശയം വ്യക്തമാകത്തക്ക വിധം ശരിയായ ചിഹ്നങ്ങൾ ചേർക്കാൻ കഴിയുന്നില്ല.
-
-
-
-

ഒരു അധ്യാപിക എന്ന നിലയിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങൾക്കുള്ള നിർദേശങ്ങൾ എഴുതൂ.

അവ ക്ലാസിൽ ചർച്ച ചെയ്യൂ.

**ചിഹ്നം**

ഏതൊരു കുറിപ്പും അർഥപൂർണമായിരിക്കണമെന്നതു നിർബന്ധമാണ്. അർഥം, ആശയം, വികാരം എന്നിവ വായനക്കാരിലേക്കു പകരാൻ ഓരോ സന്ദർഭത്തിനും യോജിച്ച ചിഹ്നം ചേർക്കുകതന്നെ വേണം. പ്രധാന ചിഹ്നങ്ങൾ താഴെ ചേർക്കുന്നു.

(.) പൂർണവിരാമം ഒരു വാക്യം പൂർണമാകുമ്പോൾ ചേർക്കുന്നു. പൂർണമായ നിറുത്തലിനെ കാണിക്കുന്നു.

(;) അർധവിരാമം ഒരു വാക്യത്തിൽ രണ്ടു പ്രധാനാശയങ്ങൾ വരുമ്പോൾ ഒന്ന് കഴിയുമ്പോൾ ചേർക്കുന്നത് (അംഗിവാക്യങ്ങളെ വേർതിരിച്ചു കാണിക്കുവാൻ ഉപയോഗിക്കുന്നു)

(:) ഭിത്തിക സമപ്രധാനമായ രണ്ടു വാക്യങ്ങൾക്കിടയിൽ ചേർക്കുന്നു.

('....') ഉദ്ധരണി രചയിതാവിന്റേതല്ലാതെ മറ്റ് ആരുടെയെങ്കിലും സംഭാഷണശകലങ്ങൾ എടുത്തെഴുതുമ്പോൾ

(,) അൽപ്പവിരാമം (അങ്കുശം) ഒന്നിലധികം നാമങ്ങൾ, വസ്തുതകൾ എന്നിവ പറയുമ്പോൾ അൽപ്പമായ നിറുത്തലിനെ കാണിക്കുമ്പോൾ

(?) കാകു ചോദ്യവാക്യങ്ങൾക്കൊടുവിൽ ചേർക്കുന്നത്

(!) ആശ്ചര്യചിഹ്നം അവിശ്വസനീയമായ, അത്ഭുതകരമായ ആശയങ്ങൾ സൂചിപ്പിക്കുന്ന വാക്യങ്ങൾക്കൊടുവിൽ ചേർക്കുന്നത്.

(-) ശൃംഖല ഒരു പദത്തെ മുറിച്ച് രണ്ടു വരികളിലായി എഴുതുമ്പോൾ

(-) രേഖ സംക്ഷേപിച്ചു പറഞ്ഞതിനെ വിവരിക്കുമ്പോൾ

**ഖണ്ഡികാകരണം**

കുട്ടികൾക്ക് പ്രയാസം നേരിടുന്ന മറ്റൊരു മേഖലയാണ് ഖണ്ഡികാകരണം. ചിലർ ആദ്യം മുതൽ അവസാനം വരെ ഒറ്റ ഖണ്ഡികയായി എഴുതുന്നു. ചിലർ അഞ്ചോ ആറോ വാക്യം കഴിയുമ്പോൾ അടുത്ത ഖണ്ഡിക എഴുതാൻ തുടങ്ങുന്നു. ഇവ രണ്ടും ശരിയല്ല. ഓരോ ഖണ്ഡികയിലും ഓരോ പ്രധാന ആശയമാണ് വരേണ്ടത്. അതിനായി ചില പരിശീലനങ്ങൾ കുട്ടികൾക്കു നൽകുകതന്നെ വേണം. ഉദാഹരണമായി 'വാഹനാപകടങ്ങളുടെ കാരണങ്ങളും പരിഹാരമാർഗങ്ങളും' എന്ന വിഷയത്തിൽ ലേഖനം തയാറാക്കണമെന്നു കരുതുക. കാരണങ്ങളുടെ ഒരു പട്ടിക മനസ്സിൽ തയാറാക്കാം. അല്ലെങ്കിൽ ആമുഖത്തിൽത്തന്നെ ചേർക്കാം.

**കാരണങ്ങൾ**

അശ്രദ്ധ
റോഡ് നിയമങ്ങൾ പാലിക്കാതിരിക്കൽ,
കാൽനടയാത്രക്കാർ
മദ്യപിച്ച് വാഹനമോടിക്കൽ
നിയമങ്ങൾ പാലിക്കാതെയുള്ള വാഹനം ഓടിക്കൽ.
റോഡുകളുടെ അവസ്ഥ
പരിഹാരമാർഗങ്ങൾ

ഇത്തരത്തിൽ രേഖപ്പെടുത്തിയതിനു ശേഷം ഓരോ ആശയവും തീരുന്ന മുറയ്ക്ക് അടുത്ത ആശയവുമായി ബന്ധപ്പെട്ട ഖണ്ഡിക തുടങ്ങാം. ഇത്തരത്തിൽ പരിശീലിക്കുകയാണെങ്കിൽ ഖണ്ഡികാകരണത്തിൽ വരുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ കഴിയും.

### എഡിറ്റിംഗ് / മെച്ചപ്പെടുത്തൽ

സ്വന്തം രചനകളായാലും കുട്ടികളുടെ രചനകളായാലും സ്വയം മെച്ചപ്പെടുത്താനുള്ള കഴിവിനൊപ്പം മറ്റുള്ളവരുടെ രചനകൾ മെച്ചപ്പെടുത്താനുള്ള കഴിവും ഓരോ വ്യക്തിയും നേടിയിരിക്കണം. മെച്ചപ്പെടുത്തൽ പല തലത്തിലുണ്ട്.

**അക്ഷരതലം:** കുട്ടികൾ വരുത്തുന്ന അക്ഷരത്തെറ്റുകളാണ് ഒന്നാമത്തേത്. ക്ലാസിൽ പൊതുവായി വരുത്തുന്ന തെറ്റുകൾ അധ്യാപിക ശരിയായ പദം ബോർഡിൽ എഴുതിയോ മറ്റു കുട്ടികളുടെ സഹായത്താലോ മെച്ചപ്പെടുത്താം. കൂടുതൽ കുട്ടികൾ തെറ്റു വരുത്തുന്നുണ്ടെങ്കിൽ അവയുടെ കാരണങ്ങൾ കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. പദത്തെക്കുറിച്ചുള്ള ധാരണക്കുറവ്, ശരിയായ ഉച്ചാരണശീലത്തിന്റെ അഭാവം, പ്രാദേശികഭാഷാ പ്രയോഗത്തിന്റെ സ്വാധീനം എന്നിവയൊക്കെ ഇതിനു കാരണമായേക്കാം.

**പദതലം:** ശരിയായ പദം ഉപയോഗിക്കാൻ കഴിയാതിരിക്കൽ. അർഥപരമായി വ്യത്യാസമുള്ള പദങ്ങൾ ഉപയോഗിക്കൽ. ക്ലാസിൽ പൊതുവായി ചർച്ച ചെയ്തും കുട്ടികളുമായി നേരിട്ടു സംസാരിച്ചും ഈ പ്രശ്നങ്ങൾ പരിഹരിക്കാം.

**വാക്യതലം:** വാക്യഘടന പാലിക്കാതെയുള്ള രചനകളാണിത്. വാക്യം ശരിയാക്കുക മാത്രമല്ല മെച്ചപ്പെടുത്തുന്ന വ്യക്തി ചെയ്യേണ്ടത്. വാക്യത്തിലെ പദങ്ങളുടെ ഘടന മാറ്റാം. ആവശ്യമെങ്കിൽ പുതിയ പദങ്ങൾ ചേർക്കാം. ചില പദങ്ങൾ ഒഴിവാക്കാം. ഇത്തരത്തിൽ വാക്യത്തെ ശക്തിപ്പെടുത്തുന്നതാണ് വാക്യതലത്തിലെ മെച്ചപ്പെടുത്തൽ.

### ആശയതലത്തിലെ മെച്ചപ്പെടുത്തൽ

ആശയങ്ങൾ ഏറ്റവും കുറഞ്ഞ വാക്യങ്ങളിൽ വായനക്കാരന്റെ മനസ്സിൽ തറപ്പിക്കുക എന്നതാണ് ഏതൊരു കുറിപ്പിന്റെയും ലക്ഷ്യം. ഇതിനായി ആശയതലത്തിൽ മെച്ചപ്പെടുത്തൽ വേണ്ടിവരും. വാക്യങ്ങൾ സ്ഥാനംമാറ്റൽ, ചില വാക്യങ്ങൾ ഒഴിവാക്കൽ, പുതിയ വാക്യങ്ങൾ, പദങ്ങൾ എന്നിവ ചേർക്കൽ എന്നിവയിലൂടെ ആശയത്തെ ശക്തിപ്പെടുത്താം.

ഒരു അധ്യാപിക ചെയ്ത പ്രവർത്തനം നോക്കൂ. ക്ലാസിലെ വൈവിധ്യമാർന്ന ചർച്ചകൾക്കുശേഷം അധ്യാപിക കുട്ടികൾക്ക് വ്യക്തിഗതമായി കവിത രചിക്കാനുള്ള അവസരം നൽകി. മഴക്കാലവുമായി ബന്ധപ്പെട്ട കവിതയാണ് എഴുതേണ്ടത്. ഒരു കുട്ടി എഴുതിയത് ഇപ്രകാരമായിരുന്നു.

> എല്ലാ പുഴയും കരകവിഞ്ഞു
>
> എല്ലാ വയലും കതിരണിഞ്ഞു.

അധ്യാപിക മെച്ചപ്പെടുത്തിയത് ഇങ്ങനെയായിരുന്നു.

> പുഴയായ പുഴയെല്ലാം കരകവിഞ്ഞു
>
> വയലായ വയലെല്ലാം കതിരണിഞ്ഞു.

ഇവിടെ വരികൾക്കുണ്ടായ മാറ്റമെന്ത്?പലരും ചെയ്യുന്നതുപോലെ അക്ഷര,പദതലങ്ങളിലെ തെറ്റുകൾ കേവലമായി തിരുത്തലല്ല എഡിറ്റിംഗ് അഥവാ മെച്ചപ്പെടുത്തിലാണ്.

ഒരു അധ്യാപിക എന്ന നിലയിൽ എഡിറ്റിംഗിനായി നിങ്ങൾ സ്വീകരിക്കുന്ന മാർഗങ്ങൾ എന്തെല്ലാമായിരിക്കും? കുറിക്കൂ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കൂ. നിങ്ങളുടെ കൂട്ടുകാരുടെ രചനകൾ ഈ കാഴ്ചപ്പാടുകൾക്കനുസരിച്ച് മെച്ചപ്പെടുത്തി നോക്കൂ.

**പ്രതിഫലനങ്ങളും തിരിച്ചറിവുകളും**

ഈ യൂണിറ്റ് വായിച്ചതിന്റെയും വിശകലനം ചെയ്തതിന്റെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന ചോദ്യങ്ങളോട് പ്രതികരിച്ചു നോക്കൂ.

1. ആശയാവതരണരീതി സ്വീകരിച്ചതിന്റെ യുക്തി വിശദമാക്കുക.
2. രണ്ടാം ക്ലാസിലേക്ക് അനുയോജ്യമായ ഒരു തീം നിർദേശിച്ച്, അതിലൂടെ പരിസരപഠനം, ഭാഷ എന്നിവയുടെ ഏതെല്ലാം ആശയങ്ങൾ കുട്ടികൾക്കു നൽകാൻ കഴിയുമെന്ന് വിശദീകരിക്കുക.
3. മൂന്നു വയസായ ഒരു കുട്ടി പറയുന്ന വാക്യങ്ങളിൽ ഭൂതകാലവും, വർത്തമാനകാലവും, ഭാവികാലവും കൃത്യമായി കടന്നു വരുന്നു. ഇത് വ്യാകരണം പഠിച്ചതുകൊണ്ട് സംഭവിച്ചതല്ല. വ്യാകരണ പഠനത്തിന്റെ എന്ത് സൂചനയാണ് ഈ ഉദാഹരണം നൽകുന്നത്?
4. ടീച്ചർ വേർഷനുകൾ തയാറാക്കണമെന്നു പറയുന്നത് എന്തിനാണ്?
5. പ്രൈമറി ക്ലാസിലെ കേരളപാഠാവലികൾ പരിശോധിച്ച് അവയിൽ വ്യാകരണ വിശേഷങ്ങൾ പരിചയപ്പെടുത്താൻ എന്തൊക്കെ പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ടെന്ന് പട്ടികപ്പെടുത്തി ഈ യൂണിറ്റ് ആ പ്രവർത്തനം നടത്താൻ നിങ്ങളെ സഹായിക്കുമോ എന്ന് വിലയിരുത്തി പറയുക.

**ഈ യൂണിറ്റിൽ നിന്നും എനിക്കുണ്ടായ ധാരണകളും തിരിച്ചറിവുകളും**

**സ്വയം വിലയിരുത്തൽ സൂചിക**

| നമ്പർ | സൂചകപ്രസ്താവനകൾ | പൂർണ്ണതോതിൽ | ഭാഗികമായി | ഇനിയും വ്യക്തത വരുത്തണം |
|---|---|---|---|---|
| 1. | ഒന്ന്, രണ്ട് ക്ലാസുകളിലെ മാതൃഭാഷാ പഠനത്തെക്കുറിച്ചുള്ള ധാരണകൾ എനിക്കു ലഭിച്ചിട്ടുണ്ട്. | | | |
| 2. | ഉദ്ഗ്രഥിത സമീപനം എന്ന ആശയം അതിന്റെ പ്രാധാന്യം ബോധ്യപ്പെട്ടു. | | | |
| 3. | ഉദ്ഗ്രഥിത രീതിയിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്താനുള്ള കഴിവ് ലഭിച്ചു. | | | |
| 4. | വ്യാകരണ പഠനത്തിൽ സ്വീകരിച്ചിരിക്കുന്ന ആധുനിക രീതികളെക്കുറിച്ചുള്ള ധാരണകൾ ഉണ്ട്. | | | |
| 5. | കുട്ടി ഭാഷയിൽ വരുത്തുന്ന തെറ്റുകളോടുള്ള സമീപനവും തിരുത്തൽ രീതിയും തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| 6. | സർഗാത്മക രചനകളുടെ തിരുത്തലും മെച്ചപ്പെടുത്തലും എങ്ങനെയെന്ന് തിരിച്ചറിഞ്ഞു. | | | |

മുകളിൽ നൽകിയ സൂചകങ്ങൾക്കനുസരിച്ച് നിങ്ങളുടെ ധാരണകളെ റേറ്റ് ചെയ്യുക. ഭൂരിപക്ഷം പേരും ഇനിയും വ്യക്തത വരുത്തണമെന്ന സൂചനയാണ് നൽകുന്നതെങ്കിൽ ആ ഭാഗങ്ങൾ വീണ്ടും ചർച്ചയ്ക്കു വിധേയമാക്കുക.

# യൂണിറ്റ് - 2

# പ്രൈമറിക്ലാസ്സിലെ വിദ്യാലയ അനുഭവ പരിപാടി

**ആമുഖം**

ഉയർന്നഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുക എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. ഓരോ കുട്ടിയിലും അന്തർലീനമായ പ്രതിഭയും കഴിവുമുണ്ട്. ഈ സാധ്യതകൾ കണ്ടെത്തി കുട്ടിയെ മുന്നോട്ടു നയിക്കുന്നതാകണം വിദ്യാഭ്യാസം. കുട്ടിയുടെ നാനാമുഖ വളർച്ചയായിരിക്കണം ടീച്ചർ ലക്ഷ്യം വയ്ക്കേണ്ടത്.

ഫലപ്രദമായി ആശയവിനിമയം നടത്താനുള്ള ശേഷി നേടുക എന്നതാണ് ഭാഷാപഠനത്തിന്റെ പ്രധാന ലക്ഷ്യം. ആശയവിനിമയത്തിന് ആംഗ്യം, നിറം, ചിത്രം, പ്രതീകങ്ങൾ എന്നിവ പ്രയോജനപ്പെടുത്താമെങ്കിലും വാചികമായും ലിഖിതരൂപത്തിലും പഠിതാക്കൾക്ക് ഈ ശേഷി നേടിക്കൊടുക്കുക എന്നത് ബോധനത്തിന്റെ പ്രധാന ലക്ഷ്യമായി അധ്യാപകർ തിരിച്ചറിയണം. ഒഴുക്കോടെ, കൃത്യത പാലിച്ച്, ഔചിത്യപൂർവം ആശയവിനിമയം നടത്തുന്നതിനെയാണ് ഫലപ്രദമായ ആശയവിനിമയം എന്നുപറയുന്നത്. സംശയവും ഭയവുമില്ലാതെ ഭാഷ ഉപയോഗിക്കാനാവുമ്പോഴാണ് ഒഴുക്കുണ്ടാവുക. വ്യാകരണനിയമങ്ങൾ ഉൾക്കൊള്ളാനാവുമ്പോൾ ഭാഷയ്ക്ക് കൃത്യത വരും. സന്ദർഭത്തിനനുസരിച്ച് ഭാഷ ഉപയോഗിക്കാൻ കഴിയുമ്പോൾ ഔചിത്യത്തോടെ ഭാഷ പ്രയോഗിക്കുന്നു എന്ന് പറയാം.

ഏതൊരു ഭാഷയും ഒരു വൈജ്ഞാനിക സംസ്കൃതിയെ പ്രതിനിധാനം ചെയ്യുന്നുണ്ട്. പ്രസ്തുത ഭാഷ ഉപയോഗിച്ചുവരുന്ന ഒരു ജനതയുടെ സവിശേഷമായ ചിന്തകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഉൾക്കൊള്ളുന്നതായിരിക്കും ആ സംസ്കൃതി. സമൂഹത്തോടൊപ്പം ഭാഷയും ഭാഷയോടൊപ്പം സമൂഹവും വളരുന്നു എന്നു പറയുന്നതിന്റെ പൊരുൾ സംസ്കൃതിയുമായി കെട്ടുപിണഞ്ഞ് കിടക്കുന്നുണ്ട്. ആ നിലയ്ക്ക് നോക്കുമ്പോൾ ഭാഷാപഠിതാക്കൾ ഭാഷയോടൊപ്പം സംസ്കാരപഠനംകൂടി നടത്തുന്നുണ്ട്. ജൈവവും സമ്പന്നവുമായ ഭാഷകൾക്ക് പിന്നിൽ ജൈവവും സമ്പന്നവുമായ ഒരു സംസ്കാരം കൂടിയുണ്ടാവും.

ഭാഷാപഠനത്തിൽ അവഗണിക്കാനാവാത്ത ഒരു ഘടകമാണ് ആസ്വാദനതലം. പഠിതാക്കളുടെ സൗന്ദര്യബോധവും സൗന്ദര്യാത്മകമൂല്യങ്ങളും പരിപോഷിപ്പിക്കുന്നതിൽ ഭാഷയ്ക്കു പങ്കുണ്ട്. സാഹിത്യ രചനകൾ അർഥപൂർണമായി വായിക്കാനാവുമ്പോഴാണ് ആസ്വാദനം നടക്കുന്നത്. കഥകളും കവിതകളും നോവലുകളും നാടകങ്ങളും വായിക്കുന്നതിലൂടെയാണ് ഏതൊരാളുടെയും ഭാഷ സർഗാത്മക വളർച്ചയുടെയും വികാസത്തിന്റെയും ഭിന്നതലങ്ങൾ പ്രാപിച്ചു മുന്നോട്ടുപോകുന്നത്. അതിനാൽ ഭാഷാധ്യാപകർ തങ്ങളുടെ പഠിതാക്കൾക്ക് ആസ്വാദനത്തിനുള്ള അവസരങ്ങൾ ഒരുക്കുന്നതിൽ വീഴ്ച്ച വരുത്തരുത്. സാഹിത്യ പഠനം സാംസ്കാരിക കൈമാറ്റത്തിനും, സർഗാത്മക വികാസത്തിനും, വ്യക്തിത്വ വികാസത്തിനും കാരണമാകുന്നു. ഉത്തമ രചനകൾ മാനവിക മൂല്യങ്ങൾ കുട്ടിയിൽ അറിയാതെ വളർത്തും. ഭാഷാധ്യാപനത്തിന്റെ സമീപനങ്ങളുടേയും രീതികളുടേയും പ്രായോഗിക പരിശീലനമാണ് ഈ യൂണിറ്റിൽ നിന്നും ലഭിക്കുക.

**യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ....**

2-1 അധ്യാപകരും നൈതികതയും

2-2 അധ്യാപനം തൊഴിൽപരമായ ധാർമ്മികത

2-3 അധ്യാപനം എന്ന കല

2-4 അധ്യാപന നൈപുണികൾ

2-5 മലയാള ഭാഷാധ്യാപനം

2-6 വിദ്യാലയാനുഭവ പരിപാടി

2-7 ബോധനശാസ്ത്രപരമായ അപഗ്രഥനം

2-8 സൂക്ഷ്മതല പാഠാസൂത്രണം - മാതൃക

2-9 വിലയിരുത്തൽ എന്ത്? എന്തിന്? എങ്ങനെ?

വിലയിരുത്തൽ രീതികൾ

സ്കോറിംങ് രീതികൾ

സർഗാത്മക കഴിവുകളുടെ വിലയിരുത്തൽ

2-10 പ്രതിഫലനാത്മക ചിന്താക്കുറിപ്പുകൾ

2-11 വിദ്യാലയാനുഭവ പരിപാടിയുടെ മുന്നൊരുക്കം

വിശകലനാത്മക വിലയിരുത്തൽ

വിദഗ്ധരുടെക്ലാസുകൾ

ടീച്ചർ എജുക്കേറ്റർമാരുടെ ക്ലാസുകൾ

സഹപഠിതാവിന്റെ ക്ലാസ്സ്

2-12 ഭാഷാ ക്ലാസ്സിലെ പഠനോപകരണങ്ങൾ (TLM)

2-13 ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ

2-14 ദിനാചരണങ്ങളും ഭാഷാർജനവും

2-15 വിദ്യാലയാനുഭവ പരിപാടി - പിന്തുണാ സംവിധാനങ്ങൾ - മെന്റർ ടീച്ചർ

2-16 വിദ്യാലയാനുഭവ പരിപാടിയുടെ വിലയിരുത്തൽ

എന്നീ മേഖലകളിൽ ധാരണകൾ നേടുന്ന പ്രവർത്തനങ്ങളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുന്നത്.

## 2-1 അധ്യാപകരും നൈതികതയും

അധ്യാപകരെ സ്നേഹാദരങ്ങളോടെ മാത്രം കാണുന്ന പാരമ്പര്യമാണ് നമ്മുടേത്. മറ്റു തൊഴിലുകളിൽ നിന്ന് ഭിന്നമായി അധ്യാപകരുടെ ഈ നില അവരിൽ വലിയ ഉത്തരവാദിത്വമാണ് ഉണ്ടാക്കുന്നത്.അതുകൊണ്ടുതന്നെ നൈതികതയിലൂന്നി നിന്നുകൊണ്ട് സ്വന്തം തൊഴിലുമായി ബന്ധപ്പെട്ട ചില പെരുമാറ്റ മര്യാദകൾ അധ്യാപകർ പാലിക്കേണ്ടതുണ്ട്. കുട്ടികളുടെ വികസനാവശ്യങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം ഇതെന്ന പൊതു കാഴ്ചപ്പാടിലുറച്ചു നിന്നുകൊണ്ടാണ് ഈ വിഷയത്തെക്കുറിച്ച് ആലോചിക്കേണ്ടത്.

- നിങ്ങളുടെ സ്കൂൾ പഠനകാലത്ത് നിങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച അധ്യാപകൻ/ അധ്യാപിക ആരായിരുന്നു. എന്താണ് സ്വാധീനിക്കാൻ കാരണം ?
- അധ്യാപനം മറ്റു തൊഴിലുകളിൽനിന്നും വ്യത്യസ്തമാണ്. അധ്യാപകന് സമൂഹത്തിൽ ഉയർന്ന സ്ഥാനമാണ് കല്പിക്കുന്നത് .എന്തുകൊണ്ട്?
- അധ്യാപകർ കുട്ടികൾക്ക് മാതൃകയാവേണ്ടവരാണ്? എങ്ങനെ?
- "തോക്കുപിടിച്ചൊരു കൈയിന്റെ പിന്നിലും
  ചോക്കുപിടിച്ചൊരു കൈയുണ്ട്" ഈ കവിത നൽകുന്ന സന്ദേശമെന്ത്?

ഈ ചോദ്യങ്ങളോട് നിങ്ങളുടെ പ്രതികരണങ്ങൾ ക്ലാസ്സിൽ ചർച്ചചെയ്യൂ. ക്രോഡീകരണം കുറിപ്പുരൂപത്തിൽ എന്റെ മലയാളം ഡയറിയിൽ എഴുതു.

## 2-2 അധ്യാപനം തൊഴിൽപരമായ ധാർമ്മികത

കവിതയിലെ വരികളിലൂടെ പുലാക്കാട്ട് രവീന്ദ്രൻ മുന്നോട്ടുവെക്കുന്ന ആശയമെന്താണെന്ന് നിങ്ങൾ ചർച്ചചെയ്തില്ലേ? ഏതൊരു മനുഷ്യന്റെയും വളർച്ചയ്ക്കു മുന്നിൽ അവന് ആദ്യപാഠങ്ങൾ പകർന്നു നൽകിയ ഒരധ്യാപകനോ അധ്യാപികയോ ഉണ്ടാവും. സാമൂഹ്യനന്മക്കുവേണ്ടി പ്രവർത്തിക്കുന്ന നല്ല മനുഷ്യരെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസം കൊണ്ട് സാധിക്കേണ്ടത്. അതുകൊണ്ടാണ് അധ്യാപകരെ സാമൂഹ്യനിർമ്മിതിയുടെ രൂപകർത്താക്കളായി (സോഷ്യൽ എഞ്ചിനീയർ) വിശേഷിപ്പിക്കുന്നത്.

മഹത്തായ ഈ തൊഴിൽ നിർവ്വഹിക്കാൻ അധ്യാപകർ പാലിക്കേണ്ട ചില ധാർമ്മിക നിയമസംഹിതകളുണ്ട്. സെമസ്റ്റർ രണ്ടിലെ കരിക്കുലം പേപ്പറിലെ (പാഠ്യപദ്ധതിയും ജനാധിപത്യവിദ്യാഭ്യാസവും) രണ്ടാമത്തെ യൂണിറ്റ് 'പാഠ്യപദ്ധതിയും അധ്യാപകരും' എന്നതായിരുന്നല്ലോ? അത് റഫറൻസിങ്ങ് മെറ്റീരിയലായി ഉപയോഗിച്ച് കുറിപ്പുകൾ തയാറാക്കി താഴെ പറയുന്ന പ്രസ്താവനകൾ ക്ലാസ്സിൽ ചർച്ചചെയ്യു.

ജനാധിപത്യവിദ്യാഭ്യാസത്തിൽ അധ്യാപരുടെ പങ്ക്.

വിദ്യാർത്ഥികളോടുള്ള ഉത്തരവാദിത്ത്വം.

രക്ഷിതാക്കളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വം.

അധ്യാപകന്റെ തൊഴിൽ പരമായ ധാർമ്മികത.

അധ്യാപകർക്കുവേണ്ട നൈപുണികൾ.

ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങൾ എന്തൊക്കെ? ജനാധിപത്യ വിദ്യാഭ്യാസത്തിൽ അധ്യാപകരുടെ പങ്ക് എന്താണ്? ഇടപെടുന്ന ഓരോ വിഭാഗങ്ങളോടും അധ്യാപകരുടെ ഉത്തരവാദിത്വങ്ങളെന്ത്? ഇവ ക്രോഡീകരിച്ച് നോട്ടു പുസ്തകത്തിൽ ലഘു കുറിപ്പുകളായി എഴുതിയോ? താഴെ പറയുന്ന ആശയങ്ങൾ നിങ്ങളുടെ ക്രോഡീകരണത്തിലുണ്ടോ ?

**വിദ്യാർഥികളോടുള്ള ഉത്തരവാദിത്ത്വങ്ങൾ**

- എല്ലാ വിദ്യാർത്ഥികളോടും സ്നേഹവാത്സല്യത്തോട പെരുമാറുക.
- ജാതി, മതം, വർഗം, വർണം, സാമ്പത്തികസ്ഥിതി, ഭാഷ, ലിംഗം, ജന്മസ്ഥലം, എന്നീ പരിഗണനകളില്ലാതെ നീതി, പക്ഷപാതരാഹിത്യം എന്നീ മൂല്യങ്ങളെ ബഹുമാനിക്കുക.
- സ്കൂൾ ജീവിതത്തിന്റെ എല്ലാ തലത്തിലും വിദ്യാർഥിയുടെ വ്യക്തിത്വം മാനിക്കുക.
- ഓരോ കുട്ടിയുടെയും ആന്തരികശേഷികളും, പ്രതിഭയും പ്രാവർത്തികമാക്കാനുള്ള ആസൂത്രിതവും ചിട്ടപ്പെടുത്തിയതുമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
- ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും, മനോഭാവങ്ങളും, ഉൾക്കൊള്ളുന്ന വിധത്തിലാവണം പാഠ്യപദ്ധതി വിനിമയം ചെയ്യേണ്ടത്.
- വിദ്യാർഥികളുടെ ആവശ്യങ്ങൾ അനുസരിച്ച് അധ്യാപനരീതി പരിഷ്കരിക്കുക.
- കുട്ടികൾ നൽകുന്ന വ്യക്തിപരമായ വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുകയും ആ വിവരങ്ങൾ നിയമപരമായി കൈമാറാവുന്നവർക്കുമാത്രം നൽകുകയും ചെയ്യുക
- കുട്ടികളെ ഭയപ്പെടുത്തുക, ഉൽക്കണ്ഠാകുലരാക്കുക, ശാരീരികമായി ശിക്ഷിക്കുക, മാനസികവും വൈകാരികവുമായി പീഡിപ്പിക്കുക എന്നിവയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക.
- എല്ലാവിധ ചൂഷണങ്ങളിൽ നിന്നും കുട്ടിയെ സംരക്ഷിക്കുക.
- സഹരക്ഷിതാവാവുക

**രക്ഷിതാക്കളോടുള്ള ഉത്തരവാദിത്ത്വങ്ങൾ**

- മാതാപിതാക്കളോടും രക്ഷാകർത്താക്കളോടും വിനയപൂർവ്വമുള്ള ബന്ധം സ്ഥാപിക്കുക.
- വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള വിദ്വേഷവും ശത്രുതയും വളർത്തുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുക.
- വിദ്യാലയവികസനപ്രവർത്തനങ്ങളിൽ സമൂഹത്തെ പങ്കാളികളാക്കുക.
- രക്ഷിതാക്കളുടെ കഴിവുകളെ ബഹുമാനിക്കുക.പ്രാദേശിക വിഭവങ്ങളും, മനുഷ്യ വിഭവങ്ങളും പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജനപ്പെടുത്തുക. പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക
- വിദ്യാലയാനുഭവ പരിപാടിക്കുമുമ്പ് ഇക്കാര്യങ്ങൾ മനസ്സിൽ വയ്ക്കണം.

## 2-3 അധ്യാപനം എന്ന കല

"വിവിധ ഗ്രന്ഥകാരന്മാരിൽ നിന്നും സൊരുക്കൂട്ടിയ പദങ്ങളുടെയും വാക്യങ്ങളുടെയും ആശയങ്ങളുടെയും ശേഖരം കുട്ടികളുടെ തലയിൽ കുത്തി നിറയ്ക്കലല്ല ശരിയായ വിദ്യാഭ്യാസം. മറിച്ച് അവരുടെ അറിയാനുള്ള കഴിവിനെ പുറംലോകത്തേക്ക് തുറന്നുവയ്ക്കലാണ്. അങ്ങനെ ചെയ്താൽ ഒരു മരത്തിലെ മുകുളത്തിൽ നിന്നും ഇലകളും, പൂക്കളും കായ്കളും പുറപ്പെടുന്നതു പോലെ അവരുടെ മനസ്സിൽ നിന്നും ജീവസ്സുള്ള ഒരു ജലപ്രവാഹം തന്നെ നിർഗളിക്കും."

- കൊമേനിയസ്സ്

- എന്താണ് അധ്യാപനം?, ആരാണ് അധ്യാപകൻ? മുകളിലെ ഉദ്ധരണിയുടെ വെളിച്ചത്തിൽ പ്രതികരണങ്ങൾ കുറിക്കു.
- അധ്യാപനം കലയാണോ ശാസ്ത്രമാണോ? നിങ്ങളുടെ അഭിപ്രായം കുറിക്കു. അതിന്റെ യുക്തിയും വിശദമാക്കണം.

ഓരോ കുട്ടിയുടെയും കഴിവുകളും, പഠനരീതികളും, പഠന വേഗതയും വ്യത്യസ്തമാണ്. അത് തിരിച്ചറിഞ്ഞ് ഉചിതമായ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി ഓരോ കുട്ടിക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്ന ജോലിയാണ് അധ്യാപകന്/ അധ്യാപികയ്ക്ക് നിർവ്വഹിക്കാനുള്ളത്. ഭാഷാധ്യാപികയ്ക്ക് കുട്ടിയുടെ സർഗശേഷികൾ തിരിച്ചറിയാനും അവയെ പ്രോത്സാഹിപ്പിച്ച് കുട്ടിക്ക് ആത്മവിശ്വാസം നൽകാനും കഴിയണം. കുട്ടികളുടെ വിവിധങ്ങളായ പ്രകടനങ്ങളും, രചനകളും വിലയിരുത്തി അവരെ മുന്നോട്ടുനയിക്കാൻ പ്രതിഭാശാലിയായ അധ്യാപകർക്ക് മാത്രമേ കഴിയൂ.

- എല്ലാ കലകൾക്കും ശാസ്ത്രീയമായ ചിട്ടപ്പെടുത്തലുണ്ടോ? നിങ്ങളുടെ അഭിപ്രായം പങ്കിടൂ.
- കലകൾക്ക് മാനവികത വളർത്തുന്നതിൽ പങ്കുണ്ടോ? എങ്കിൽ അധ്യാപനം എന്ന കലയും ഈ സാധ്യത നൽകുമോ?

**അധ്യാപനം - കലയും ശാസ്ത്രവും**

*ദർശനങ്ങളിലും ബോധനസമീപനങ്ങളിലും സംഭവിക്കുന്ന ദ്രുതമാറ്റങ്ങൾക്കനുസരിച്ച് നിരന്തരമായ അന്വേഷണങ്ങൾ നടത്താനും അനുയോജ്യമായ ബോധന സങ്കേതങ്ങൾ സ്വയം വികസിപ്പിക്കാനുമുള്ള ഗവേഷണസംസ്കാരം ആധുനികകാലത്തെ അധ്യാപകരിൽ വികസിക്കേണ്ടതുണ്ട്. ഈ അർഥത്തിൽ അധ്യാപനം ഒരു ശാസ്ത്രമാണ്. അന്വേഷണങ്ങൾ, പഠനങ്ങൾ എന്നിവ വഴി തിരിച്ചറിവുകൾ ആർജിക്കുകയും സ്വയം നവീകരിക്കുകയും ചെയ്യുകയെന്നത് അധ്യാപകരുടെ അനിവാര്യമായ ഒരു പ്രൊഫഷണൽ നൈപുണിയാണ്.*

*വൈവിധ്യമാർന്ന അഭിരുചികളും താൽപ്പര്യങ്ങളുമുള്ള കുട്ടികളുമായി ഹൃദയപൂർവം സംവദിക്കുക എന്നത് ഒരു സർഗപ്രക്രിയയാണ്. ഭാവനാത്മകമായ രീതികൾ കണ്ടെത്തി പ്രയോഗിക്കുന്നതിനുള്ള സർഗശേഷി അധ്യാപകർക്കുണ്ടാവണം. സംഗീതം, ചിത്രം, അഭിനയം, നിർമാണം തുടങ്ങിയ മേഖലകളിലെ കുട്ടികളുടെ രചനാ ശേഷികളും ആസ്വാദനശീലങ്ങളും കണ്ടറിഞ്ഞ് തന്റെ അധ്യാപന ഇടപെടലുകൾ സർഗാത്മകമാക്കാൻ അധ്യാപകർക്ക് കഴിയണം.*

**ഡി.എൽ.എഡ് കരിക്കുലം**

- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് കേരളത്തിൽ നടന്നു വരുന്ന പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം എന്ന പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസിൽ ചർച്ചചെയ്യുക.
- 'ടാലന്റ് ലാബ്' എന്ന പ്രവർത്തന പരിപാടികൊണ്ട് നാം ലക്ഷ്യം വയ്ക്കുന്നതെന്താണ്?
- ഡിഎൽ.എഡ് പാഠ്യപദ്ധതിയിലെ ആശയം വായിച്ചില്ലേ? 'അധ്യാപനം കലയോ ശാസ്ത്രമോ' എന്ന വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കൂ.

## 2-4 അധ്യാപന നൈപുണികൾ

രണ്ടാം സെമസ്റ്ററിലെ കരിക്കുലം പേപ്പറിൽ അധ്യാപന നൈപുണികളെക്കുറിച്ച് സൂചിപ്പിച്ചിരുന്നല്ലോ? ജനാധിപത്യപരമായ ക്ലാസ്സ് മുറി പ്രാവർത്തികമാക്കാൻ സവിശേഷമായിവേണ്ട നൈപുണികളെക്കുറിച്ച് ആ യൂണിറ്റിൽ ചർച്ച ചെയ്തിരുന്നു. വൈജ്ഞാനിക തലത്തിലും, സാമൂഹ്യ തലത്തിലും, സംഘാടനതലത്തിലും (മാനേജ്മെന്റ്) നിരവധി നൈപുണികൾ അധ്യാപകർ ആർജിക്കേണ്ടതുണ്ടെന്ന് ഈ യൂണിറ്റ് ആശയങ്ങൾ ക്രോഡീകരിക്കുമ്പോൾ മനസ്സിലാക്കാം.

? വൈജ്ഞാനിക നൈപുണികൾ എന്തൊക്കെയാണ്?

സാമൂഹ്യതലത്തിലുള്ള ഇടപെടലിന് അധ്യാപകർക്ക് എന്ത് നൈപുണികൾ ഉണ്ടായിരിക്കണം?

ഒരു നല്ല അധ്യാപികയാകാൻ ഏതൊക്കെ ഘടകങ്ങളെ ഫലപ്രദമായി മാനേജ് ചെയ്യണം. നിങ്ങളുടെ അഭിപ്രായങ്ങൾ കുറിക്കുക. തുടർന്ന് ഒരിക്കൽ കൂടി ആ അധ്യായം ഗ്രൂപ്പിൽ ചർച്ച ചെയ്ത് നിങ്ങളുടെ കുറിപ്പുകളുമായി തട്ടിച്ചുനോക്കൂ.

ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ക്ലാസിൽ

- കളികൾ, അഭിനയക്കളരികൾ, പ്രശ്നപരിഹരണപ്രവർത്തനങ്ങൾ, സർഗാത്മക പ്രകടനങ്ങൾ എന്നിങ്ങനെയുള്ള സങ്കേതങ്ങൾ പ്രയോജനപ്പെടുത്തണം അതിനാൽ ഇത്തരം തന്ത്രങ്ങളും സമീപനങ്ങളിലെ ധാരണയും അതു നടത്താനുള്ള നൈപുണികളും അധ്യാപകർ വളർത്തണം
- ഭാഷയിൽ വായനയേയും എഴുത്തിനേയും കേന്ദ്രീകരിച്ചുള്ള രചനാശില്പശാലകൾ സംഘടിപ്പിക്കേണ്ടി വരും.
- ഒരു വിഷയത്തെ /സംഭവത്തെ കേന്ദ്രീകരിച്ച് ബഹുവിധശേഷികൾ ആർജിക്കുന്ന രീതി ക്ലാസിൽ നടപ്പാക്കണം.

ഇതിനുപരിയായി അധ്യാപകർക്ക് മറ്റ് ഏതൊക്കെ നൈപുണികൾ വേണം? ഡിഎൽഎഡ് കരിക്കുലത്തിൽ അധ്യാപകനൈപുണികളും മനോഭാവങ്ങളും എന്ന ഭാഗത്ത് താഴെ പറയുന്ന ആശയങ്ങൾ പങ്കുവയ്ക്കുന്നു.

**സ്വതന്ത്രമായ അധ്യാപനശൈലിയുടെ വികാസം**

- നിലവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള മനശ്ശാസ്ത്രപരവും ദാർശനികവുമായ കാഴ്ചപ്പാടുകളിൽ ഊന്നി നിന്നുകൊണ്ട്, നൂതനവും ഗവേഷണാത്മകവുമായ പ്രായോഗിക അനുഭവങ്ങളിലൂടെ കടന്നുപോയി സ്വതന്ത്രമായ അധ്യാപനശൈലി വികസിപ്പിക്കുക.

**തൊഴിൽ പരമായ മികവുകളുടെ പ്രകാശനവും വ്യാപനവും**

- എല്ലാ കുട്ടികളുടെയും സമഗ്രവികാസത്തിന് ഊന്നൽ നൽകാനും മികവുകൾ പ്രകടിപ്പിക്കാനും പഠനപ്രക്രിയയിൽ അവസരം നൽകണം.

- പിന്തുണാ സംവിധാനങ്ങളെക്കുറിച്ച് അറിവുണ്ടായിരിക്കണം.
- സ്വന്തം പ്രവർത്തനങ്ങൾ വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള സന്നദ്ധതയുണ്ടാവണം.
- ജീവിതകാലം മുഴുവൻ പഠിക്കുന്നതും പ്രൊഫഷണൽ വികാസം നേടുന്നതും സ്വന്തം ചുമതലയാണെന്നു തിരിച്ചറിയണം
- ആവശ്യാനുസരണം, റഫറൻസിനായി വിവരശേഖരണം നടത്തുന്നതിനുള്ള ശേഷിയും മനോഭാവവും ആർജിക്കണം

**വിജ്ഞാന സമ്പാദനവും പ്രായോഗിക മാതൃകകളുടെ രൂപീകരണവും**

- സ്കൂൾതലത്തിലെ എല്ലാ പഠനവിഷയങ്ങളിലുമുള്ള വിജ്ഞാനവും, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ശേഷിയും പ്രധാനമാണ്. ഇതോടൊപ്പം വിഷയ സമീപനങ്ങളും, ബോധന സിദ്ധാന്തങ്ങളും, പഠനോപകരണങ്ങളുണ്ടാക്കാനുള്ള ധാരണകളും, വിവര സാങ്കേതികവിദ്യയിൽ നൈപുണിയും, ഫലപ്രദമായ ആശയ വിനിമയത്തിനുള്ള ഭാഷാ നൈപുണിയും നേടണം.

**ബോധനശാസ്ത്രപരമായ ശേഷിയും മനോഭാവങ്ങളും**

- പാഠ്യപദ്ധതിവിനിമയത്തിന് യോജിച്ച പഠനസാമഗ്രികൾ, പഠനാനുഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണയും അവ തയാറാക്കുന്നതിനുള്ള നൈപുണിയും.
- വിവിധ വിഷയങ്ങളുടെ ബോധനരീതികളെക്കുറിച്ച് സമഗ്രമായ അറിവ്.
- പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സവിശേഷമായ രീതികൾ വികസിപ്പിക്കുന്നതിനുള്ള കഴിവ്.
- നിർദിഷ്ട സമയത്തിനുള്ളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനുള്ള ശേഷി.
- വിദ്യാർഥികളുടെ ഭിന്നനിലവാരം പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തി നടപ്പാക്കുന്നതിനുള്ള ശേഷി.
- വിദ്യാഭ്യാസലക്ഷ്യങ്ങൾ, പഠനനേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ.

**വിലയിരുത്തൽശേഷികൾ**

- നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ, അതു നടപ്പാക്കാനുള്ള സങ്കേതങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ, പ്രകടനങ്ങളും ഉല്പന്നങ്ങളും വിശകലനം ചെയ്ത് ഗുണാത്മക കുറിപ്പുകൾ തയ്യാറാക്കാനും പഠന വിടവുകൾ കണ്ടെത്തി പരിഹരിക്കാനുമുള്ള ശേഷികൾ

– വിദ്യാഭ്യാസ അവകാശ നിയമം

പൊതുവിൽ എല്ലാ വിഷയങ്ങൾക്കും ബാധകമായ നൈപുണികളാണ് ഇതുവരെ ചർച്ചചെയ്തത്. ഇതു കൂടാതെ ഓരോ വിഷയത്തിന്റേയും തനതായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ ആ വിഷയവുമായി ബന്ധപ്പെട്ട പ്രത്യേക നൈപുണികളും ഉണ്ടാവും? ഭാഷാധ്യാപികയ്ക്ക് എന്തൊക്കെ നൈപുണികളാണ് വേണ്ടത്?

### 2-5 മലയാള ഭാഷാധ്യാപനം

ഭാഷാധ്യാപനം എന്ന രണ്ടാം സെമസ്റ്ററിലെ യൂണിറ്റിൽ ഭാഷയിലെ അടിസ്ഥാനശേഷികൾ, അവ കുട്ടിയിലെത്തിക്കുന്നതിനുള്ള പഠന തന്ത്രങ്ങൾ എന്നിവ ചർച്ച ചെയ്തു. ഇപ്പോൾ നാം സ്വീകരിച്ചിരിക്കുന്നത് 'ആശയാവതരണ രീതി'യാണ്. സമൂഹം, വീട്, പൊതു ഇടങ്ങൾ എന്നിങ്ങനെ കുട്ടി ഇടപഴകുന്ന ഓരോ മേഖലയിൽ നിന്നും ധാരാളം അറിവുകൾ നിർമ്മിച്ചാണ് കുട്ടികൾ പ്രൈമറി വിദ്യാലയ

> *ആശവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. വിജ്ഞാനസ്വീകരണത്തിന്റെയും വിനിമയത്തിന്റെയും മാധ്യമം മറ്റൊന്നല്ല. മനുഷ്യവംശത്തിനു മാത്രമുള്ള അമൂല്യസ്വത്തായ ഭാഷയുടെ സ്വാംശീകരണം ഓരോ വ്യക്തിയും ജനനം മുതൽ ആരംഭിക്കുന്നു. ജീവിതപരിസരങ്ങളിൽ നിന്ന് ആർജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുത്തോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായി വിനിമയം ചെയ്യുന്നതിന് പര്യാപ്തമായിരിക്കണം. സ്വാഭാവിക സാഹചര്യങ്ങളിൽനിന്ന് ആർജിക്കുന്ന ഭാഷാശേഷികളെ നിശ്ചിതതലങ്ങളിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലയങ്ങളിൽ നടക്കുന്ന ഔപചാരിക പഠനത്തിലൂടെയാണ്. ഭാഷാപഠനം ഇതിന്അനുകൂലമായ രീതിയിലാണ് ക്രമീകരിക്കേണ്ടത്.*
>
> *– അധ്യാപകസഹായി*

ത്തിലെത്തുന്നത്. അവർ ആർജ്ജിച്ച അറിവുകളുടെ തുടർച്ചയാവണം വിദ്യാലയാനുഭവങ്ങൾ എന്ന കാഴ്ചപ്പാടാണ് ആശയാവതരണ രീതിയുടെ അടിസ്ഥാനം. ഇതിൽ പരിചയമുള്ള ആശയങ്ങൾ കഥയായും പാട്ടായും വിവരണമായും ക്ലാസ്സിൽ അവതരിപ്പിക്കുകയും അതിലെ പരിചിതങ്ങളായ വാക്യങ്ങൾ, പദങ്ങൾ ആ പദങ്ങളിലെ അക്ഷരങ്ങൾ എന്ന ക്രമത്തിലാണ് അക്ഷരധാരണ ഉറപ്പിക്കുന്നത്. കുട്ടി ഭാഷ നിർമ്മിക്കുന്നതിനുള്ള അവസരമാണ് ഭാഷാ ക്ലാസ്സിൽ ഒരുക്കുന്നത്. തെറ്റുമോ എന്ന ഭയം ഇല്ലാതാക്കി ആത്മവിശ്വാസത്തോടെ ശരിയിലേക്ക് നയിക്കപ്പെടുകയാണ് ചെയ്യുക. നാം നിത്യജീവിതത്തിൽ ഏർപ്പെടുന്ന ഓരോ പ്രവർത്തനത്തിലും ഗണിതവും, ഭാഷയും പരിസരപഠനവും സ്വാഭാവികമായി കടന്നു വരുന്നതുകാണാം. നാം കണക്കു ചെയ്യുന്നുവെന്നോ, ഭാഷ പഠിക്കുന്നു എന്നോ തിരിച്ചറിഞ്ഞല്ല നാം കണക്കു ചെയ്യുന്നതും ഭാഷ പ്രയോഗിക്കുന്നതും. ഒരു വിഷയവും ഒറ്റപ്പെട്ടു നിൽക്കുന്നില്ല. എല്ലാം സ്വാഭാവികമായി ഇടകലർന്നു വരുന്നു. ഈ ആശയമാണ് ഉദ്ഗ്രഥിത സമീപനം മുന്നോട്ടുവയ്ക്കുന്നത്. ആത്മവിശ്വാസത്തോടെ കുട്ടികൾ ക്ലാസിൽ ഇടപെടുമ്പോൾ പഠന സന്നദ്ധത വർദ്ധിക്കുന്നു. ക്ലാസിൽ വ്യത്യസ്ത നിലവാരക്കാരുണ്ടാവും. എല്ലാവർക്കും ഒരേ പ്രവർത്തനം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ പ്രക്രിയകളിൽ നിരന്തരം മാറ്റം വേണ്ടി വരും.ഓരോ പ്രവർത്തനം നടക്കുമ്പോഴും കുട്ടികൾ എങ്ങനെ പ്രതികരിക്കുന്നു? ലിഖിത രൂപങ്ങളിലെ അവസ്ഥയെന്താണ്? കുട്ടിയുടെ പ്രകടനപരമായ കഴിവുകൾ എത്രത്തോളം? എന്നിങ്ങനെ നിരന്തരം നിരീക്ഷിക്കണം. ഇത് വിശകലന വിധേയമാക്കുമ്പോൾ കുട്ടികളുടെ പഠനതടസ്സങ്ങളും, പഠനവിടവുകളും ബോധ്യപ്പെടും. അത് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്താണ് അടുത്ത ദിവസങ്ങളിലെ ക്ലാസ് ആസൂത്രണം നടത്തുക. ഇങ്ങനെ നിരന്തരം നവീകരിക്കുന്ന അധ്യാപകരെയാണ് നാം പ്രതീക്ഷിക്കുന്നത്.

**ഭാഷാക്ലാസ്സ് അധ്യാപിക**

*• നല്ല വായനക്കാരിയായിരിക്കണം. • കുട്ടികളുമായി ഇടപഴകാൻ ഇഷ്ടമുള്ളവരും നന്നായി പ്രസംഗങ്ങൾ, ഭാഷണങ്ങൾ മുതലായവ നടത്തുന്നതിന് പ്രാപ്തിയുള്ളവരുമായിരിക്കണം. • കുട്ടികളുടെ സംശയങ്ങൾ തീർത്തുകൊടുക്കുന്നവരുംഅവരെ അന്വേഷണാത്മകമായ വഴിയിലൂടെ നയിക്കാൻ കഴിവുള്ളവരുമാകണം. • അഭിനയം, ചിത്രംവര, കവിതാലാപനം എന്നിവയ്ക്ക് കഴിവുണ്ടാകണം. • കുട്ടികൾ എഴുതിത്തയാറാക്കിയവ മെച്ചപ്പെടുത്താനുള്ള മാർഗനിർദ്ദേശം നൽകാനും സ്വന്തമായി സർഗസൃഷ്ടി തയ്യാറാക്കാനും കഴിവുണ്ടാകണം.*

**KCF 2007**

കുട്ടിയുടെ ഭാഷാവികാസം വൈജ്ഞാനികവികാസവുമായും ചിന്താശേഷിയുടെ വളർച്ചയുമായും ബന്ധപ്പെട്ടാണിരിക്കുന്നത്. ഊഹിക്കുക, ഭാവനയിൽ കാണുക, പ്രവചിക്കുക, വിവരിക്കുക, വർണിക്കുക എന്നിങ്ങനെ പഠിതാവിന്റെ ചിന്താശേഷി ചടുലമായും സർഗാത്മകമായും ഉപയോഗപ്പെടുത്തുന്ന

തിന് അവസരം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് സാധിക്കണം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ സർഗാത്മകമായി ആവിഷ്ക്കരിക്കാനുള്ള സ്വാതന്ത്ര്യം അധ്യാപികയ്ക്ക് ഉണ്ടായിരിക്കണം.

- മറ്റുള്ളവർക്ക് മനസ്സിലാവുംവിധം ശുദ്ധവും സ്പഷ്ടവുമായി ശ്രവ്യവായന നടത്തൽ
- കേട്ട് മനസിലാക്കൽ
- വായിച്ച് ആശയം ഗ്രഹിക്കൽ
- ആസ്വദിക്കൽ
- ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ
- രചനകളുടെ അർഥതലങ്ങൾ വ്യാഖ്യാനിക്കൽ
- ആശയങ്ങളും അനുഭവങ്ങളും വൈവിധ്യമുള്ള മാധ്യമങ്ങളിൽ ആവിഷ്കരിക്കൽ
- സർഗാത്മകരചന നടത്തൽ
- പദാവലി വികസിപ്പിക്കൽ
- അക്ഷരബോധം
- സാഹിത്യരൂപങ്ങളെയും കലാരൂപങ്ങളെയും വിലയിരുത്തൽ
- ഐടി അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ച് വിവരശേഖരണം നടത്തൽ

ഈ മേഖലകളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ ഉണ്ടാക്കാൻ ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.

**ഭാഷാപഠനം പ്രൈമറിക്ലാസുകളിൽ**

*ഭാഷയുടെ സൗന്ദര്യവും ഓജസ്സും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുന്നതിനും കഴിയുന്ന ഭാഷാപഠനാന്തരീക്ഷമാണ് പ്രൈമറിക്ലാസുകളിൽ ഉണ്ടാകേണ്ടത്. വർത്തമാനപത്രങ്ങൾ മുതൽ വൈവിധ്യമാർന്ന സാഹിത്യകൃതികൾ വരെ ലഭ്യമാകുന്ന അച്ചടിസാമഗ്രികൾ കൊണ്ട് സമ്പന്നമായ അന്തരീക്ഷം (Print rich environment) സ്കൂളിലുണ്ടാവണം. ലളിതമായ ഭാഷാവ്യവഹാരരൂപങ്ങളും കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ മുതലായ സാഹിത്യരൂപങ്ങളും ഈ ഘട്ടത്തിൽ പരിചയപ്പെടുകയും സർഗാത്മകരചനകൾ നടത്തുകയും ചെയ്യണം. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടും സൂക്ഷ്മതയോടും ഉപയോഗിക്കുന്നതിനുള്ള ശേഷികളും നൈപുണികളും ഈ ഘട്ടത്തിൽ വികസിച്ചുവരണം.*

**- അധ്യാപകസഹായി**

- അധ്യാപക സഹായി, മറ്റ് വായനാസാമഗ്രികൾ എന്നിവ പരിശോധിച്ച് പരമാവധി പഠനതന്ത്രങ്ങൾ ലിസ്റ്റ് ചെയ്യുക? അവയിൽ ഭാഷാക്ലാസിൽ പ്രയോജനപ്പെടുത്താവുന്നവ ക്ലാസിൽ 'സിമുലേറ്റ്' ചെയ്തുനോക്കുക. അനുയോജ്യമായ പാഠങ്ങൾ തെരഞ്ഞെടുക്കാം. (പഠനതന്ത്രങ്ങൾക്ക് ഉദാ: പഠനയാത്ര, സെമിനാർ, സംവാദം, ചർച്ച, പ്രോജക്ട്, തിയ്യറ്റർ, സിനിമാ/ വീഡിയോ വിശകലനം...)

- ക്ലാസ് വിനിമയത്തിന്റെ നല്ല മാതൃകകളുടെ വീഡിയോ ശേഖരിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുക പഠനം ഏറ്റെടുക്കൽ ഘട്ടം, (പ്രശ്നാവതരണം) അന്വേഷണഘട്ടം (വിവരശേഖരണം) വിശകലനഘട്ടം, പഠനോൽപ്പന്നരൂപീകരണഘട്ടം, പങ്കിടൽഘട്ടം, മെച്ചപ്പെടുത്തൽഘട്ടം എന്നിങ്ങനെ പഠനം നടക്കുന്നതിന്റെ വിവിധ സന്ദർഭങ്ങളിൽ അധ്യാപികയുടെ ഇടപെടലും കൈത്താങ്ങും ചർച്ച ചെയ്യുക

- മലയാളം ക്ലാസിലെ പഠനോപകരണം എന്തൊക്കെയാവാം? ചർച്ച ചെയ്യുക.
- ക്ലാസ്സ് ലൈബ്രറിയിലേക്ക് സഹായകമായ ചില വായനാകാർഡുകൾ നിർമ്മിക്കുക? മാതൃകയായി 'മലയാളത്തിളക്കം' പോലുള്ള പരിപാടികളിൽ ഉപയോഗിച്ചവ പരിചയപ്പെടുത്തുക.

### 2-6 വിദ്യാലയാനുഭവ പരിപാടി

ഭാഷാബോധനവുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? ജൂലൈമാസത്തിൽ ഒരു വിദ്യാലയം തയ്യാറാക്കിയ പ്രവർത്തനകലണ്ടറിന്റെ ഒരുഭാഗം പരിശോധിക്കൂ.

| | |
|---|---|
| ജൂലൈ 1 തിങ്കൾ | ക്ലാസ്സ് 1 വീട് നല്ല വീട് പഠനപ്രവർത്തനങ്ങൾ<br>ക്ലാസ്സ് 2 എന്റെ കേരളം പഠനപ്രവർത്തനങ്ങൾ<br>ക്ലാസ്സ് 3 മാനത്തിന്റെ മടിത്തട്ടിൽ യൂണിറ്റ് തുടക്കം<br>ക്ലാസ്സ് 4 അമൃതം യൂണിറ്റ് തുടർച്ച |
| ജൂലൈ 2 ചൊവ്വ | വിദ്യാരംഗം ഉദ്ഘാടനം |
| ജൂലൈ 3 ബുധൻ | ജൂലൈ 5 ബഷീർ ചരമദിനംആസൂത്രണം & പോസ്റ്റർ പ്രചരണം |
| ജൂലൈ 5 വെള്ളി | ജൂലൈ 5 ബഷീർ ചരമദിനം ദിനാചരണം<br>അസംബ്ലി വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം<br>ബഷീർ കഥകൾ പരിചയപ്പെടുത്തൽ<br>വൈക്കം മുഹമ്മദ് ബഷീർ ഡോക്യുമെന്ററി പ്രദർശനം.<br>ബഷീർ പുസ്തകങ്ങളുടെ പ്രദർശനം<br>എസ്.ആർ.ജി മീറ്റിങ്ങ് |
| ജൂലൈ 6 ശനി | ടാലന്റ് ലാബ് ചിത്രരചനാ ശില്പശാല |
| ജൂലൈ 11 വ്യാഴം | PTA,SMC ജനറൽ ബോഡി യോഗം |

- ഒരു വിദ്യാലത്തിൽ നടക്കുന്ന ഏതൊക്കെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സൂചനകൾ ഇതിൽ നിന്നു ലഭിക്കുന്നുണ്ട്? ഇതിലേക്ക് മറ്റ് എന്തൊക്കെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാനുണ്ട്?
- ഭാഷാധ്യാപിക എന്ന നിലയ്ക്ക് ഏതൊക്കെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ നേതൃത്വം നൽകേണ്ടിവരും?

മൂന്നാം സെമസ്റ്ററിൽ നാല്പത്തഞ്ച് ദിവസത്തെ വിദ്യാലയാനുഭവ പരിപാടിയാണ് ആസൂത്രണം ചെയ്യേണ്ടത്.ഇതിൽ വിദ്യാലയവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും അധ്യാപകവിദ്യാർത്ഥി പങ്കാളികളാകണം.മൂന്ന്, നാല് ക്ലാസുകളിൽ പതിനഞ്ച് പിരീഡ് ക്ലാസ് എടുക്കണം. ഒന്ന് രണ്ട് ക്ലാസുകളിൽ പത്ത് പിരീഡ് ഉദ്ഗ്രഥന ക്ലാസ് ഉൾപ്പെടെ 25 പിരീഡ് ക്ലാസ്സെടുക്കണം. എടുത്ത ഭാഗത്തെ അടിസ്ഥാനമാക്കി നിലവാര നിർണയം നടത്തി രക്ഷിതാക്കളുടെ ക്ലാസ് തല യോഗത്തിൽ ആ ക്ലാസിലെ ഓരോ കുട്ടിയുടേയും പഠന നിലവാര രേഖ അവതരിപ്പിക്കുകയും തുടർന്ന് നൽകേണ്ട പിന്തുണയെക്കുറിച്ച് അവതരിപ്പിക്കുകയും വേണം. ഈ കാലയളവിൽ നടക്കുന്ന പ്രധാന ഭാഷാ ദിനാചരണങ്ങൾ തിരിച്ചറിഞ്ഞ് നൂതന പ്രവർത്തനങ്ങൾ കുട്ടികൾക്ക് വേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇതിന്റെയെല്ലാം ഉല്പന്നത്തെളിവുകളുമായി ഇടവേളകളിൽ അവരവരുടെ ടീച്ചർ ട്രെയിനിങ്ങ് സ്ഥാപനങ്ങളിൽ സെമിനാർ/ശില്പശാല രീതിയിൽ കണ്ടെത്തലുകൾ പങ്കുവയ്ക്കുകയും

വേണം. ഈ രീതിയിലാണ് വിദ്യാലയ അനുഭവ പരിപാടി മുന്നേറുന്നത്.

ഡി.എൽഎഡ് കരിക്കുലത്തിലെ താഴെ കൊടുത്ത പേജുകൾ വിദ്യാലയാനുഭവ പരിപാടിയുടെ വിശദാംശങ്ങൾ വിവരിക്കുന്നു.

**വിദ്യാലയാനുഭവ പരിപാടി**

*അധ്യാപകവിദ്യാർഥിയുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും ജന്മസിദ്ധമായ കഴിവുകൾ ഊതിക്കാച്ചിയെടുക്കുകയും ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് വിദ്യാലയാനുഭവ പരിപാടി അഥവാ സ്കൂൾ ഇന്റേൺഷിപ്പ് (School Internship). വിദ്യാലയം, കുട്ടികൾ, രക്ഷിതാക്കൾ, സമൂഹം എന്നിവയുമായി ബന്ധപ്പെട്ട ഒരു സാമൂഹിക പ്രക്രിയയാണ് വിദ്യാലയങ്ങളിൽ നടക്കുന്നത്. അധ്യാപകവിദ്യാർഥി എന്ന നിലയിൽ നേടിയ ധാരണകൾ, ബോധനശാസ്ത്രപരമായ കാഴ്ചപ്പാടുകൾ എന്നിവ പ്രയോഗിച്ചു നോക്കുന്നതിനും വിലയിരുത്തൽ നടത്തി സ്വയം മെച്ചപ്പെടുന്നതിനും ഈ സന്ദർഭം പ്രയോജനപ്പെടുന്നു. അധ്യാപകവിദ്യാർഥികൾ, വഴികാട്ടിയും മെന്ററുമായ ഒരു മുതിർന്ന അധ്യാപകന്റെയും സ്കൂളിലെ പ്രധാനാധ്യാപകന്റെയും മാർഗനിർദേശങ്ങൾക്കനുസരിച്ചാണ് ഈ സന്ദർഭത്തിൽ പ്രവർത്തിക്കേണ്ടത്. വിദ്യാലയത്തിലെ മറ്റധ്യാപകരെപ്പോലെ അവിടെ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നതിന് 100 (5+5+45+45) ദിവസം നീണ്ടുനിൽക്കുന്ന വിദ്യാലയാനുഭവപരിപാടിയിലൂടെ അവസരം ലഭിക്കുന്നു. അധ്യാപകപരിശീലനസ്ഥാപനങ്ങൾക്കും സ്കൂൾ ഇന്റേൺഷിപ്പിനായി തിരഞ്ഞെടുക്കുന്ന വിദ്യാലയങ്ങൾക്കും പരസ്പര ധാരണയും സഹകരണവും ആവശ്യമാണ്. ഇരു സ്ഥാപനങ്ങൾക്കും പരസ്പരം നേട്ടമുണ്ടാകുന്ന പരിപാടി കൂടിയാണ് ഇന്റേൺഷിപ്പ്. ഇതിലൂടെ നൂതനമായ പഠനാനുഭവങ്ങൾ, പ്രവർത്തനപരിപാടികൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാകണം. വിദ്യാലയത്തിൽ നടക്കുന്ന നൂതനപ്രവർത്തനങ്ങൾ അധ്യാപകപരിശീലന*

**$S_3$ ഇന്റേൺഷിപ്പ് പിരീഡ് സ്കോർ വിതരണക്രമം**

| ക്രമ നമ്പർ | വിഷയം | പിരീഡുകളുടെ എണ്ണം | സ്കോർ |
|---|---|---|---|
| 1 | മലയാളം | 15 | 20 |
| 2 | ഇംഗ്ലീഷ് | 15 | 20 |
| 3 | ഗണിതം | 15 | 20 |
| 4 | പരിസരപഠനം | 15 | 20 |
| 5 | ഇന്റഗ്രേഷൻ (ക്ലാസ് 1, 2) | 10 | 20 |
| 6 | കലാവിദ്യാഭ്യാസം | 5 | 10 |
| 7 | പ്രവൃത്തിപഠനം | 5 | 10 |
| 8 | ആരോഗ്യ - കായിക വിദ്യാഭ്യാസം | 5 | 10 |
| | **ആകെ** | **85** | **130** |

*സ്ഥാപനകൾക്കും ലഭിക്കണം.*

**കുറിപ്പ്:** ഇന്റഗ്രേഷൻ (ക്ലാസ് 1, 2) സ്കോർ കൺസോളിഡേഷൻ ഫോർമാറ്റിൽ പേപ്പർ 303, മലയാളം സ്കോറിനോട് ചേർത്ത് ആകെ 40 ൽ ആക്കി നൽകണം.

## 2–7 ബോധനശാസ്ത്രപരമായ അപഗ്രഥനവും സൂക്ഷ്മതല ആസൂത്രണവും മലയാളത്തിൽ

പാഠപുസ്തകത്തിലെ ഓരോ പാഠഭാഗവും ബോധനശാസ്ത്രപരമായ വിശകലനത്തിന് വിധേയമാക്കിയശേഷമാണ് പാഠാസൂത്രണം തയാറാക്കുക. പാഠഭാഗത്തിലെ ഉള്ളടക്കം, അന്തർലീനമായ ആശയം, ധാരണ എന്നിവ തിരിച്ചറിയുന്നതിനും അതിലെ ഭാഷാപരമായ സവിശേഷതകൾ ഉൾക്കൊള്ളുന്നതിനും ബോധനശാസ്ത്രപരമായ അപഗ്രഥനം സഹായിക്കും. ഇങ്ങനെ പാഠഭാഗത്തെക്കുറിച്ച് സമഗ്രമായ ധാരണ നേടിയശേഷം മാത്രമേ പാഠാസൂത്രണം ഫലപ്രദവും സൂക്ഷ്മവുമായി തയാറാക്കാൻ കഴിയൂ. കുട്ടി സ്വയം അറിവ് നിർമിച്ച് മുന്നേറുന്ന ഒരു ക്ലാസ്സിലേക്കുള്ള ആസൂത്രണമാണ് നാം തയാറാക്കുന്നത്. പ്രക്രിയാബന്ധിതമായ, നിരന്തരവിലയിരുത്തലിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്ന, എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലാവണം ഓരോ പ്രവർത്തനവും തയാറാക്കേണ്ടത്. ഭാവി അധ്യാപിക/അധ്യാപകനെ സംബന്ധിച്ചിടത്തോളം പാഠാസൂത്രണത്തെപ്പോലെ സുപ്രധാനമായ മറ്റൊരുശേഷി ഈ പരിശീലനകാലത്ത് കൈവരിക്കാനില്ല. അതിനാൽ സൂക്ഷ്മപ്രക്രിയ ഉൾക്കൊള്ളുന്ന പാഠാസൂത്രണം തയാറാക്കുവാനുള്ള ധാരണയും ശേഷിയും മനോഭാവവും നൈപുണികളും ഈ കാലഘട്ടത്തിൽ ആർജിക്കുവാനുള്ള അനുഭവവും അവസരവും ഒരുക്കിക്കൊടുക്കണം. ഭാവികേരളത്തെ രൂപപ്പെടുത്താൻ ഇത് സഹായിക്കും.

**ബോധനശാസ്ത്രപരമായ അപഗ്രഥനം (ഫോർമാറ്റ്)**

**പാർട്ട് . എ  അടിസ്ഥാന വിവരങ്ങൾ**

- **അധ്യാപക വിദ്യാർഥിയുടെ പേര് :**
- **സ്ഥാപനം :**
- **ക്ലാസ് :**
- **വിഷയം :**
- യൂണിറ്റ്, പാഠം :

**പാർട്ട് . ബി  പാഠവിശകലനം**

1 യൂണിറ്റ്/പാഠത്തിന്റെ പേര് :

2 പഠനനേട്ടങ്ങൾ :

3 ഉള്ളടക്ക വിശകലനം :

3.1 ആശയങ്ങൾ (ഉള്ളടക്കപരം, ഭാഷാപരം), ധാരണകൾ

3.2 ശേഷി, നൈപുണികൾ

3.3 മനോഭാവങ്ങൾ

3.4 മൂല്യങ്ങൾ

3.5 വ്യവഹാര രൂപങ്ങൾ

4 പ്രതീക്ഷിത സമയം (മൊത്തം പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള സമയം)

**പാർട്ട് . സി പ്രവർത്തന വിശകലനം**

1 യൂണിറ്റ്/പാഠത്തിന്റെ പേര് :

| ക്രമമ്പർ | പഠനപ്രവർത്തനങ്ങളും പഠനപ്രക്രിയയും | പഠനനേട്ടം | പഠനതന്ത്രം | പഠനസാമഗ്രികൾ | ഉല്പന്നം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | | | | | | |

**ബോധനശാസ്ത്രപരമായ അപഗ്രഥനം – മലയാളം (എൽ.പി)–മാതൃക**

**പാർട്ട് . എ : അടിസ്ഥാനവിവരങ്ങൾ**

**അധ്യാപകവിദ്യാർഥിയുടെ പേര് :** **സ്ഥാപനം :**

**ക്ലാസ് : 4,** **വിഷയം : മലയാളം** **യൂണിറ്റ്: അമൃതം**

**പാർട്ട്. ബി: പാഠവിശകലനം** **പാഠം :കുടയില്ലാത്തവർ**

**ആമുഖം :** എല്ലാത്തരം വിഭാഗീയതകൾക്കുമപ്പുറം മനുഷ്യരെ സ്നേഹമെന്ന വികാരത്തിൽ വിളക്കിച്ചേർക്കാൻ ആഗ്രഹിക്കുകയാണ് ഒ.എൻ.വി. 'കുടയില്ലാത്തവർ' എന്ന ആത്മകഥാപരമായ ഈ കവിതയിലൂടെ തന്റെ ബാല്യകാലത്തെ ഒരു സ്നേഹാർദ്രനിമിഷത്തിന്റെ ഓർമയിലൂടെ കവി നമ്മെ കൊണ്ടുപോവുകയാണ്.

**പഠനനേട്ടം :**

1. പുതിയപദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
2. കവിത ഈണത്തിലും താളത്തിലും ചൊല്ലുക.
3. തെറ്റുകൂടാതെ ആസ്വാദനക്കുറിപ്പ് തയാറാക്കുക.
4. സമാനകവിതകൾ ശേഖരിക്കുന്നു. ആലപിക്കുന്നു.
5. പാഠഭാഗത്തിലെ ആശയങ്ങളെ ചിത്രീകരിക്കുന്നു.
6. പാവപ്പെട്ടവരെയും കഷ്ടപ്പെടുന്നവരെയും സഹായിക്കേണ്ടതാണ് എന്ന മനോഭാവം വളർത്തുന്നു.

**ആശയങ്ങൾ :**

1. സഹജിവികളോടുള്ള സ്നേഹപൂർണമായ പെരുമാറ്റത്തിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും.
2. സ്നേഹത്തിന്റെ പ്രകാശനത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനുള്ള കഴിവുണ്ട്.
3. സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.
4. കവിതയിൽ ഉപയോഗിക്കുന്ന സവിശേഷ പ്രയോഗങ്ങളുടെ ഭംഗി കവിതയക്ക് മാറ്റ് കൂട്ടും.

**ശേഷികൾ :**

1. കവിതകൾ ഈണത്തിൽ ആലപിക്കാനുള്ള ശേഷി
2. കവിതയിലെ ആശയം, കാവ്യഭംഗി എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കാനുള്ള കഴിവ്

**നൈപുണികൾ :** 1. കവിതകൾക്ക് അനുയോജ്യമായ ഈണം കണ്ടെത്താനുള്ള നൈപുണി

**മൂല്യങ്ങൾ,മനോഭാവം :** സഹജീവികളോടുള്ള സ്നേഹം, കഷ്ടപ്പെടുന്നവരോടുള്ള അനുതാപം, സഹായിക്കാനുള്ള മനോഭാവം

**വ്യവഹാരരൂപങ്ങൾ :** കവിത, താരതമ്യക്കുറിപ്പ്, അനുഭവവിവരണം, ആസ്വാദനക്കുറിപ്പ്

**പ്രതീക്ഷിത സമയം :** 15 പീരിയേഡ്

**തുടർവായന :** ഒ. എൻ. വി യുടെ കുഞ്ഞേടത്തി. മുട്ടത്തുവർക്കിയുടെ ഒരു കുടയും കുഞ്ഞുപെങ്ങളും

**സർഗ്ഗവേള :** കവിതാലാപനം, ആസ്വാദനക്കുറിപ്പ് വായന, പ്രദർശനം, മഴപ്പതിപ്പ് പ്രദർശനം

**സി.പി.ടി.എ :** കവിതാലാപനം, ആസ്വാദനക്കുറിപ്പ്, മഴയനുഭവം, പ്രദർശനം

| ക്രമനമ്പർ | പഠനപ്രവർത്തനങ്ങളും പഠനപ്രക്രിയയും | പഠനനേട്ടം | പഠനതന്ത്രം | പഠനസഹായി | ഉല്പന്നം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **കവിതയിലേക്ക്:** കവിത സ്വയം വായിക്കുന്നതിന് കുട്ടികളെ പ്രചോദിപ്പിക്കുന്ന പ്രവർത്തനം. ആദ്യമായി സ്കൂളിൽപോയ അനുഭവം ചർച്ച. മഴയത്ത് സ്കൂളിൽ പോകുന്ന കുട്ടികളുടെ വീഡിയോ ഭാഗം - കവിതാശകലം -ചർച്ച - കവിയുടെ ഓർമകൾ വ്യക്തിഗതമായി പറയൽ- ഊഹം ശരിയാണോ എന്നറിയാൻ നിർദ്ദേശിക്കൽ | | വീഡിയോ പ്രദർശനം- ചർച്ച അനുഭവവിശകലനം - ചർച്ച | വീഡിയോ - കവിതാചാർട്ട് | പഠനസന്നദ്ധത | എല്ലാവർക്കും കവിതവായിക്കാൻ താൽപ്പര്യം ജനിച്ചുവോ എന്ന് വിലയിരുത്തണം. |
| 2 | **കവിതാവായന:** വ്യക്തിഗതമായി കവിത വായിക്കുന്നു. കവിതയുടെ ഓർമ്മകൾ തിരിച്ചറിയുന്നു. എല്ലാവർക്കും കഴിയാത്തതിന്റെ കാരണം കണ്ടെത്തുന്നു. വീണ്ടും വായന - അറിയുന്നതും അറിയാത്തതും കണ്ടെത്തി വ്യക്തത വരുത്തുന്നു. പരസ്പരം അവതരിപ്പിച്ച് വിലയിരുത്തുന്നു. - വീണ്ടും വായന - കൂടുതൽ വ്യക്തത. | പുതിയപദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | വ്യക്തിഗത പ്രവർത്തനം. പരസ്പരം വിലയിരുത്തൽ | പാഠപുസ്തകം | ആശയഗ്രഹണം | ആശയഗ്രഹണത്തിന്റെ നില വിലയിരുത്തൽ |
| 3 | **കണ്ടെത്താം:** ആശയഗ്രഹണചോദ്യങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്തുന്നു. ഗ്രൂപ്പിൽ അവതരണം - മെച്ചപ്പെടുത്തൽ, പൊതു അവതരണം ചർച്ച - മെച്ചപ്പെടുത്തൽ - ടീച്ചറുടെ ക്രോഡീകരണം | പുതിയപദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | വ്യക്തിഗത പ്രവർത്തനം ഗ്രൂപ്പുപ്രവർത്തനം പരസ്പര വിലയിരുത്തൽ | ചോദ്യചാർട്ട് പാഠപുസ്തകം | നോട്ട്ബുക്കിൽ എഴുതി തയാറാക്കിയ ഉത്തരങ്ങൾ | എല്ലാവർക്കും ആശയം ഗ്രഹിക്കാനും എഴുതാനും കഴിയുന്നുണ്ടോ? എന്ന് വിലയിരുത്തൽ. |

| ക്രമമ്പർ | പഠനപ്രവർത്തനങ്ങളും പഠനതന്ത്രങ്ങളും | പഠനനേട്ടം | പഠനതന്ത്രം | പഠനസഹായി | ഉല്പന്നം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 4 | **കണ്ടെത്താം എഴുതാം:** വിശകലന ചോദ്യങ്ങൾ വായിച്ച് ഉത്തരം വ്യക്തമായി കണ്ടെത്തൽ മൂന്നാം ഗ്രൂപ്പിൽ അവതരണം - ചർച്ച - പൊതു അവതരണം - ടീച്ചർ വേർഷൻ അവതരണം മെച്ചപ്പെടുത്തൽ | | വ്യക്തിഗതശ്രമം<br>സംഘപ്രവർത്തനം<br>പൊതു അവതരണം<br>ടീച്ചർ വേർഷൻ അവതരണം | വിശകലനം ചോദ്യചാർട്ട്<br>പാഠപുസ്തകം<br>ടീച്ചർ വേർഷൻ | നോട്ട് ബുക്കിൽ എഴുതിയ ഉത്തരങ്ങൾ | വിശകലന ചോദ്യങ്ങൾക്ക് എല്ലാവരും ഉത്തരമെഴുതിയിട്ടുണ്ട്. |
| 5 | **കവിതാലാപനം:** കവിതയ്ക്ക് വ്യക്തിഗതമായി ഈണം നൽകൽ, മൂന്നുപേർ അവതരണം. മികവിനുള്ള കാരണം. കണ്ടെത്തൽ. ആലാപനത്തിന്റെ സൂചകം വെച്ച് വിലയിരുത്തൽ - മികച്ചവ കണ്ടെത്തൽ - പൊതു അവതരണം - ടീച്ചറുടെ/ഐ.സി.ടി അവതരണം - ജോഡികളായി ആലാപനം. | കവിത ഈണത്തിലും താളത്തിലും ചൊല്ലുക. | വ്യക്തിഗതമായി ഈണം നൽകൽ, മികവു ചർച്ചയിലൂടെ സൂചകം വികസിപ്പിക്കൽ<br>ഗ്രൂപ്പിൽ അവതരണം | പാഠപുസ്തകം<br>സൂചകം ചാർട്ട് | ആലാപന ശേഷി | ആലാപനത്തിനുള്ള ശേഷി വിലയിരുത്തൽ |
| 6 | **പ്രയോഗഭംഗി:** കവിതയിലെ പ്രയോഗഭംഗി കണ്ടെത്തൽ - വ്യക്തിഗതം - പൊതു അതരണം, ചർച്ച, വർക്ക് ഷീറ്റ് വ്യക്തിഗതമായി എഴുതൽ. ഗ്രൂപ്പിൽ അവതരണം - ചർച്ച - മെച്ചപ്പെടുത്തൽ - പൊതു അവതരണം - ടീച്ചറുടെ ഇടപെടൽ - ക്രോഡീകരണം . | പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | വ്യക്തിഗതശ്രമം<br>സംഘശ്രമം<br>വർക്ക് ഷീറ്റ് | വർക്ക് ഷീറ്റ്<br>ടീച്ചർ വേർഷൻ | പൂർത്തീകരിച്ച വർക്ക് ഷീറ്റ് | മികച്ചനിലയിൽ പ്രയോഗഭംഗി കണ്ടെത്തി എഴുതാൻ കഴിഞ്ഞോ? കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ |

| ക്രമ നമ്പർ | പഠനപ്രവർത്തനങ്ങളും പഠനതന്ത്രങ്ങളും | പഠനനേട്ടം | പഠനതന്ത്രം | പഠനസഹായി | ഉല്പന്നം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 7 | **ചോദ്യോത്തരപ്പയറ്റ്:** കവിതയുമായി ബന്ധപ്പെട്ട പരമാവധി ചോദ്യങ്ങൾ തയ്യാറാക്കൽ വ്യക്തിഗതം – മൂന്നംഗഗ്രൂപ്പിൽ വായിച്ച് ക്രോഡീകരിക്കൽ – ഗ്രൂപ്പുകൾ തമ്മിൽ ചോദ്യങ്ങൾ ചോദിക്കൽ-വിജയികളെ അഭിനന്ദിക്കൽ | | വ്യക്തിഗതശ്രമം ചോദ്യോത്തരപ്പയറ്റ് | പാഠപുസ്തകം ചോദ്യങ്ങൾ | ആശയം ഗ്രഹിച്ച് ശരിയുത്തരം നൽകൽ. | കവിതയിലെ ആശയം എല്ലാവർക്കും മനസ്സിലായോ? |
| 8 | **കണ്ടതും കേട്ടതും:** കവിതയിൽ കവിയ്ക്കുണ്ടാകുന്ന ഇന്ദ്രിയാനുഭവങ്ങൾ വ്യക്തിഗതമായി കുറിക്കൽ. വർക്ക്ഷീറ്റ് പൂരിപ്പിക്കൽ – ഗ്രൂപ്പവതരണം – ചർച്ച – പൊതുഅവതരണം – ചർച്ച- ടീച്ചർ വേർഷൻ അവതരണം – ചർച്ച. മെച്ചപ്പെടുത്തൽ | തെറ്റുകൂടാതെ ആസ്വാദനക്കുറിപ്പ് തയാറാക്കുക. | വർക്ക് ഷീറ്റ് വ്യക്തിഗതശ്രമം പൊതു ചർച്ച ടീച്ചർ വേർഷൻ | വർക്ക് ഷീറ്റ് ടീച്ചർ വേർഷൻ | ആസ്വാദനം ഇന്ദ്രിയാനുഭവങ്ങൾ തിരിച്ചറിയൽ | പഞ്ചേന്ദ്രിയാനുഭവങ്ങൾ കണ്ടെത്താൻ കഴിഞ്ഞോ? |
| 9 | **മറക്കാനാവാത്ത മഴക്കാലം:** മഴയനുഭവം വ്യക്തിഗത രചന – മനോപടം (Mindmap) തയാറാക്കൽ. അനുഭവം മെച്ചപ്പെടുത്തി വ്യക്തിഗത രചന. ഗ്രൂപ്പിൽ വായന മെച്ചപ്പെടുത്തൽ. ടീച്ചർ വേർഷൻ-എഡിറ്റിഗ്. മെച്ചപ്പെടുത്തൽ – മഴപ്പതിപ്പ് തയാറാക്കൽ . | തെറ്റുകൂടാതെ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു. | വ്യക്തിഗത രചന മനോപടം സംഘശ്രമം ടീച്ചർ വേർഷൻ എഡിറ്റിംഗ് | മഴയനുഭവം | മഴപ്പതിപ്പ് | എല്ലാവരുടെയും മഴയനുഭവം മികച്ചതായിരുന്നോ? |

| ക്രമ നമ്പർ | പഠനപ്രവർത്തനങ്ങളും പഠനതന്ത്രങ്ങളും | പഠനനേട്ടം | പഠനതന്ത്രം | പഠനസഹായി | ഉല്പന്നം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 10 | **ചിത്രം വരയ്ക്കാം:** കവിതയിലെ ദൃശ്യങ്ങൾ പട്ടികപ്പെടുത്തുന്നു. എല്ലാവരും അവർക്കിഷ്ടപ്പെട്ട ദൃശ്യത്തിന്റെ ചിത്രം വരയ്ക്കുന്നു. വരച്ച ചിത്രം കളർ ചെയ്യണം. സംഘത്തിൽ അവതരിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. പൊതു പ്രദർശനം, മികച്ചവ കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു. | പാഠഭാഗത്തെ ആശയങ്ങളെ ചിത്രീകരിക്കുന്നു. | ചിത്രംവര | ചായം, കളർപെൻസിൽ, പേപ്പർ | ചിത്രങ്ങൾ | എല്ലാവരും ചിത്രം വരച്ചുവോ? |
| 11 | **താരതമ്യം ചെയ്യുക:** കുടയില്ലാത്തവർ എന്ന കവിതയും കുഞ്ഞേടത്തി എന്ന കവിതയും താരതമ്യം ചെയ്യൽ - സൂചകങ്ങൾ വച്ച് ഗ്രൂപ്പിൽ വിശകലനം - പൊതു അവതരണം - ടീച്ചർ വേർഷൻ അവതരണം - ചർച്ച മെച്ചപ്പെടുത്തൽ | ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു. | കവിതകളുടെ താരതമ്യം | കവിതചാർട്ട് കുഞ്ഞേടത്തി | താരതമ്യക്കുറിപ്പ് | താരതമ്യക്കുറിപ്പ് വിലയിരുത്തുന്നു. |
| 12 | **ശേഖരണം:** സഹോദരസ്നേഹത്തിന്റെ കഥ പറയുന്ന കവിതകൾ വ്യക്തിഗതമായി ശേഖരിക്കുന്നു. പ്രദർശനം - ആലാപനം. മികവ് പരസ്പരം വിലയിരുത്തുന്നു. മികച്ച കവിതകൾ പഠിപ്പിക്കുന്നു. | സമാനകവിതകൾ ശേഖരിക്കുന്നു. ആലപിക്കുന്നു. | കവിതാശേഖരണവും ആലാപനവും | കവിതാശേഖരം | ആലാപന മികവ് കവിതാപതിപ്പ് | ആലാപന മികവും കവിതാപതിപ്പും വിലയിരുത്തുന്നു. |

| ക്രമ നമ്പർ | പഠനപ്രവർത്തനങ്ങളും പഠനതന്ത്രങ്ങളും | പഠനനേട്ടം | പഠനതന്ത്രം | പഠനസഹായി | ഉല്പന്നം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 13 | **ആസ്വാദനക്കുറിപ്പ്:** ആസ്വാദനക്കുറിപ്പ് വ്യക്തിഗതമായി എഴുതൽ. ഗ്രൂപ്പിൽ അവതരണം - സൂചകം വികസിപ്പിച്ച് വിലയിരുത്തൽ. മികച്ചവ പൊതു അവതരണം- ചർച്ച ടീച്ചർ വേർഷൻ അവതരണം. ചർച്ച - മികവുകൾ പരിമിതികൾ എന്നിവ കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നു. | തെറ്റുകൂടാതെ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു. | വ്യക്തിഗത രചന ഗ്രൂപ്പ് ചർച്ച സൂചകം വെച്ച് വിലയിരുത്തൽ. ടീച്ചർ വേർഷൻ വായന. | സൂചകങ്ങൾ ടീച്ചർ വേർഷൻ | ആസ്വാദനക്കുറിപ്പ് | ഗുണാത്മക സൂചകങ്ങൾ |
| 14 | **എഡിറ്റിംഗ്:** ഒരു ഗ്രൂപ്പിന്റെ ആസ്വാദനക്കുറിപ്പ് വിവിധ തലങ്ങളില (ആശയം, വാക്യഘടന, പദം, അക്ഷരം, വ്യവഹാരരൂപം) എഡിറ്റ് ചെയ്യുന്നു. വ്യക്തിഗതമായി മെച്ചപ്പെടുത്തുന്നു. | തെറ്റുകൂടാതെ ആസ്വാദനക്കുറിപ്പ് എഴുതുന്നു. | എഡിറ്റിംഗ് | ചോദ്യങ്ങളുടെ ചാർട്ട് | മികവുറ്റ ആസ്വാദനക്കുറിപ്പ് | സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തിയിട്ടുണ്ട്. |

## 2–8 സൂക്ഷ്മതല പാഠാസൂത്രണം മാതൃക (ഫോർമാറ്റ്)

**പാർട്ട് . എ പ്രാഥമിക വിവരങ്ങൾ**

- **അധ്യാപക വിദ്യാർഥിയുടെ പേര്** :
- **വിദ്യാലയം** :
- **ക്ലാസ്, ഡിവിഷൻ** :
- **വിഷയം** :
- **യൂണിറ്റ്, പാഠത്തിന്റെ പേര്** :

**പാർട്ട് . ബി**

- പഠനനേട്ടങ്ങൾ :
- ആശയങ്ങൾ :
- നൈപുണികൾ :
- മൂല്യങ്ങൾ :
- മനോഭാവങ്ങൾ :
- വ്യവഹാര രൂപങ്ങൾ :
- പഠനസാമഗ്രികൾ :
- പഠനപ്രവർത്തനം :
- ആകെ സമയം :
- സർഗവേളയിൽ അവതരിപ്പിക്കുന്നത് :
- സി.പി.ടി.എയിൽ അവതരിപ്പിക്കുന്നത് :

**പാർട്ട് . സി**

- പഠനപ്രവർത്തനങ്ങളുടെ സൂക്ഷ്മതല ആസൂത്രണം (പ്രവർത്തനത്തിന്റെ പേര്, സമയം, ക്ലാസിൽ വിനിമയം ചെയ്യുന്ന പ്രക്രിയ, പഠനോപകരണങ്ങളുടെ അവതരണഘട്ടം, വിലയിരുത്തൽ, പ്രതികരണ പേജിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ, ടീച്ചർ വേർഷൻ, എന്നിവ ഉൾക്കൊള്ളണം.
- പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനസാമഗ്രികൾ (വർക്ക്ഷീറ്റ്, വായനാസാമഗ്രി, ഐ.സി.ടി, മറ്റ് സാമഗ്രികൾ) തയാറാക്കി അനുബന്ധത്തിൽ ചേർക്കണം.

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
| --- | --- |
| | |

## സൂക്ഷ്മതല പാഠാസൂത്രണം മാതൃക

**പാർട്ട് . എ അടിസ്ഥാന വിവരങ്ങൾ**

- **അധ്യാപകവിദ്യാർത്ഥിയുടെ പേര് :** — **ക്ലാസ്സ് : നാല്**
- **വിദ്യാർത്ഥിയുടെ പേര് :** — **വിഷയം : മലയാളം**
- **യൂണിറ്റ് : അമൃതം** — **പാഠം : കുടയില്ലാത്തവർ**
- **തീയതി : 11. 07. 2019**
- **യൂണിറ്റ്, പാഠം :**

**പാർട്ട് . ബി**

**പഠനനേട്ടം :**

1. പുതിയപദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
2. കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
3. തെറ്റുകൂടാതെ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
4. സമാനകവിതകൾ ശേഖരിക്കുന്നു. ആലപിക്കുന്നു.
5. പാഠഭാഗത്തിലെ ആശയങ്ങളെ ചിത്രീകരിക്കുന്നു.
6. പാവപ്പെട്ടവരെയും കഷ്ടപ്പെടുന്നവരെയും സഹായിക്കേണ്ടതാണ് എന്ന മനോഭാവം വളർത്തുന്നു.

**ആശയങ്ങൾ :**

1. സഹജിവികളോടുള്ള സ്നേഹപൂർണമായ പെരുമാറ്റത്തിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും.
2. സ്നേഹത്തിന്റെ പ്രകാശനത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനുള്ള കഴിവുണ്ട്.
3. സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.
4. കവിതയിൽ ഉപയോഗിക്കുന്ന സവിശേഷ പ്രയോഗങ്ങളുടെ ഭംഗി കവിതയ്ക്ക് മാറ്റ് കൂട്ടും.

**ശേഷികൾ :**

1. കവിതകൾ ഈണത്തിൽ ആലപിക്കാനുള്ള ശേഷി
2. കവിതയിലെ ആശയം, കാവ്യഭംഗി എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കാനുള്ള കഴിവ്

**നൈപുണികൾ :**

1. കവിതകൾക്ക് അനുയോജ്യമായ ഈണം കണ്ടെത്താനുള്ള നൈപുണി

**മൂല്യങ്ങൾ :**

1. സഹജീവികളോടുള്ള സ്നേഹം, കഷ്ടപ്പെടുന്നവരോടുള്ള അനുതാപം, സഹായിക്കാനുള്ള മനോഭാവം

**വ്യവഹാരരൂപങ്ങൾ :** കവിത, താരതമ്യക്കുറിപ്പ്, അനുഭവവിവരണം, ആസ്വാദനക്കുറിപ്പ്

**പഠനസാമഗ്രി :** വീഡിയോ, മഴയനുഭവം, ചോദ്യച്ചാർട്ട്, ടീച്ചർ വേർഷൻ- മഴയനുഭവം, ആസ്വാദനക്കുറിപ്പ്, വർക്ക്ഷീറ്റുകൾ വായനാസാമഗ്രി, കുഞ്ഞേടത്തി- കവിത സൂചക ച്ചാർട്ട്, സമാനകവിതകളുടെ ശേഖരം, ഒ. എൻ. വിയെക്കുറിച്ച് - കുറിപ്പ്, പാഠപുസ്തകം, ക്രയോൺസ്, കുടയില്ലാത്തവർ ഓഡിയോ സി.ഡി, സമാനകവിതകൾ

**പഠനപ്രവർത്തനങ്ങൾ :**

1. കവിതയിലേക്ക്
2. കവിതാവായന
3. കണ്ടെത്താം
4. കണ്ടെത്താം എഴുതാം
5. കവിതാലാപനം
6. പ്രയോഗഭംഗി
7. ചോദ്യോത്തരപ്പയറ്റ്
8. കണ്ടതും കേട്ടതും
9. മറക്കാനാവാത്ത മഴക്കാലം
10. ചിത്രം വരയ്ക്കാം
11. താരതമ്യം ചെയ്യാം
12. ശേഖരണം
13. ആസ്വാദനക്കുറിപ്പ്
14. എഡിറ്റിംഗ്

**സമയം** : 15 പീര്യേഡ്

**സർഗവേള** : കവിതാലാപനം, ആസ്വാദനക്കുറിപ്പ് അവതരണം, പ്രദർശനം, മഴയനുഭവം അവതരണം, പ്രദർശനം.

**സി.പി.ടി.എ** : കവിതാലാപനം, ആസ്വാദനക്കുറിപ്പ് അവതരണം

പാർട്ട് . സി

**പഠനപ്രവർത്തനങ്ങൾ - സൂക്ഷ്മാസൂത്രണം**

**I കവിതയിലേക്ക് (20 മിനിറ്റ്)**

**ടീച്ചർ കുട്ടികളോട്:** ഒന്നാം ക്ലാസിലേക്ക് അമ്മയുടെ/ അച്ഛന്റെ കൈപിടിച്ച് കടന്നുവന്നത് ഓർമ്മയുണ്ടോ? അന്ന് മഴയുണ്ടായിരുന്നോ? എന്തെല്ലാമാണ് അന്ന് സ്കൂളിൽ നടന്നത്? കുട്ടികൾ പ്രതികരിക്കുന്നു - പ്രവേശനോത്സവം, പുതിയ കൂട്ടുകാർ, മിഠായി, പുതിയ പുസ്തകം, കഥ, പാട്ട്, പുതിയ ടീച്ചർ

- തുടർന്ന് ടീച്ചർ വീഡിയോ പ്രദർശിപ്പിക്കുന്നു. കുട്ടികൾ മഴക്കാലത്ത് സ്കൂളിലേക്ക് വരുന്ന വീഡിയോ ശബ്ദം. ഇപ്പോൾ കണ്ട വീഡിയോയിൽ എന്താണ് ഉള്ളത്? കുട്ടികൾ പ്രതികരിക്കുന്നു. മഴയനുഭവം ചർച്ച ചെയ്യുന്നു. (3 മിനിറ്റ് മാത്രം)

ടീച്ചർ ഒരു ചാർട്ട് പ്രദർശിപ്പിക്കുന്നു.

*"പള്ളിക്കൂടം തുറന്നല്ലോ! മഴ -*
*ത്തുള്ളികളും തുള്ളിവന്നല്ലോ!*
*ആർത്തുല്ലസിച്ചന്നു നിങ്ങൾ പോകെ,*
*ഓർത്തു പോകുന്നു ഞാനെന്റെ ബാല്യം!"*

- കുട്ടികൾ ചാർട്ട് വായിക്കുന്നു. ടീച്ചറും കുട്ടികളും ചേർന്നു പാടുന്നു. (എല്ലാവരും പാടുന്നു. എന്നുറപ്പാക്കുന്നു.)
- എന്തിനെക്കുറിച്ചാണ് ഈ വരികൾ. കുട്ടികൾ പ്രതികരിക്കുന്നു.
- കുട്ടിക്കാലത്തെ എന്തെല്ലാം കാര്യങ്ങളായിരിക്കും ഓർത്തിട്ടുണ്ടാവുക?
- കുട്ടികൾ വ്യക്തിഗതമായി പ്രതികരിക്കുന്നു.
- ടീച്ചർ ബോർഡിൽ എഴുതുന്നു. യഥാർത്ഥത്തിൽ കവി ഓർത്തത് എന്തെല്ലാമാണെന്ന് എങ്ങനെ അറിയാം? പാഠവായനയിലേക്ക് ചർച്ച നയിക്കുന്നു.

**II കവിതയിലേക്ക് (40 മിനിറ്റ്)**

- വ്യക്തിഗതമായി കവിത വായിച്ച് കവിയുടെ ഓർമ്മകൾ കണ്ടെത്തുന്നു (5 മിനിറ്റ്)
- വായനയിലൂടെ കണ്ടെത്തിയവർ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. (5 മിനിറ്റ്)
- ആദ്യം ഊഹിച്ചു പറഞ്ഞതുമായി തട്ടിച്ചു നോക്കുന്നു. ആശയം കണ്ടെത്തിയവരെ അഭിനന്ദിക്കുന്നു.

- എല്ലാവർക്കും കവിതയിലെ ആശയം കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കഴിയാത്തത്? (അർത്ഥമറിയില്ല, വായിക്കാൻ പ്രയാസം) എല്ലാവർക്കും ആശയം മനസ്സിലാവണ്ടേ? എങ്ങനെ ഉറപ്പാക്കാം?
- വീണ്ടും വായനയിലേക്ക്, വായിക്കുമ്പോൾ ഇഷ്ടപ്പെട്ടവ, അറിയുന്നത് അറിയാത്തത് യഥാക്രമം (—, ✓, X) എന്നീ ചിഹ്നങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുക. വ്യക്തിഗതം (5 മിനിറ്റ്)
- മൂന്നംഗ ഗ്രൂപ്പിൽ ഓരോന്നും വായിച്ചവതരിപ്പിക്കുന്നു. (10 മിനിറ്റ്) ഇഷ്ടപ്പെട്ടത്. അറിയുന്നത്, അറിയാത്തത് എന്ന ക്രമത്തിൽ അവതരണം ചർച്ച. അവതരണത്തിൽ പിന്നാക്കക്കാർക്ക് ആദ്യ അവസരം നൽകണം. അറിയാത്ത പദങ്ങളുടെ അർത്ഥം നോട്ടു പുസ്തകത്തിൽ എഴുതുന്നു എന്നുറപ്പാക്കണം.
- പൊതു അവതരണം. ആവർത്തനം ഒഴിവാക്കണം. (20 മിനിറ്റ്) മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു - ടീച്ചർ കൂട്ടിച്ചേർക്കുന്നു. നോട്ടു പുസ്തകത്തിൽ മെച്ചപ്പെടുത്തി എഴുതുന്നു.
- കവിത ഒരിക്കൽ കൂടി വ്യക്തിഗത വായന (5 മിനിറ്റ്) ആദ്യ വായനയിൽ നിന്നും എന്തുമാറ്റമുണ്ടായി? മാറ്റമുണ്ടായതെങ്ങനെ? - ചർച്ച

എല്ലാവരും വായിച്ചുവോ? ആശയം മനസ്സിലാക്കാൻ സാധിച്ചതെങ്ങനെ? എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിയതെങ്ങനെ?

*പദങ്ങളുടെയും പ്രയോഗങ്ങളുടേയും ആശയം ലഭിച്ചതാണ് കവിത ഉൾക്കൊള്ളാൻ സഹായിച്ചത്.*

### III കണ്ടെത്താം (40 മിനിറ്റ്)

പാഠപുസ്തകപേജ് - 19 ലെ പ്രവർത്തനം വായിക്കുന്നു. എന്താണ് ചെയ്യേണ്ടത്? കുട്ടികൾ തന്നെ കണ്ടെത്തുന്നു. താഴെ കൊടുത്ത ചോദ്യങ്ങൾ കൂടി ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. ഉത്തരം കണ്ടെത്തി വ്യക്തിഗതമായി എഴുതുന്നു. (10 മിനിറ്റ്)

- മഴയത്ത് സ്കൂളിലേക്ക് പോകുന്ന ചിത്രം എങ്ങനെയാണ് കവി വിവരിക്കുന്നത്?
- സ്കൂളിലേക്കു പോകുന്ന കുട്ടികളെ കവി എന്തിനോടെല്ലാമാണ് ഉപമിക്കുന്നത്?
- കണ്ടെത്തി എഴുതിയവർ പറയുന്നു. പിന്നാക്കക്കാർക്ക് ആദ്യ അവസരം
- മൂന്നംഗ ഗ്രൂപ്പിൽ ഓരോ ചോദ്യത്തിന്റെ ഉത്തരം ഓരോരുത്തരും വായിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തി എഴുതുന്നു. (10 മിനിറ്റ്)
- മാറ്റങ്ങൾ നോട്ടുബുക്കിൽ എഴുതുന്നു. (10 മിനിറ്റ്)

- ചോദ്യം വ്യക്തിഗതമായി വായിച്ച് മനസ്സിലാക്കാൻ കഴിയുന്നുണ്ടോ?
- എല്ലാവർക്കും ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ?
- കുട്ടികൾ വായനയിലും എഴുത്തിലും നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?
- അടുത്ത ദിനങ്ങളിൽ അവ എങ്ങനെ പരിഹരിക്കാം?

## IV കണ്ടെത്താം എഴുതാം (40 മിനിറ്റ്)

പാഠപുസ്തകത്തിലെ കണ്ടെത്താം എഴുതാം എന്ന പ്രവർത്തനം വ്യക്തിഗതമായി വായിക്കുന്നു. ചുവടെ ചേർത്ത വിശകലന ചോദ്യങ്ങൾ കൂടി ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.

**വിശകലന ചോദ്യങ്ങൾ**

1. കവിതയിലെ ഇഷ്ടപ്പെട്ടവരിയേത്? എന്തുകൊണ്ട്?
2. കവിത വായിക്കുമ്പോൾ മനസ്സിലെത്തുന്ന ചിത്രങ്ങൾ ഏതെല്ലാം?
3. "വേനൽക്കിനാക്കൾ കരിഞ്ഞുപോയ" - കവിയുടെ ഏതെല്ലാം വേനൽക്കിനാവുകളാണ് കരിഞ്ഞു പോയത്?
4. *"കുതിരുന്നു ഞാനാമഴയിലല്ലാ-*
   *ഒരു കുഞ്ഞു പെങ്ങൾ തൻ സ്നേഹവാ*
   *യ്പ്പിൽ" കുഞ്ഞുപെങ്ങളുടെ സ്നേഹവായ്പ്പിൽ*
   *കുതിർന്നു എന്നു പറയുന്നതെന്തുകൊണ്ടാവാം?*

- വ്യക്തിഗതമായി ചോദ്യങ്ങൾ വായിച്ച് കവിതയിലൂടെ വീണ്ടും കടന്നുപോയി ഉത്തരം കണ്ടെത്തി എഴുതാം (10 മിനിറ്റ്)
- മൂന്നംഗ ഗ്രൂപ്പിൽ അവതരണം ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം. എല്ലാവരും ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം വായിച്ചവതരിപ്പിച്ച് ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ നോട്ടുബുക്കിൽ കുറിച്ചശേഷം അടുത്ത ചോദ്യം എന്ന രീതിയിൽ അവതരണം ചർച്ച. (15 മിനിറ്റ്) പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു.
- ടീച്ചർ വേർഷൻ അവതരണം. (15 മിനിറ്റ്) ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. എനിക്ക് ഇഷ്ടപ്പെട്ട വരി: "പുതുമണം പുത്തനുടുപ്പിനും, പുതുമണം - കാലം പുതുക്കുന്നു" - ഈ വരികൾ എന്നെ എന്റെ കുട്ടിക്കാലത്തിലേക്ക് കൊണ്ടുപോയി. പുതിയ പുസ്തകം, പുത്തനുടുപ്പ് എന്നിവ കിട്ടുമ്പോൾ മണത്തു നോക്കുകയും പുതുമണം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ പുതുമഴ പെയ്യുമ്പോൾ ഉണ്ടാകുന്ന മണ്ണിന്റെ മണം ഇവയെല്ലാം വീണ്ടും അനുഭവപ്പെടുത്തുവാൻ ഈ വരികൾക്ക് സാധിച്ചു. പുതുമണം എന്ന പദത്തിന്റെ ആവർത്തനം ചൊല്ലൽ സുഖം നൽകുന്നു. അതുകൊണ്ടാണ് ഈ വരികൾ ഇഷ്ടപ്പെട്ടത്.
2. ഈ കവിത നിരവധി ചിത്രങ്ങൾ മനസ്സിൽ തെളിയിക്കുന്നു. സ്കൂളിലേക്ക് മഴ നനഞ്ഞെത്തുന്ന കുട്ടികൾ, ദൂരെ നിന്നും പെയ്തു വരുന്ന മഴ, വാഴയില തലയിൽ ചൂടി

വിശകലന ചോദ്യങ്ങൾ ആഴത്തിലുള്ള വായനയിലേക്ക് നയിച്ചുവോ? എല്ലാവർക്കും ഉത്തരമെഴുതാൻ കഴിഞ്ഞോ? ആസ്വാദനത്തിലേക്ക് എത്രപേർക്ക് എത്താൻ കഴിഞ്ഞു. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ടീച്ചറുടെ തിരിച്ചറിവുകൾ എന്തെല്ലാം?

പുസ്തകം മാറിൽ ചേർത്തു പിടിച്ച് നടന്നെത്തുന്ന കുട്ടികൾ. രണ്ടു കുട്ടികൾ ഒരു കുടചൂടി വരുന്നത് ഇങ്ങനെ നിരവധി ചിത്രങ്ങൾ ഈ കവിതാഭാഗത്ത് കാണാം.

3. അവധിക്കാലം കഴിയുമ്പോൾ അതുവരെയുണ്ടായിരുന്ന കളിയും ചിരിയും യാത്രകളും സമ്മാനിച്ച സന്തോഷത്തിന് അവസാനമാവുകയായി. കളിച്ചും ചിരിച്ചും കൂട്ടുകൂടിയും മതിവരാത്ത അവസ്ഥയും ബാക്കിയായ ആഗ്രഹങ്ങളുമൊക്കെയാണ് ഇവിടെ വേനൽക്കിനാക്കൾ കരിഞ്ഞുപോയ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

4. *"കുതിരുന്നു ഞാനാ മഴയിലല്ലാ-*
*ഒരു കുഞ്ഞു പെങ്ങൾ തൻ സ്നേഹവായ്പ്പിൽ"* -

പെരുമഴയത്ത് വാഴയില ചൂടി നനയുന്നില്ല എന്ന മട്ടിൽ എന്നാൽ നനഞ്ഞുവരുന്ന കവിയെ സ്വന്തം അനിയനോടെന്നപോലെ കനിവുകാട്ടി തന്റെ കുടയിലേക്ക് ചേർത്തു നിർത്തുകയാണ് ഒരു കുഞ്ഞുപെങ്ങൾ. ഈ സമയത്ത് താൻ നനഞ്ഞു കുതിർന്നത് മഴ നനഞ്ഞല്ലെന്നും ആ കുഞ്ഞുപെങ്ങളുടെ സ്നേഹവായ്പിലാണെന്നും കവി മനസ്സിലാക്കുന്നു. ആ പെങ്ങൾ നനയാതെ എന്ന് പറഞ്ഞ് അനിയനല്ലാത്ത അനിയനായ തന്നെ കുടയിൽ കൂട്ടി. അതിന് അവർക്ക് ഒരു കുറവും തോന്നിയില്ല. ഈ കവിതയുടെ പൂർണ്ണ ആശയം ഈ വരികളിൽ കാണാൻ കഴിയും.

- കുട്ടികൾ ഓരോ ഉത്തരവും പൊതുവായി അവതരിപ്പിക്കുമ്പോൾ ഒരു ചോദ്യത്തിന്റെ ടീച്ചർ വേർഷൻ കൂടി അവതരിപ്പിച്ചതിനുശേഷം അടുത്ത ചോദ്യം എടുക്കുന്നത് നന്നായിരിക്കും.

## V കവിതാലാപനം. (40 മിനിറ്റ്)

കുട്ടികൾ കവിത പല പ്രാവശ്യം വായിച്ചു. ആശയം ഉൾക്കൊണ്ടു. പദങ്ങൾ പരിചിതമായി. ഇനി കവിതയ്ക്ക് ഈണം നൽകാം. (5 മിനിറ്റ്) രണ്ടോ മൂന്നോ പേർ ചൊല്ലട്ടെ. ആലാപനത്തിലെ മികവുകൾ മറ്റു കുട്ടികൾ പറയുന്നു. (ആശയത്തിന് യോജിച്ചത്. ആലാപനത്തിലെ വ്യക്തത, കേൾക്കാൻ ഇമ്പമുണ്ട്, ഭാവം ഉൾക്കൊള്ളുന്നു.) ഇതിന്റെ അടിസ്ഥാനത്തിൽ സൂചകങ്ങൾ വികസിപ്പിക്കുന്നു. സൂചകങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും ആലപിക്കുന്നു. മറ്റുള്ളവർ സൂചകം വച്ച് വിലയിരുത്തുന്നു. അവതരണം - ചർച്ച. ടീച്ചറുടെ ആലാപനം കുട്ടികൾ വിലയിരുത്തുന്നു. ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തി കവിത അവതരിപ്പിക്കുന്നു. തുടർന്ന് ജോഡികളായി കവിത പരസ്പരം ആലപിക്കുന്നു. വിലയിരുത്തുന്നു.

എല്ലാവരും വ്യക്തിഗതമായി ഈണം കണ്ടെത്തിയോ? ഗ്രൂപ്പ്തലത്തിൽ വിലയിരുത്തൽ ഫലപ്രദമോ? ടീച്ചറുടെ വിലയിരുത്തൽ എന്താണ്? അനുയോജ്യമായ ഈണവും താളവുമാണോ കണ്ടെത്തിയത്? മികവുറ്റ ആലാപനം എത്ര ശതമാനം ? തിരിച്ചറിവുകൾ എന്തെല്ലാം?

### VI പ്രയോഗഭംഗി കണ്ടെത്താം. (40 മിനിറ്റ്)

കവിതയിലെ സവിശേഷമായ പ്രയോഗങ്ങൾ കുട്ടിൾ കണ്ടെത്തുന്നു. പൊതു അവതരണം.

- മഴത്തുള്ളികളും തുള്ളിവന്നല്ലോ
- പൊടിമീൻ നിര പോലെ കൂട്ടുകാർ
- അനിയനല്ലാത്തോരനിയൻ
- നീരാമ്പൽപോലെ
- ടീച്ചർ ബോർഡിൽ എഴുതുന്നു.
- ഈ പ്രയോഗങ്ങൾ സവിശേഷമെന്ന് പറയുന്നതെന്തുകൊണ്ട്? ചർച്ച.
- വർക്ക്ഷീറ്റ് - പ്രയോഗഭംഗി - നൽകുന്നു.
- വ്യക്തിഗതമായി എഴുതുന്നു.
- മൂന്നംഗ ഗ്രൂപ്പിൽ ഓരോ പ്രയോഗവും എല്ലാവരും വായിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തി എഴുതുന്നു. അതിനുശേഷം അടുത്തത് എന്ന രീതിയിൽ. പൊതു അവതരണം ചർച്ച.
- ടീച്ചർ വേർഷൻ അവതരണം. ചർച്ച, മെച്ചപ്പെടുത്തി എഴുതുക.

എല്ലാവർക്കും പ്രയോഗഭംഗി കണ്ടെത്താൻ കഴിഞ്ഞോ? പ്രയാസം നേരിട്ടത് എന്തുകൊണ്ട്? ചർച്ച മെച്ചപ്പെടുന്നുണ്ടോ? തിരിച്ചറിവുകൾ എന്തെല്ലാം?

### VII ചോദ്യോത്തരപ്പയറ്റ്. (40 മിനിറ്റ്)

- കുട്ടികൾ വ്യക്തിഗതമായി പരമാവധി ചോദ്യങ്ങൾ തയാറാക്കുന്നു. (5 മിനിറ്റ്)
- അഞ്ചംഗ ഗ്രൂപ്പിൽ ആവർത്തനമൊഴിവാക്കി ക്രോഡീകരിക്കുന്നു.
- ഗ്രൂപ്പുകൾ പരസ്പരം ചോദ്യങ്ങൾ ചോദിക്കുന്നു. ഉത്തരം പറയുന്നു. ശരിയുത്തരങ്ങൾക്ക് പോയിന്റ് നൽകുന്നു.
- മികച്ച ഗ്രൂപ്പുകളെ അഭിനന്ദിക്കുന്നു.

എല്ലാവരും ചോദ്യങ്ങൾ തയാറാക്കിയോ? ഗ്രൂപ്പുകളുടെ ക്രോഡീകരണം മികച്ചതായിരുന്നോ? ചോദ്യോത്തരപ്പയറ്റ് ചിട്ടയോടെ നടത്താൻ സാധിച്ചുവോ? തിരിച്ചറിവുകൾ എന്തെല്ലാം?

### VIII കണ്ടതും കേട്ടതും. (40 മിനിറ്റ്)

- “കുടയില്ലാത്തവർ” എന്ന കവിത നമുക്ക് ധാരാളം അനുഭവങ്ങൾ നൽകുന്നുണ്ട്. കാഴ്ച, കേൾവി, മണം, സ്പർശം, ഓർമകൾ തുടങ്ങി എന്തെല്ലാം അനുഭവമാണ് കവിക്കുണ്ടായത്?
- വ്യക്തിഗതമായി കുറിക്കുക. (10 മിനിറ്റ്) ഒന്നുരണ്ടുപേർ അവതരിപ്പിക്കുന്നു. ലഘുചർച്ച.
- വർക്ക് ഷീറ്റ് “ഇന്ദ്രിയാനുഭവങ്ങൾ” എല്ലാവർക്കും നൽകുന്നു. സ്വന്തമായി പൂരിപ്പിക്കുന്നു. മൂന്നംഗ ഗ്രൂപ്പിൽ അവതരണം. പൊതു അവതരണം ടീച്ചർ വേർഷൻ അവതരണം -ചർച്ച - മെച്ചപ്പെടുത്തൽ.

കവിതാസ്വാദനത്തിൽ കുട്ടികളിലുണ്ടായ എന്തു മാറ്റമാണ് തിരിച്ചറിഞ്ഞത്? എത്രപേർ വർക്ക് ഷീറ്റ് സ്വന്തമായി ചെയ്തു? രചനയിലെ വൈവിധ്യം എന്തെല്ലാം?

### IX മറക്കാനാവാത്ത മഴക്കാലം. (40 മിനിറ്റ്)

- പാഠപുസ്തകം - പേജ് 20 ലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്തുമനസ്സിലായി? ശരാശരി കുട്ടികളോട് ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കട്ടെ. ആവശ്യമെങ്കിൽ വ്യക്തത വരുത്താം.

- കുട്ടികൾ വ്യക്തിഗതമായി  മഴയനുഭവം എഴുതട്ടെ.
- ക്ലാസിന്റെ നിലവാരമനുസരിച്ച് ആശയഭൂപടം (Concept map) അനുഭവം പറയൽ, മനോപടം (Mind mapping) എന്നിവ യാകാം.
- മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും എഴുതിയ അനുഭവം വായിച്ചവതരിപ്പിക്കണം.
- അവതരിപ്പിക്കുമ്പോൾ മറ്റ് കുട്ടികൾ വിലയിരുത്തണം.
- വിലയിരുത്തൽ സൂചകങ്ങൾ ചർച്ചയിലൂടെ വികസിപ്പിക്കുന്നു.

**സൂചകങ്ങൾ**

- അനുഭവം ആശയവ്യക്തതയോടെ എഴുതണം.
- അനുയോജ്യമായ പദങ്ങളുടെ ഉപയോഗം
- ഉള്ളിൽ തട്ടുന്ന ഭാഷ
- അക്ഷരത്തെറ്റില്ലാതെ അക്ഷരം, പദം എന്നിവ അകലം പാലിച്ച് എഴുതുന്നു.

  ഗ്രൂപ്പ് അംഗങ്ങൾ ഈ സൂചകം വച്ച് വിലയിരുത്തുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തി എഴുതുന്നു. തുടർന്ന് ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം - ചർച്ച - ടീച്ചർ വേർഷൻ അവതരണം. കുട്ടികൾ വിലയിരുത്തുന്നു. സ്വന്തം ഗ്രൂപ്പിന്റെ രചനയുമായി  താരതമ്യം ചെയ്യുന്നു. ചർച്ച - ടീച്ചർ ക്രോഡീകരിക്കുന്നു.

**മഴയനുഭവം**

എം.ടി വാസുദേവൻ നായരുടെ മഴയനുഭവം (ടി.ടി. പേജ് - 81) ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. ചർച്ച- ടീച്ചറുടെ ക്രോഡീകരണം

**X ചിത്രം വരയ്ക്കാം. (40 മിനിറ്റ്)**

- പാഠപുസ്തകം പേജ് - 20 ലെ ചിത്രം വരയ്ക്കാം എന്ന പ്രവർത്തനം കുട്ടികൾ വായിക്കട്ടെ. എന്താണ് ചെയ്യേണ്ടത് എന്ന് കുട്ടികൾ തന്നെ വിശദീകരിക്കട്ടെ. ആവശ്യമെങ്കിൽ വ്യക്തത വരുത്തണം.

  "പലനിറമോലും........... പോണോരേ" - ഈ വരികൾ വായിക്കുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രമെന്താണ്?
- കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.
- ഇതുപോലെ ഈ കവിതവായിക്കുമ്പോൾ മറ്റെന്തെല്ലാം ചിത്രങ്ങളാണ് മനസ്സിൽ തെളിയുന്നത്. കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.
- മഴയത്ത് പലനിറത്തിലുള്ള കുട ചൂടി വരുന്ന കുട്ടികൾ
- പാടവരമ്പിലൂടെ മഴയത്ത് വാഴയില ചൂടി വരുന്നവർ
- അനിയനെ കുടയിൽ കൂട്ടിവരുന്ന ചേച്ചി.

കുട്ടികളുടെ പങ്കാളിത്തം, രചനയിലെ മികവുകൾ എന്തെല്ലാം? ടീച്ചറുടെ തിരിച്ചറിവുകൾ എന്തെല്ലാം?

- എല്ലാവർക്കും ആശയത്തെ ചിത്രീകരിക്കാൻ കഴിഞ്ഞോ?
- ടീച്ചർ വേർഷൻ തയാറാക്കുന്നതിൽ പ്രയാസം നേരിട്ടുവോ?
- ചിത്രരചനയിൽ മികവുള്ളവർക്കുള്ള തുടർപ്രവർത്തനമെന്ത്?

- വേനൽക്കാലത്തെ ഓർമ്മകളായി വരുന്ന പൂരം, വിഷു.
- പല നിറത്തിലുള്ള ആമ്പൽ വിരിഞ്ഞു നില്ക്കുന്ന തടാകം.
- ഇവയിൽ സ്വന്തമായി വരയ്ക്കാൻ ഇഷ്ടമുള്ള ഒരു ചിത്രം ഓരോരുത്തരും തെരെഞ്ഞെടുക്കണം.
- വ്വക്തിഗതമായി വരയ്ക്കുന്നു - 10 മിനിറ്റ്
- ഒരേ ചിത്രം തെരെഞ്ഞെടുത്തവർ ഒരു ഗ്രൂപ്പാകുന്നു. ചിത്രം പരസ്പരം വിലയിരുത്തുന്നു. വിലയിരുത്താനുള്ള സൂചകം വികസിപ്പിക്കുന്നു. നിർദ്ദേശങ്ങൾ പങ്കുവയ്ക്കുന്നു. മെച്ചപ്പെടുത്തുന്നു. ചിത്രത്തിന് പേര്/അടിക്കുറിപ്പ് നൽകുന്നു. ടീച്ചർവേർഷൻ അവതരണം. ചിത്രപ്പതിപ്പ് തയാറാക്കുന്നു.

**XI താരതമ്യം ചെയ്യാം. (40 മിനിറ്റ്)**

- പാഠപുസ്തകം 20 ലെ പ്രവർത്തനം വായിക്കട്ടെ. എന്താണ് ചെയ്യേണ്ടത്. കുട്ടികൾ കണ്ടെത്തുന്നു. വിശദീകരിക്കുന്നു.
- കുട്ടികൾ കുഞ്ഞേട്ത്തിയിലെ ഭാഗം പാഠപുസ്തകത്തിലുള്ളത് വായിക്കുന്നു. എന്തു മനസ്സിലായി. കുട്ടികൾ പ്രതികരിക്കുന്നു.
- "കുഞ്ഞേട്ത്തി", "കുടയില്ലാത്തവർ" എന്നീ കവിതകളിൽ സഹോദരനും സഹോദരിയും തമ്മിലുള്ള സ്നേഹബന്ധത്തെക്കുറിച്ച് താരതമ്യം ചെയ്ത് എഴുതുക.
- വ്യക്തിഗതമായി എഴുതുന്നു.
- മൂന്നംഗ ഗ്രൂപ്പിൽ അവതരണം ചർച്ച വിലയിരുത്തൽ സൂചകം ബോർഡിൽ എഴുതുന്നു.
- കുഞ്ഞേട്ത്തിയിലെ പെങ്ങൾ എങ്ങനെയാണ് സഹോദരനെ സഹായിക്കുന്നത്? സന്ദർഭം, അനിയന്റെ അവസ്ഥ സഹോദരിയുടെ മനോഭാവം എന്നിവയും ചർച്ച ചെയ്യാം.
- മെച്ചപ്പെടുത്തി എഴുതി പൊതു അവതരണം
- ചർച്ച. ടീച്ചർ വേർഷൻ അവതരണം.
- ചർച്ച - മെച്ചപ്പെടുത്തൽ

രണ്ടു കവിതാഭാഗവും താരതമ്യം ചെയ്തുവോ? ചർച്ച ഫലപ്രദമായിരുന്നോ? ചർച്ചയിൽ പങ്കെടുക്കുന്നതിന് കുട്ടികൾ നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം? ടീച്ചർ വേർഷൻ അവതരിപ്പിച്ചത് രചനയെ എങ്ങനെ സഹായിച്ചു?

**XII ശേഖരിക്കൂ. 20 മിനിറ്റ് (ഗൃഹപാഠം)**

- സഹോദര സ്നേഹത്തിന്റെ കഥ പറയുന്ന കവിതകൾ വ്യക്തിഗതമായി കുട്ടികൾ ശേഖരിക്കണം.
  (മഴക്കവിതകൾ)
- എവിടെനിന്നെല്ലാം ശേഖരിക്കാം. (ബാലസാഹിത്യകൃതികൾ, മുതിർന്നവരോട് ചോദിച്ച്, പാഠപുസ്തകങ്ങളിൽ നിന്ന്)
- ശേഖരിച്ചവ A4 ഷീറ്റിൽ എഴുതി അനുയോജ്യമായ ചിത്രം വരച്ച് അടുത്ത ദിവസം ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
  (മഴക്കവിതകൾ)
- കുട്ടികളും ടീച്ചറും വിലയിരുത്തുന്നു.

## XIII ആസ്വാദനക്കുറിപ്പ് (60 മിനിറ്റ്)

കുടയില്ലാത്തവർ എന്ന കവിതയുമായി ബന്ധപ്പെട്ട് നാം ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം? കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ഇവയിലുള്ള നാം ഉൾക്കൊണ്ട ആശയങ്ങൾ എന്തെല്ലാം? ചർച്ച - ടീച്ചർ കുട്ടികൾ പറയുന്ന ആശയം മനോപടമായി ബോർഡിൽ എഴുതുന്നു.

തുടർന്ന് "കുടയില്ലാത്തവർ" എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് എഴുതുക. (10 മിനിറ്റ്)

മൂന്നംഗ ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിക്കുക. പരസ്പരം വിലയിരുത്തുക. (10 മിനിറ്റ്) സൂചകം ചർച്ചയിലൂടെ തയാറാക്കണം.

- *ആശയപൂർണ്ണത, പ്രയോഗഭംഗി, ശബ്ദഭംഗി, സ്വന്തം അഭിപ്രായം, ലളിതവും വ്യക്തവുമായ ഭാഷ*

പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. മികച്ചവ പൊതു അവതരണം - ചർച്ച - വിലയിരുത്തൽ - ടീച്ചർ വേർഷൻ അവതരണം ചർച്ച - സ്വന്തം രചനകളുമായി താരതമ്യം ചെയ്യൽ, മെച്ചപ്പെടുത്തൽ

- ആശയങ്ങൾ പൂർണത യോടെ അവതരിപ്പിച്ചിട്ടുണ്ടോ?
- പങ്കാളിത്തം - ഗ്രൂപ്പ് പ്രവർത്തനത്തിന്റെ മികവ്? ടീച്ചർ വേർഷൻ ഉപയോഗപ്പെടുത്തിയത്.

## XIV എഡിറ്റിംഗ് 40 മിനിറ്റ്

- ആസ്വാദനക്കുറിപ്പ് വിശദമായ എഡിറ്റിംങ്ങിന് വിധേയമാക്കണം. ഇതിനായി ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംങ്ങിനായി തെരെഞ്ഞെടുത്ത് പൊതുവായി എഡിറ്റ് ചെയ്യണം.

  ഒരു ഗ്രൂപ്പിന്റെ രചന ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ടീച്ചർ വിവിധ തലങ്ങളിലുള്ള ചോദ്യങ്ങൾ പൊതുവായി ഉന്നയിച്ച് എഡിറ്റ് ചെയ്യുന്നു.

**ആശയതലം**

- എല്ലാ ആശയങ്ങളും വന്നിട്ടുണ്ടോ?
- ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ?
- ഇനിയും കൂട്ടിച്ചേർക്കേണ്ട കാര്യങ്ങൾ ഒഴിവാക്കേണ്ടവ എന്തെല്ലാം?

**വാക്യഘടന**

- വാക്യങ്ങൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ?
- വാക്കുകൾ വിട്ടുപോയിട്ടുണ്ടോ?
- ആവശ്യമില്ലാത്ത വാക്കുകൾ ചേർത്തിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങളാണോ?
- അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

- എഡിറ്റിങ്ങിൽ എല്ലാവരും പങ്കാളികളായോ?
- രചന എങ്ങനെ എഡിറ്റ് ചെയ്യാമെന്ന ധാരണ വികസിച്ചുവോ?
- സ്വന്തം രചന മെച്ചപ്പെടുത്താൻ എല്ലാവരും ശ്രമിച്ചുവോ?
- എഡിറ്റിംഗ് വേളയിൽ ടീച്ചർ നേരിട്ട പ്രശ്നങ്ങളെന്തെല്ലാം?
- സ്വന്തം നിരീക്ഷണങ്ങൾ എന്തെല്ലാം?

**അക്ഷരം**

- അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ?
- അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?
- അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ടോ?

**വ്യവഹാരരൂപതലം**

- ആശയസമഗ്രതയുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ എഴുതിയിട്ടുണ്ട്.
- പ്രയോഗഭംഗി, ശബ്ദഭംഗി എന്നിവ വിശദീകരിച്ചിട്ടുണ്ട്.
- ഇഷ്ടപ്പെട്ട വരി വിശദീകരിച്ചിട്ടുണ്ട്.
- പൊതുവായി ചോദ്യം ഉന്നയിച്ച് ചാർട്ടിൽ മാറ്റങ്ങൾ വരുത്തുന്നു. ഓരോരുത്തരും സ്വന്തം രചന മെച്ചപ്പെടുത്തുന്നു.
- പരസ്പരം കൈമാറി വിലയിരുത്തുന്നു.
- ആസ്വാദനക്കുറിപ്പ് A4 ൽ നന്നായി എഴുതുന്നു.
- അനുയോജ്യമായ ചിത്രങ്ങൾ വരയ്ക്കുന്നു.
- പതിപ്പ് തയാറാക്കുന്നു.

## പ്രതിഫലനക്കുറിപ്പ്

- കവിത വായിച്ച് മനസ്സിലാക്കുവാൻ കുട്ടികൾക്ക് അനുഭവം കുറവ്.
- പ്രതിഫലനാത്മക ചോദ്യങ്ങളുടെ അനുഭവക്കുറവുണ്ട്.
- വർക്ക് ഷീറ്റുകൾ ആവേശപൂർവം എല്ലാവരും ഏറ്റെടുത്തു.
- എല്ലാവർക്കും പങ്കാളിത്തവും പഠനനേട്ടവും ഉണ്ടായിട്ടുണ്ട്.

| യൂണിറ്റ് – 1 അമൃതം – വർക്ക്ഷീറ്റ് – കുടയില്ലാത്തവർ ക്ലാസ്സ് 4 മലയാളം |
| --- |
| **പ്രയോഗഭംഗി കണ്ടെത്താം – പ്രവർത്തനം – 6**<br><br>**"കുടയില്ലാത്തവർ" എന്ന കവിതയിലെ ചില പ്രയോഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയുടെ ഭംഗി വിശദമാക്കുക.** |
| 1. മഴത്തുള്ളികളും തുള്ളിവന്നല്ലോ |
| 2. പൊടിമീൻനിര പോലാം കൂട്ടുകാർ |
| 3. അനിയനല്ലാത്തോരനിയൻ |
| 4. നീരാമ്പൽ പോലെ |

| യൂണിറ്റ് – 1 അമൃതം – വർക്ക്ഷീറ്റ് – കുടയില്ലാത്തവർ ക്ലാസ്സ് 4 മലയാളം |
| --- |
| ഇന്ദ്രിയാനുഭവങ്ങൾ – പ്രവർത്തനം – 8<br><br>"കുടയില്ലാത്തവർ" എന്ന കവിത നൽകുന്ന ഇന്ദ്രിയാനുഭവങ്ങൾ |
| 1. കാണാൻ കഴിയുന്നത് |
| 2. കേൾക്കാൻ കഴിയുന്നത് |
| 3. മണത്തറിയുന്നത് |
| 4. ഓർമ്മിക്കാൻ കഴിയുന്നത് |

## മഴക്കൊതി (പ്രവർത്തനം 12)

*മഴകണ്ട് കൊതിയാകുന്നമ്മേ!*
*ഞാനും മഴയത്ത് പെയ്തിറങ്ങട്ടെ!*
*തുമ്പിക്കൈവണ്ണത്തിൽ വീഴും -*
*വെള്ളത്തുള്ളികൾ തുള്ളിക്കളിക്കും-*
*മുറ്റത്തെക്കൊച്ചു കടലിൽ - ചെറു-*
*തോണിയിലേറി ഞാൻ പോട്ടെ!*
*അമ്മയെക്കാണുവാനില്ല - അമ്മ -*
*യൊന്നുമേമിണ്ടുന്നുമില്ല.*
*കോരിച്ചൊരിയും മഴയോ -യെന്നെ-*
*കൈനീട്ടി മാടിവിളിപ്പൂ!*

*വർണ്ണക്കുട നിവർത്തുന്നു -യെന്റെ-*
*യുള്ളിലിടയ്ക്ക കൊട്ടുന്നു*
*പാൽനുര ചിന്നുന്ന നൃത്തം - ഉള്ളിൽ*
*തേൻമഴ പെയ്യും മധുരം*
*കാറ്റാർത്തലച്ചുവരുന്നു - വാനിൽ*
*വർണങ്ങൾ മാഞ്ഞുപോകുന്നു*
*ഉമ്മറത്തമ്മ മിന്നുന്നു.*
*"ഠ പ്പേ"ന്നിടിമുഴങ്ങുന്നു*
*മഴകൊണ്ട് കൊതി തീർന്നില്ലമ്മേ-*
*യെന്റെ കൊതി പെയ്തു തീരട്ടെയമ്മേ*

***- വി. പി***

## മഴക്കവിതകൾ (പ്രവർത്തനം 12)

- *അമ്മേ വരൂ വരൂ വെക്കം വെളിയിലേ-*
  *യ്ക്കല്ലെങ്കിലിമ്മഴ തോർന്നുപോമേ*
  *എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി*
  *പൊന്തുന്ന വെള്ളത്തിൽ തത്തിച്ചാടാൻ*

  *- ബാലാമണിയമ്മ*

- *ഇടവപ്പാതിപ്പാതിരയാ-*
  *ണിടിയും മഴയും പൊടിപാരം*
  *പുരമുറ്റത്തെപ്പുളിമാവിന്മേ-*
  *ലൊരു ഗന്ധർവ്വൻ പാടുന്നു* *- ഇടശ്ശേരി ഗോവിന്ദൻ നായർ*

- *ചിന്നിത്തെറിക്കും നറുമുത്തുപോലെ*
  *നീളുന്ന വെള്ളിത്തെളിനൂലുപോലെ*
  *ആകാശഗംഗാ പ്രസരങ്ങൾ പോലെ-*
  *യാഹാ! പതിപ്പൂപുതുവർഷതോയം*

  *- വൈലോപ്പിള്ളി ശ്രീധരമേനോൻ*

- *ഒരു മഴ പെയ്തു ഭൂമികിളിർത്തു*
  *ഒരു കതിർനീണ്ടു ഭൂമിപൊലിച്ചു.*

  *- അയ്യപ്പപ്പണിക്കർ*

- *കാറ്റിന്റെ കൂട്ടില്ലാതെയിടിയില്ലാതെ തനി-*
  *ച്ചങ്ങനെ പെയ്തീടേണം*
  *താമരനൂലുപോലെ തൂവെള്ളിക്കമ്പിപോലെ*
  *തുമ്പിക്കൈവണ്ണം*
  *ഒടുക്കം കുടം കൊണ്ട് ചൊരിയുന്നതുപോലെ*
  *എന്തൊരുരസമാണതുകാണുവാ*
  *നതിൻഗാനം കേൾക്കുവാൻ*

  *- കുഞ്ഞുണ്ണി*

- *കൊട്ടിപ്പാടുന്ന മഴ! നടവരമ്പത്തൊരു -*
  *കുട്ടിയുണ്ടതിൻ കയ്യിൽ പുസ്തകം, പൊതിച്ചോറും*
  *കുടയായൊരു തൂശനിലയും*
  *അതുകൊത്തിക്കുടയുന്നുവോ, മഴക്കാറ്റിന്റെ കാക്കക്കൂട്ടം*

  *- ഒ.എൻ.വി*

പ്രവർത്തനം 11

## *കുഞ്ഞനിയൻ*

*കുഞ്ഞേടത്തി, കുടയില്ലാത്തവർ എന്നീ രണ്ടു കവിതകളിലും അനിയനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ് നമുക്ക് കാണാൻ കഴിയുന്നത്. കുഞ്ഞേടത്തിയിലെ അനിയൻ വളരെ ചെറിയ കുട്ടിയാണ്. അവന് ഒരമ്മയുടെ സ്ഥാനത്തു നിന്നുള്ള ലാളനവും കരുതലുമാണ് കുഞ്ഞേടത്തി നൽകുന്നത്. എന്നാൽ "കുടയില്ലാത്തവർ" എന്ന കവിതയിലെ സഹോദരൻ "അനിയനല്ലാത്ത അനിയനും" സഹപാഠിയുമാണ്. ഇവിടെ വാഴയിലയും ചൂടി നനഞ്ഞു വരുന്ന അനിയന്റെ പ്രയാസം മനസ്സിലാക്കി യാതൊരു "കുറവും" തോന്നാതെ തന്റെ കുടയിൽ കൂട്ടുകയാണ് ആ പെൺകുട്ടി. അവനെ കുടയിൽ കൂട്ടിയാൽ നമറ്റുള്ളവർ കളിയാക്കുമോ എന്ന ഭയം ആ ചേച്ചിക്കില്ലായിരുന്നു. അനിയനെ സഹായിക്കേണ്ട സന്ദർഭത്തിൽ മടി കൂടാതെ സഹായിക്കുന്നു. കുഞ്ഞേടത്തിയിലെ അനിയൻ സ്വന്തം അനിയനാണ്. മാതൃസമാനമായ സ്നേഹവും വാത്സല്യവുമാണ് പ്രകടിപ്പിക്കുന്നത്. അവനെ ലാളിക്കുകയും ആനയുടേയും മയിലിന്റേയും ഒട്ടകത്തിന്റേയും കഥ മടിയിലിരുത്തി മാറോടണച്ച് പറയുന്ന സഹോദരിയെയാണ് ഒ. എൻ. വി അവതരിപ്പിച്ചത്. രണ്ടു കവിതയിലും സഹോദര സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങൾ കാണാം.*

പ്രവർത്തനം 13

## *സ്നേഹക്കുട*

*ഒ.എൻ.വി കുറുപ്പ് എഴുതിയ കവിതയാണ് "കുടയില്ലാത്തവർ". പോയ് മറഞ്ഞ കുട്ടിക്കാലത്തിന്റെ കുസൃതികൾ വർഷങ്ങൾക്ക് ശേഷവും കവിക്ക് ഓർത്തെടുക്കാനാവുന്നു. പൂരവും, പെരുന്നാളും, പൂക്കണിയും, വിഷുവും സ്കൂൾ തുറന്ന നാളിലെ പെരുമഴയും ഇന്നും മനസ്സിലുണ്ട്. ഇന്ന് കുട്ടികൾ സ്കൂളിലേക്ക് പല നിറത്തിലുള്ള കുടകളുമായി ഒഴുകിയെത്തുമ്പോൾ കവി തന്റെ കുട്ടിക്കാലം ഓർത്തുപോകുന്നു.*

*കവിയുടെ സ്കൂൾ കാലത്ത് എല്ലാ കുട്ടികൾക്കും കുടയുണ്ടായിരുന്നില്ല. വാഴയില കുടയാക്കി "നനയാതെ നനഞ്ഞാ"ണ് മിക്ക കുട്ടികളും എത്തുന്നത്. ഈ കവിതയിൽ ഒരു കൊച്ചു പെങ്ങൾ "അനിയനല്ലാത്ത അനിയനെ" നനയാതെയെന്നു പറഞ്ഞ് തന്റെ കുടയിൽ കൂടെ നിർത്തുന്നു. അപ്പോൾ താൻ യഥാർത്ഥത്തിൽ നനഞ്ഞത് മഴയിലല്ലെന്നും ആ സ്നേഹനിധിയായ പെങ്ങളുടെ ദയാവായ്പിലാണെന്നും കവി പറയുന്നു. ഇതു വായിക്കുന്ന ഓരോ വായനക്കാരനും ആ പെങ്ങളുടെ സ്നേഹത്തിന്റെ പെരുമഴയിൽ നനയുന്നു.*

*"മഴത്തുള്ളികൾ തുള്ളിവരിക", "പല നിറമോലും നീരാമ്പൽ" പോലുള്ള കുടകൾ, "മഴവെള്ളച്ചാലുകൾ നീന്തിയെത്തുന്ന പൊടിമീൻ കൂട്ടം", "വാഴയില ചൂടി വരുന്ന കുട്ടികൾ", തുടങ്ങിയ നേർക്കാഴ്ചകൾ കവിതയെ മനോഹരമാക്കുന്നു. പുതുമണ്ണിന്റെയും പുത്തനുടുപ്പിന്റേയും ഗന്ധം കവിതയിൽ നമുക്ക് അനുഭവപ്പെടുന്നു. നനയാതെ നനയുക, അനിയനല്ലാത്ത അനിയൻ തുടങ്ങിയ പ്രയോഗങ്ങളും വായനക്കാർക്ക് പുതിയ അനുഭവമാകുന്നു. ഒരിക്കൽ ഈ കവിത വായിച്ചാൽ ഒരിക്കലും മായാതെ നമ്മുടെ മനസ്സിൽ ഈ കവിത നിറഞ്ഞു നില്ക്കും. തീർച്ച.*

## 2-9 വിലയിരുത്തൽ എന്ത്? എങ്ങനെ?

വിലയിരുത്തൽ സമീപനം വിവിധ വിഷയങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്. വിവിധ അധ്യാപക സഹായികളിലും, പടവുകൾ എന്ന വിലയിരുത്തൽ സമീപനരേഖയിലും വിലയിരുത്തൽ പ്രവർത്തനം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ നൽകുമ്പോൾ നാം നൽകുന്ന പ്രക്രിയകൾ, പഠന പ്രക്രിയയിൽ കുട്ടി നേരിടുന്ന പ്രയാസങ്ങൾ എന്നിവ ഓരോ ഘട്ടത്തിലും അധ്യാപിക വിലയിരുത്തിയിരിക്കും. കുട്ടിക്ക് വേണ്ട പഠനപിന്തുണ ഉറപ്പാക്കാനുള്ള ശ്രമമാണ് ഇത്. അധ്യാപക സഹായി,പടവുകൾ എന്നിവ റഫർ ചെയ്ത് താഴെ സൂചിപ്പിച്ച ആശയങ്ങളിൽ വ്യക്തത വരുത്തൂ. താഴെ കൊടുത്ത സൂചകങ്ങൾ പരിഗണിച്ച് കുറിപ്പുകൾ തയ്യാറാക്കി പൊതു ചർച്ചനടത്തൂ.

- വിലയിരുത്തലിന്റെ സമീപനം
- ചോദ്യനിർമ്മാണം
- സ്കോറിങ്ങ് രീതികൾ
- വിലയിരുത്തൽ തന്ത്രങ്ങൾ
- വിലയിരുത്തൽ ഫോർമാറ്റ്
- പഠനപുരോഗതി രേഖ
- സർഗാത്മക കഴിവുകളുടെ വിലയിരുത്തൽ

ചർച്ചക്ക് വേണ്ടി അധ്യാപക സഹായിയിലെ പ്രസക്ത ഭാഗങ്ങൾ പ്രയോജനപ്പെടുത്തുക.

**പഠനം (Learning) :** പഠനം എന്നത് കുട്ടികളിൽ സ്വാഭാവികമായും നിരന്തരമായും നടക്കുന്ന ഒരു പ്രക്രിയയാണ്. പഠനം കാര്യക്ഷമമാകണമെങ്കിൽ, അനുഭവങ്ങൾ ഉദ്ദേശ്യാധിഷ്ഠിതവും പഠനനേട്ടങ്ങളെ കേന്ദ്രീകരിച്ചുമാകണം. കുട്ടി നേടേണ്ട ശേഷികളെയും ധാരണകളെയും സംബന്ധിച്ച് അധ്യാപകന് വ്യക്തമായ അവബോധം ഉണ്ടാകണം. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് നേടേണ്ട **പഠനനേട്ടങ്ങൾ** (Learning outcomes) മുൻകൂട്ടി കണ്ടുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഈ പ്രവർത്തനങ്ങൾ ജീവിതസന്ദർഭങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുകയും വേണം.

ഇപ്രകാരം നേടിയ ശേഷികളും ധാരണകളും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് എത്രമാത്രം പര്യാപ്തമാണ്? പഠനനേട്ടങ്ങൾ കൈവരിക്കാൻ ഇനിയും ശേഷിക്കുന്നവർ ആരെല്ലാം? നൽകേണ്ടുന്ന തുടരനുഭവങ്ങൾ എന്തെല്ലാമാകണം? അവ എങ്ങനെ നൽകും? ഇപ്രകാരമുള്ള ചിന്തകളാണ് വിലയിരുത്തലിന്റെ ഭാഗമായി അധ്യാപകരിൽ ഉണ്ടാകേണ്ടത്.

ഒരു പാഠഭാഗത്തിന്റെ/യൂണിറ്റിന്റെ വിനിമയത്തിനുശേഷം 'എന്തൊക്കെ പഠിച്ചു' എന്ന് വിലയിരുത്തുന്ന പ്രക്രിയയെ **പഠനത്തെ വിലയിരുത്തൽ** (Assessment of learning) എന്ന് പറയാം. പാഠഭാഗങ്ങളുടെ പഠനത്തിനുശേഷമുള്ള പഠിതാവിന്റെ മികവ്, പഠനനിലവാരം എന്നിവയാണ് ഇവിടെ വിലയിരുത്തപ്പെടുന്നത്. ഇത് വിലയിരുത്തലിന്റെ ഒരു തലം മാത്രമേ ആകുന്നുള്ളൂ.

എന്നാൽ പഠനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വിലയിരുത്തലിനാണ് കൂടുതൽ പ്രാമുഖ്യം കൽപ്പിക്കേണ്ടത്. പഠനം നടക്കുന്ന വേളയിൽ അതിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി അധ്യാപകനോ, സഹപാഠികളോ നടത്തുന്ന വിവിധങ്ങളായ ഇടപെടലുകൾ ഉണ്ടാകാം. പഠനത്തിനോടൊപ്പമുള്ള ഈ വിലയിരുത്തലും ഫീഡ്ബാക്ക് നൽകലും വിലയിരുത്തലിന്റെ മറ്റൊരുതലമാണ്. ഇതിനെ **പഠനത്തിനായുള്ള വിലയിരുത്തൽ** (Assessment for learning) എന്ന് പറയാം. ഇത് പഠനപുരോഗതിക്കുവേണ്ടി നിരന്തരം നിർവഹിക്കേണ്ടതും പഠനപ്രവർത്തനത്തോട് ഇഴചേർന്ന് നിൽക്കുന്നതുമാണ്.

ഇതോടൊപ്പം പഠനത്തിലൂടെ നേടിയ ആശയങ്ങളെയും ധാരണകളെയും സ്വയം വിമർശനാത്മകമായി പരിശോധിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു തിരുത്തൽ പ്രക്രിയയും ഉണ്ട്. ഇതിനെ സ്വയം വിലയിരുത്തലായി കരുതാം. ഇപ്രകാരം സ്വയം നിർവഹിക്കുന്ന വിലയിരുത്തലിലൂടെയും പഠനം സാധ്യമാകുന്നു. ഇതിനെ **വിലയിരുത്തൽതന്നെ പഠനം** (Assessment as learning) എന്നു പറയാം.

പഠനം കൂടുതൽ കാര്യക്ഷമമായി നിർവഹിക്കണമെങ്കിൽ 'പഠനത്തിനായുള്ള വിലയിരുത്തൽ', 'വിലയിരുത്തൽതന്നെ പഠനം' എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. അത്തരത്തിൽ പഠനം ഫലപ്രദമാകുന്നതിനുള്ള വിലയിരുത്തൽ പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്ന സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിലുള്ള പഠനസമീപനം സ്വീകരിക്കുമ്പോൾ അതിന് അനുഗുണമായ ഒരു വിലയിരുത്തൽ സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ പഠനനേട്ടങ്ങൾക്കും പ്രക്രിയക്കും ഊന്നൽ നൽകുന്ന വിലയിരുത്തൽ സമീപനമാണ് സ്വീകരിക്കേണ്ടത്. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകി രൂപപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങളിൽ പഠിതാവിന്റെ 'സജീവപങ്കാളിത്തം' ഉറപ്പുവരുത്തുന്നു. വിമർശനാത്മകചിന്ത, യുക്തിചിന്ത, പഠനത്തിന്റെ പ്രതിഫലനവും പ്രകടനവും, പരസ്പരബന്ധിതമായ അറിവ് തുടങ്ങിയവ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിയുള്ള പഠനത്തിന്റെ സവിശേഷതകളാണ്.

### നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE)

നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ രീതിയാണ് നാം സ്വീകരിച്ചിരിക്കുന്നത്. കുട്ടിയിൽ അനുസ്യൂതമായി നടക്കുന്ന ഒരു പ്രക്രിയയാണ് പഠനം. അതുകൊണ്ടുതന്നെ ശേഷികളും ധാരണകളും എത്രത്തോളം നേടി എന്ന് പരിശോധിക്കുന്ന വിലയിരുത്തൽ പ്രക്രിയയും നിരന്തരമായിരിക്കണം. സമഗ്രമായ വിലയിരുത്തൽ എന്നതുകൊണ്ട് അർഥമാക്കുന്നത് കുട്ടിയുടെ വൈജ്ഞാനികവും സാമൂഹികവും വൈകാരികവുമായ മേഖലകളിലെ തുടർച്ചയായ വിലയിരുത്തലാണ്.

### ഗ്രേഡിങ് രീതി

നിരന്തരവും സമഗ്രവുമായ വിലയിരുത്തലിന് ഗ്രേഡിങ് രീതിയാണ് ഉപയോഗിക്കുന്നത്. എട്ടാംക്ലാസ് വരെയുള്ള ഗ്രേഡിങ്ങിന് പൊതുവായി അഞ്ച് പോയിന്റ് ഗ്രേഡിങ് ഉപയോഗിക്കുന്നു. അഞ്ച് പോയിന്റ് ഗ്രേഡിങ്ങിന്റെ ഗ്രേഡ് പോയിന്റ് ശതമാനവും ഗ്രേഡും ചുവടെ നൽകുന്നു.

| ഗ്രേഡ് പോയിന്റ് ശതമാനം | ഗ്രേഡ് |
|---|---|
| 75 - 100 | A |
| 60 - 74 | B |
| 45 - 59 | C |
| 33 - 44 | D |
| 33 ൽ താഴെ | E |

### നിരന്തര വിലയിരുത്തലിന്റെ ഭാഗമായി ഭാഷയിൽ പഠനപ്രക്രിയ വിലയിരുത്തേണ്ടത് എങ്ങനെയെന്ന് പരിശോധിക്കാം.

ഭാഷയിൽ ഉള്ളടക്കപരമായ ആശയം ലഭിക്കുന്നു എന്നതുപോലെ പ്രധാനമാണ് വ്യവഹാരരൂപസംബന്ധിയായ അറിവും ഭാഷാശേഷികളുടെ വികാസവും കുട്ടിയിലുണ്ടാകുന്നു എന്നതും. അങ്ങനെയെങ്കിൽ സൂചകങ്ങൾ പരിഗണിച്ചുകൊണ്ട് എങ്ങനെയാണ് പഠനപ്രക്രിയ വിലയിരുത്തേണ്ടത്.

- **പങ്കാളിത്തം**

  പഠനപ്രവർത്തനത്തിൽ പഠിതാവിന്റെ താല്പര്യം, ഗ്രൂപ്പുപ്രവർത്തനത്തിലെ പങ്കാളിത്തം, വ്യത്യസ്ത ഭാഷാപഠനസങ്കേതങ്ങളിലൂടെ (ലൈബ്രറി, അസൈൻമെന്റ് പൂർത്തിയാക്കൽ.......) അറിവ് നിർമ്മിച്ചെടുക്കുന്ന രീതി എന്നിവയൊക്കെ ഇതിൽ പരിഗണിക്കണം.

- **ആശയധാരണ**

  ഭാഷയിലെ ഉള്ളടക്കപരമായ ധാരണ, വ്യവഹാരരൂപത്തിന്റെ ഘടന, ഗുണനിലവാര സൂചകങ്ങൾ, ഭാഷാപരമായ മികവ് എന്നിവയിൽ പഠിതാവ് എവിടെ നിൽക്കുന്നു എന്നതാണ് അധ്യാപിക ഇവിടെ വിലയിരുത്തേണ്ടത്.

- **ശേഷികൾ**

  ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മകത തുടങ്ങിയ ശേഷി മേഖലകളിൽ പഠിതാവിന്റെ പുരോഗതി വിലയിരുത്തി ഫീഡ്ബാക്ക് നൽകുന്നു. ഇവിടെ വിവിധ ഭാഷാ വ്യവഹാര മേഖലകൾ, ഭാഷാവസ്തുതകൾ, ആശയവിനിമയം എന്നിവയിൽ കുട്ടിയുടെ പ്രകടനം കൂടി പരിഗണിക്കണം.

- **പ്രകടനം/അവതരണം**

  ഭാഷയിൽ ആശയപ്രകടനത്തിന് വ്യത്യസ്ത വഴികളുണ്ടല്ലോ. കുട്ടിയുടെ രചനാശേഷിപോലെ തന്നെ പ്രധാനമാണ് മറ്റ് ഭാഷാപ്രകടനങ്ങളും (വായന, ആലാപനം, അഭിനയം, ചിത്രംവര, ഭാഷണം) - ഉച്ചാരണശുദ്ധി, സ്പഷ്ടത എന്നിവയൊക്കെ പരിഗണിച്ചായിരിക്കും ഇവിടെ അധ്യാപിക ഫീഡ്ബാക്ക് നൽകേണ്ടത്.

- **രേഖപ്പെടുത്തൽ /തയാറാക്കൽ**

  പ്രവർത്തനത്തിലൂടെ കടന്നുപോയപ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ? രേഖപ്പെടുത്തലുകൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ആണോ? രേഖപ്പെടുത്തലിന് അടുക്കും ചിട്ടയും ഉണ്ടോ? വ്യക്തിഗതമായി രചന നടത്തിയിട്ടുണ്ടോ? ക്ലാസ് ചർച്ചയ്ക്ക് ശേഷം ഗ്രൂപ്പിൽ മെച്ചപ്പെടുത്തിയിട്ടുണ്ടോ? തെറ്റില്ലാതെ രചന നിർവഹിക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ? എന്നതാണ് അധ്യാപിക വിലയിരുത്തേണ്ടത്.

  - അധ്യാപകസഹായി, ക്ലാസ് 4

സർഗാത്മകമായ കഴിവുകൾ അളക്കുമ്പോൾ തികഞ്ഞ ശ്രദ്ധവയ്ക്കണം. കുട്ടിയുടെ ഭാവനകൾ വൈവിധ്യം നിറഞ്ഞതും വിചിത്രങ്ങളുമായിരിക്കും. തികഞ്ഞ സഹൃദയത്വമായി സമീപിക്കുമ്പോഴേ കുട്ടിയുടെ വ്യാഖ്യാനവും ചിന്തകളും നമുക്ക് ലഭിക്കുകയുള്ളൂ. ചിത്രങ്ങളുടെയും മറ്റും പൂർണതയ്ക്കുവേണ്ടി നിർബന്ധിക്കേണ്ടതില്ല. കുട്ടിയുടെ വ്യാഖ്യാനങ്ങൾ കേട്ട് പ്രോത്സാഹിപ്പിക്കുകയാണ് നല്ലത്. ധാരാളം എഴുതിയ ഒരു രചനയിൽ ചിലപ്പോൾ സർഗാത്മകതയുടെ അംശം കണ്ടില്ലെന്നു വരാം. പക്ഷെ ചിലപ്പോൾ രണ്ടു വരികൾ മാത്രം കുറിച്ച ഒരു രചനയിൽ പ്രതിഭയുടെ മിന്നൽ കാണാനുമാകും. ഇക്കാര്യം മനസ്സിൽ വെച്ചുവേണം സർഗാത്മക രചനകളെ വിലയിരുത്താൻ.

- **യൂണിറ്റ്തല വിലയിരുത്തൽ**

  ഒരു യൂണിറ്റിൽ വിവിധ പഠനനേട്ടങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പരസ്പരബന്ധത്തോടെയാണ് വിന്യസിച്ചിരിക്കുന്നത്. ഇതിന് ഒരു സമഗ്രസ്വഭാവമുണ്ട്. ഒരു യൂണിറ്റിലെ പഠിതാവിന്റെ പഠനത്തെ വിലയിരുത്തുന്നതിലൂടെ ഈ സമഗ്രതാ ബോധത്തെയാണ് (മുഴുവൻ പഠനനേട്ടങ്ങളെയും പരിഗണിച്ച്) വിലയിരുത്തുന്നത്. വാചികമായ വിലയിരുത്തൽ, ക്വിസ് പ്രോഗ്രാം, ഓപ്പൺബുക്ക് വിലയി

രുത്തൽ, ചോദ്യങ്ങൾ തയാറാക്കലും ഉത്തരസൂചിക കണ്ടെത്തലും, പുതിയ രചനകൾ വിലയിരുത്തൽ തുടങ്ങിയവ യൂണിറ്റ് വിലയിരുത്തലിന് പരിഗണിക്കാവുന്നതാണ്. നിശ്ചിത യൂണിറ്റിലെ പഠനനേട്ടങ്ങളുടെ കാര്യത്തിൽ കുട്ടി എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിയാൻ സഹായകമായ റേറ്റിങ്സ്കെയിൽ, ചെക്ക് ലിസ്റ്റ് തുടങ്ങിയവയും ഉപയോഗിക്കാവുന്നതാണ്. യൂണിറ്റ് വിലയിരുത്തൽ പഠനപ്രവർത്തനത്തോടൊപ്പം സ്വാഭാവികമായി നടക്കേണ്ടതാണ്.

**ചോദ്യനിർമ്മാണം മാർഗനിർദ്ദേശങ്ങൾ**

- ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നിർദിഷ്ട പഠനനേട്ടങ്ങൾ എത്രമാത്രം നേടാൻ സാധിച്ചുഎന്നു വിലയിരുത്താനുള്ള ചോദ്യങ്ങളാണ് പരിഗണിക്കേണ്ടത്.
- പാഠപുസ്തകത്തിലെ അറിവുംഅനുഭവവും ബന്ധപ്പെടുത്തിയാവണംചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.
- ഭാഷാ വസ്തുതകൾക്കും ഭാഷാ ശേഷികൾക്കും വ്യവഹാരരൂപങ്ങൾക്കും, ഉള്ളടക്കത്തിനും, രചനാവൈഭവത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്.

ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഒരു ഡിസൈൻ ആദ്യംതന്നെ തയ്യാറാക്കണം. ഇതിൽ

i. പഠനനേട്ടങ്ങൾക്കുള്ള വെയിറ്റേജ്

ii. ഉള്ളടക്കത്തിന്റെ വെയിറ്റേജ്

iii. വിവിധതരം ചോദ്യങ്ങൾക്കുള്ള വെയിറ്റേജ്

iv. വിവിധ ചിന്താശേഷികൾക്കുള്ള വെയിറ്റേജ് എന്നിവ വ്യക്തമാക്കണം

- ചോദ്യപേപ്പറിൽ വസ്തുനിഷ്ഠ ചോദ്യങ്ങളും, വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങളും ഉണ്ടാവണം. ഒരുപോയന്റ് ഉള്ള രണ്ട് വസ്തുനിഷ്ഠചോദ്യങ്ങളും, മൂന്ന് പോയന്റ് ഉള്ള വിശദമായി ഉത്തരമെഴുതേണ്ട ഒരു ചോദ്യവും ചേർന്ന ഒരു കോമ്പിനേഷനായാണ് ഇപ്പോൾ നൽകിവരുന്നത്
- വിവിധ ചിന്താശേഷികൾ പരിഗണിക്കുമ്പോൾ ആശയസ്വാംശീകരണ ചിന്താശേഷികൾക്ക് 60% വും ആശയപ്രയോഗവുമായി ബന്ധപ്പെട്ട ചിന്താശേഷികൾക്ക് 40% വും വെയിറ്റേജാണ് നൽകുക.
- **വസ്തുനിഷ്ഠമാതൃക ചോദ്യങ്ങൾക്ക് 15-20% വെയിറ്റേജ് നൽകാം.**
- എല്ലാ വിഭാഗം പഠിതാക്കളുടെയും വ്യത്യസ്ഥതലത്തിലെത്തി നിൽക്കുന്ന പഠനനേട്ടങ്ങൾ അറിയിക്കുന്നതിന് ഗുണനിലവാര സൂചകങ്ങൾ താഴെപ്പറയുന്ന രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്. അതിനായി ഓരോ ചോദ്യത്തിനേയും a/b/c/d/e എന്ന സൂചകങ്ങൾ നൽകിക്കൊണ്ട് ഗുണനിലവാര മികവ് രേഖപ്പെടുത്താവുന്നതാണ്.

| സൂചകം | ഗുണനിലവാര മികവ് | പോയിന്റ് |
|---|---|---|
| a | ഉന്നത നിലവാരം | 5 പോയിന്റ് |
| b | മികച്ച നിലവാരം | 4 പോയിന്റ് |
| c | ശരാശരിക്ക് മുകളിൽ | 3 പോയിന്റ് |
| d | ശരാശരി നിലവാരം | 2 പോയിന്റ് |
| e | ശരാശരിയിൽ താഴെ | 1 പോയിന്റ് |

- ഗുണനിലവാരസൂചകം അടിസ്ഥാനപ്പെടുത്തി ഓരോ ക്ലസ്റ്റർ ചോദ്യത്തിനും 5/4/3/2/1 എന്ന രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്ന സുചകങ്ങൾ നൽകി, എല്ലാ ചോദ്യത്തിനും കൂടി ലഭി

ക്കുന്ന ആകെ പോയിന്റിനെ ചുവടെ കൊടുത്തിരിക്കുന്ന 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓരോ വിഷയത്തിനും ലഭിച്ച TE ഓവറോൾ ഗ്രേഡ് കണക്കാക്കാം.

| ഗ്രേഡ് പോയിന്റ് (%) | ഗ്രേഡ് |
|---|---|
| 75 - 100 | A |
| 60 - 74 | B |
| 45 - 59 | C |
| 33 - 44 | D |
| 33 ൽ താഴെ | E |

(i) യൂണിറ്റുകൾ, പഠനനേട്ടങ്ങൾ എന്നിവയ്ക്കുള്ള വെയിറ്റേജ്

| യൂണിറ്റുകൾ | പഠനനേട്ടങ്ങൾ (നമ്പർ) | ഗ്രേഡ് പോയിന്റ് | ഗ്രേഡ് പോയിന്റ് (%) |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

(ii) ചിന്താശേഷികൾക്കുള്ള വെയിറ്റേജ്

| ചിന്താശേഷികൾ | ഗ്രേഡ് പോയിന്റ് | ഗ്രേഡ് പോയിന്റ് |
|---|---|---|
| ആശയം - ധാരണ നേടൽ/ സ്വാംശീകരണം എന്നിവയ്ക്ക് ആവശ്യമായ ചിന്താശേഷികൾ. | | 60 |
| ആശയപ്രയോഗത്തിന് ആവശ്യമായ ചിന്താശേഷികൾ | | 40 |

(iii) വിവിധ ചോദ്യമാതൃകകൾക്കുള്ള വെയിറ്റേജ്

| വിവിധ ചോദ്യമാതൃകകൾ | ഗ്രേഡ് പോയിന്റ് | ഗ്രേഡ് പോയിന്റ് (%) |
|---|---|---|
| വസ്തു നിഷ്ഠ മാതൃക | | 15 - 20 |
| വിശദമായ ഉത്തരമെഴുതേണ്ട മാതൃക | | 80 - 85 |

### 2.10 പ്രതിഫലനാത്മക ചിന്താകുറിപ്പുകൾ

പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നൽകുമ്പോൾ അധ്യാപിക ചിലകാര്യങ്ങൾ മനസ്സിൽ വെക്കേണ്ടതുണ്ട്. ഓരോ പഠനനേട്ടത്തിനും അത് ലക്ഷ്യംവെക്കുന്ന ഗുണതാ നിലവാരത്തിന്റെ സൂചകങ്ങൾ വിശകലനംചെയ്യണം. ആശയപരമായ ഗുണതാ സൂചകങ്ങളും പ്രക്രിയാ പരമായ ഗുണതാസൂചകങ്ങളും തിരിച്ചറിഞ്ഞ് രേഖപ്പെടുത്തണം. ഇതുവെച്ചുവേണം വിലയിരുത്തൽ നടത്താൻ.പഠന പ്രക്രിയയുടെ മുന്നോട്ടു പോക്കിൽ

പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ചും, കുട്ടികളുടെ പ്രകടനങ്ങളെക്കുറിച്ചും ചിലപ്പോൾ അധ്യാപികയ്ക്ക് വളരെ വ്യത്യസ്തമായ അനുഭവങ്ങൾ പങ്കുവെക്കാനുണ്ടാവും. അത് ചിലപ്പോൾ പ്രവർത്തനത്തിൽ പങ്കെടുത്ത കുട്ടികളുടെ മികവുകളുടെ സൂചനകളാവാം,അല്ലെങ്കിൽ താൻ നൽകിയ പ്രവർത്തനത്തിന്റെ മികവോ പോരായ്മയോ ആവാം. മറ്റ് അധ്യാപകരുടെ മുന്നിൽ എസ്.ആർ.ജി.യിൽ തന്റെ അനുഭവമെന്ന നിലയിൽ അവതരിപ്പിക്കുമ്പോൾ മികവാണെങ്കിൽ അത് മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്താം. പോരായ്മകളാണെങ്കിൽ മറ്റ് അധ്യാപകരുടെ കൂടെ സഹായത്തോടെ പുതിയ പ്രവർത്തന രീതി രൂപപ്പെടുത്താം.

## 2.11 വിദ്യാലയാനുഭവ പരിപാടിയുടെ മുന്നൊരുക്കം

- വിശകലനാത്മക വിലയിരുത്തൽ
- വിദഗ്ധരുടെക്ലാസ്സ്
- ടീച്ചർ എജുക്കേറ്റർമാരുടെ ക്ലാസ്സ്
- സഹപഠിതാവിന്റെ ക്ലാസ്സ്

വിദ്യാലയാനുഭവ പരിപാടിയുടെ തയാറെടുപ്പ് വേളയിൽ ടീച്ചർ എജുക്കേറ്റർ, വിദഗ്ധർ, സഹ പഠിതാവ് എന്നിങ്ങനെ മൂന്ന് വിശകലനക്ലാസ്സ് ഓരോ കുട്ടിയും കാണുകയും ക്ലാസ്സ്, വിശകലനരേഖ ഉപയോഗിച്ച് വിലയിരുത്തുകയും വേണം. ഓരോ ഘട്ടത്തിലും അധ്യാപിക നടത്തുന്ന പ്രവർത്തനങ്ങൾ സൂഷ്മ വിശകലനം ചെയ്ത് കൂടുതൽ മെച്ചപ്പെടുത്താനുള്ള പ്രയോഗിക നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പ്രവർത്തനം.

ഈ ക്ലാസ്സുകളുടെ ടി.എം അധ്യാപകവിദ്യാർത്ഥി തയാറാക്കണം. ടീച്ചർ എജുക്കേറ്റർ ,വിദഗ്ധ അധ്യാപകന്റെ ക്ലാസ്സ് എന്നിവ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ നേരത്തെ തയാറാക്കിയ ബോധനശാസ്ത്രപരമായ അപഗ്രഥനവും,യൂണിറ്റ് ആസൂത്രണ മാതൃകയും പരിഗണിച്ച് ഓരോ അധ്യാപകവിദ്യാർത്ഥിയും പാഠാസൂത്രണം നടത്തുകയും ലാബ് സ്കൂളിൽ ക്ലാസ്സെടുക്കുകയും വേണം. സഹപഠിതാക്കൾ ക്ലാസ്സ് വിശകലന രേഖ ഉപയോഗിച്ച് ഇവ വിലയിരുത്തി മികവുകളും പോരായ്മകളും, , ബദൽനിർദ്ദേശങ്ങളും വെക്കും.

? വിദ്യാലയത്തിൽ അധ്യാപക വിദ്യാർത്ഥി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തണം
ഈ പ്രവർത്തനങ്ങൾ നടത്താനുള്ള തയാറെടുപ്പുകൾ എന്തൊക്കെ?

## 2.12 ഭാഷാ ക്ലാസ്സിലെ പഠനോപകരണങ്ങൾ (TLM)

മുൻകൂട്ടിതീരുമാനിച്ചിട്ടുള്ള പാഠപുസ്തകങ്ങൾക്കുപകരം പലതരം ജൈവപാഠങ്ങൾക്കാണ് ഭാഷാ സമഗ്രതാദർശനത്തിൽ ഊന്നൽ നൽകുന്നത്. വ്യവഹാരരൂപങ്ങളളായാണ് ഭാഷ നിലനിലനിൽക്കുന്നത് എന്ന ആശയം അത് മുന്നോട്ടുവയ്ക്കുന്നു.കുട്ടിയും പഠനസാമഗ്രിയും തമ്മിലുള്ള ഇടപഴകൽ വഴി കുട്ടിക്ക് പുതിയ അറിവുകൾ നിർമ്മിച്ചെടുക്കാനാവും. നോട്ടീസും, പോസ്റ്ററും, പുസ്തകങ്ങളും, ചിത്രവും, വിവിധമാസികകളും, ദിനപ്പത്രങ്ങളും ഭാഷാ ക്ലാസ്സിലെ പഠന സാമഗ്രിയായി മാറും.

## 2.13 ഐസി.ടി സാധ്യത പ്രയോജനപ്പെടുത്തൽ

അന്താരാഷ്ട്ര നിലവാരത്തിലുള്ള പൊതുവിദ്യാലയങ്ങളാണ് നാം ലക്ഷ്യം വെക്കുന്നത്. സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാലേ ലക്ഷ്യം കൈവരിക്കാനാവു. അതനുസരിച്ച് വിദ്യാലയങ്ങളിലെല്ലാം ഹൈടെക് സാങ്കേതിക വിദ്യയിലൂന്നിയ ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. പ്രൈമറി ക്ലാസ്സുകളിലും ഇത്തരം ഉപകരണങ്ങൾ വന്നുകഴിഞ്ഞു. അതിനാൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ വിദഗ്ധരുടെ സഹായത്തോടെ സ്വയം ചെയ്ത് പരിശീലിക്കണം.

- സമഗ്ര പോർട്ടലിൽ പ്രവേശിച്ച് ടീച്ചിങ്ങ് മാന്വൽ പരിശോധിക്കാനും, വിഭവങ്ങൾ കണ്ടെത്താനും പരിശീലനം നേടുക
- പ്രസന്റേഷൻ തയ്യാറാക്കുക
- പഠന സഹായ വീഡിയോകൾ ഡൗൺലോഡ് ചെയ്ത് എഡിറ്റ് ചെയ്യാൻ പരിശീലിക്കൽ

## 2.14 ദിനാചരണങ്ങളും ഭാഷാർജ്ജനവും

ദിനാചരണങ്ങളുടെ ഭാഗമായി ഭാഷാ വികാസത്തിനുള്ള നിരവധി പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടന്നുവരുന്നു. എല്ലാ ദിനാചരണങ്ങളേയും ഭാഷാ പ്രവർത്തനങ്ങളാക്കി മാറ്റാം. വൈവിധ്യമുള്ള പ്രവർത്തനങ്ങളാവണം നൽകേണ്ടത്. ഒരു ദിനാചരണത്തിന്റെ വിശദാംശങ്ങൾ പരിശോധിക്കാം.

### ജൂൺ 19 വായന ദിനം

വായന വാരം വായന സംസ്കാരം വളർത്തുന്നതിനുള്ള വർഷാദ്യ ഇടപെടലായി കാണണം.

എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക എന്നതാണ് ലക്ഷ്യം. ചില പ്രവർത്തന സാധ്യതകളാണ് ചുവടെ ചേർക്കുന്നത്.

ഇതിനു പുറമേയുള്ള പ്രവർത്തനങ്ങളുമാകാം. ഓരോ ക്ലാസിനും പ്രവർത്തനപദ്ധതി വേണം.

എൽ.പി, യു.പി നിലവാരം പരിഗണിച്ച് അനുയോജ്യമായ പ്രവർത്തനങ്ങൾ പ്രയോജനപ്പെടു ത്തുക

### ലക്ഷ്യങ്ങൾ

- വിദ്യാലയവുമായി ബന്ധപ്പെട്ട എല്ലാവരിലും വായന ശീലം വളർത്തുക
- ക്ലാസ് വായനക്കൂട്ടം, അമ്മമാരുടെ വായന വേദി എന്നിവ രൂപീകരിക്കുക
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക
- വായനാനുഭവങ്ങൾ പങ്കിടുന്നതിനുള്ള വിവിധ തന്ത്രങ്ങൾ രൂപപ്പെടുത്തുക
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക
- മലയാളത്തിലെ വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുക
- ദിനാചരണങ്ങളമായി ബന്ധപ്പെട്ട് വായനയുടെ സാധ്യത കണ്ടെത്തുക.
- പ്രൈമറി തലത്തിലെ കുട്ടികൾക്കാവശ്യമായ വായനസാമഗ്രികൾ കണ്ടെത്തുക
- വായനസാമഗ്രികൾ വികസിപ്പിക്കുക
- ക്ലാസ് ലൈബ്രറിയുടെ പ്രായോഗികത പരിശോധിക്കുക
- ഇൻലാൻറ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയെ വായന പരിപോഷിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തുക
- വായന വിലയിരുത്തുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- സ്കൂൾ തലത്തിൽ നടക്കുന്ന വായന പ്രവർത്തനങ്ങൾക്കു പ്രവർത്തന പദ്ധതി രൂപപ്പെടുത്തുക

### പ്രവർത്തനങ്ങൾ (കരട്)

- **ക്ലാസ് പ്രതിനിധികളുടെ യോഗം**

ഒരു ക്ലാസിൽ നിന്നും രണ്ടു പ്രതിനിധികൾ.(ആൺകുട്ടിയും പെൺകുട്ടിയും )

യോഗത്തിൽ വച്ച് വായനോത്സവ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് വിശദാംശങ്ങൾ തീരുമാനിക്കണം. വായനാമോണിറ്ററിംഗ് സംഘവും ഇവരാണ്.

- **ക്ലാസ് വായനക്കൂട്ടങ്ങൾ രൂപീകരിക്കൽ**

അഞ്ചുപേരടങ്ങുന്ന ഗ്രൂപ്പ്. ഒരു ആഴ്ച എത്ര പുസ്തകം വായിക്കാനാകും?

വായനക്കുറിപ്പെങ്ങനെ തയ്യാറാക്കും? എന്നിവ ചർച്ച ചെയ്യുന്നു.

ഒരു മാസത്തെ ലക്ഷ്യം തീരുമാനിക്കുന്നു. വായനാനുഭവങ്ങൾ ഓരോ ഗ്രൂപ്പിലെയും ഓരോ പ്രതിനിധി പൊതുവായി പങ്കിടുന്നു. പ്രതികരണങ്ങൾ, പ്രോത്സാഹനം ഇത് പുസ്തക പരിചയപ്പെടുത്തൽ കൂടിയാണ്

- **വായനോത്സവം ഉദ്ഘാടനം**

ഉദ്ഘാടന യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരും ഒരു പുതിയ പുസ്തകം വായിച്ച അനുഭവം കൂടി പങ്കിടണം. വായനക്കുറിപ്പിന്റെ പ്രകാശനം,

അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ,

വായനവാര സന്ദേശം, വായനോത്സവ പ്രവർത്തനപദ്ധതിയുടെ അവതരണം,

അമ്മമാർക്ക് പുസ്തകം നല്കി അമ്മ വായനവേദി രൂപീകരിക്കൽ ,

വായിച്ച കൃതികളുടെ രംഗാവിഷ്കാരം തുടങ്ങിയ വിവിധ പരിപാടികൾ ആലോചിക്കാവുന്നതാണ്.

- **പുസ്തകചർച്ച**

മാസത്തിൽ ഒന്നു വീതം, അവസാന വാരം തിങ്കളാഴ്ച്ച.

എല്ലാവർക്കും അവസരം ലഭിക്കണം. വായിച്ച പുസ്തകം ഇഷ്ടപ്പെടാനുള്ള കാരണം, അതിന്റെ സന്ദേശം, കഥാപാത്ര നിരൂപണം, പ്രധാന ആശയങ്ങൾ,അതെങ്ങനെ എന്നെ സ്വാധീനിച്ചു, വായിച്ചപ്പോളുണ്ടായ തോന്നലുകൾ തുടങ്ങിയവ അവതരിപ്പിക്കാം. നിർദിഷ്ട പുസ്തകം ആ മാസം വായിച്ചവരെല്ലാവരും ചർച്ച നയിക്കാനുണ്ടാകണം.അധ്യാപികയും ആ പുസ്തകം വായിച്ചിരിക്കണം.

ചർച്ചയിൽ പങ്കെടുത്ത് കുട്ടികൾ കാണാത്ത തലമുണ്ടെങ്കിൽ അതു ചൂണ്ടിക്കാട്ടണം.

- **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ആനുകാലികങ്ങളിൽ വരുന്ന രചനകൾ വായിച്ചു വിലയിരുത്തൽ നടത്തണം,പ്രതികരണങ്ങൾ ബുളളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കണം. വായനവാര പ്രവർത്തനം, തുടരണം.

- **വായനയും ആവിഷ്കാരവും**

വായിച്ച പുസ്തകങ്ങളെ ആധാരമാക്കിയുളള നാടകം, കഥാപ്രസംഗം, മറ്റു രംഗാവിഷ്കാരം, ചിത്രീകരണം, ഇൻലാൻറ് മാഗസിൻ, പതിപ്പ് തുടങ്ങിയവ

- **രചയിതാക്കളെ പരിചയപ്പെടുത്തൽ**

അസംബ്ലിയിൽ ഒരു ഇനമാകണം.

കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം,

രചയിതാവിന്റെ ചിത്രം (A4 Size) പ്രദർശിപ്പിക്കണം. ഈ ചിത്രം പിന്നീട് ചിത്രഗാലറിയിലേക്ക് മാറ്റാവുന്നതാണ്. എല്ലാവർക്കും പങ്കാളിത്തം, പരിചയപ്പെടുത്തൽക്കുറിപ്പുകൾ ക്രോഡീകരിച്ച് ലഘു പുസ്തകം തയ്യാറാക്കണം (ഞങ്ങൾക്കിഷ്ടപ്പെട്ട എഴുത്തുകാർ). അവതാരകർ രചയിതാവിന്റെ ഒരു രചനയെങ്കിലും വായിച്ചിരിക്കണം. പവർ പോയൻറ് അവതരണം, രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് - എസ്. കെ., സെപ്തംബർ.........

- **സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി തയ്യാറാക്കൽ**
- **ആസ്വാദ്യകരമായ വായന**

സ്വയം പരിശീലിക്കൽ, അവതരണം, പരസ്പര വിലയിരുത്തൽ, സെപ്തംബർമാസം

- **വായന സാമഗ്രികൾ വികസിപ്പിക്കൽ**

ഒന്ന്, രണ്ട് ക്ലാസുകൾക്കു വേണ്ടി വായന സാമഗ്രികൾ ശേഖരിക്കൽ,

കുട്ടികളുടേയും രക്ഷിതാക്കളുടേയും പ്രാദേശിക എഴുത്തുകാരുടേയും അധ്യാപകരുടേയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ.

രചനകൾ സ്പൈറൽ ബൈൽഡ് ചെയ്ത് കുട്ടികളുടെ വായനാസാമഗ്രിയായി ഉപയോഗിക്കൽ

- **വായനാപുരോഗതി വിലയിരുത്തൽ**

പ്രദർശന ബോർഡ് ,പരസ്പര വിലയിരുത്തൽ, വായനക്വിസ്. വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് ഇവയുടെ ഗ്രേഡ് ഉയർത്താനുള്ള പരിപാടികൾ, വായനയുടെ തലങ്ങൾ പരിചയപ്പെടുത്തൽ ,

വിമർശനാത്മക വായന പരിചയപ്പെടുത്തിയതിനു ശേഷമുള്ള കുറിപ്പുകളുടെ നിലവാരം.

വായന ഫീഡ് ബാക്ക് നൽകൽ..

- **മറ്റ് ദിനാചരണങ്ങളും വായനയും**

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ (ക്വിസ്, കുറിപ്പ്, അവതരണങ്ങൾ)

- **പത്രവായന**

**ലക്ഷ്യം :** ഓരോ ദിവസവും വൈവിധ്യമുള്ള രീതിയിൽ പത്രവായന വിദ്യാലയങ്ങളിൽ നടത്തുന്നതിനുള്ള മാതൃകകൾ വികസിപ്പിക്കുക. മാധ്യമ വിശകലനം, വാർത്തയോടുള്ള പ്രതികരണം അവതരിപ്പിക്കൽ എന്നിവയ്ക്കു അവസരം ഒരുക്കാവുന്നതാണ്. വാർത്തകൾ തെരഞ്ഞെടുത്തതിന്റെ ഔചിത്യം, വൈവിധ്യം, പ്രസക്തി, അവതരണ രീതി, ആശയവിനിമയക്ഷമത എന്നിവ പരിഗണിച്ച് പത്രവാർത്താവതരണം വിലയിരുത്തി പ്രോത്സാഹിപ്പിക്കണം. അസംബ്ലിയിൽ പത്ര ക്വിസ് നടത്താം.

ആഴ്ചയിലൊരിക്കൽ ക്ലാസ്പത്ര പ്രകാശനവും നടത്തണം.

- **ക്ലാസ് ലൈബ്രറി രൂപകല്പന ചെയ്യൽ**

വൈവിധ്യമുള്ള രീതികൾ പരിശോധിക്കൽ, മാതൃകകൾ വികസിപ്പിക്കൽ ( തുറന്നലൈബ്രറി)

- **ലൈബ്രറി സജീവമാക്കൽ**

പുസ്തകവിതരണ രജിസ്റ്റർ, കുട്ടിലൈബ്രേറിയന്മാർ, ക്ലാസ് തലത്തിൽ വായന പുരോഗതി മോണിറ്റർ ചെയ്യൽ, പുസ്തകപ്രദർശനം, കാറ്റലോഗ് നിർമാണം, പുസ്തകങ്ങൾ നിലവാരമനുസരിച്ചും വിഭാഗം പരിഗണിച്ചും തരം തിരിക്കൽ

- **'ഇ വായന' സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ, വിക്കിഗ്രന്ഥശാല പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി വികസിപ്പിക്കൽ, വായനക്കൂട്ടത്തിന്റെ നേതൃത്വത്തിൽ ബ്ലോഗുകൾ ആരംഭിക്കൽ, ഇ പേപ്പറുകൾ പരിചയപ്പെടൽ

- **വായനയിൽ പിന്നാക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കൽ.**
- **സഹവർത്തിത വായനയുടെ സാധ്യത പ്രയോജനപ്പെടുത്തൽ**

**അമ്മമാരുടെ വായനവേദി രൂപീകരിക്കൽ**

ക്ലാസ് പി. ടി. എ. യിൽ തീരുമാനമെടുക്കണം. വായനാനുഭവങ്ങൾ പങ്കിടാനവസരം കൊടുക്കണം. മാസത്തിലൊരിക്കൽ അസംബ്ലിയിൽ അവരിലൊരാൾ പുസ്തകം പരിചയപ്പെടുത്തട്ടെ.

**വായനക്കുറിപ്പുകളുടെ പതിപ്പ്**

വായനവാരപ്രവർത്തനം. മികച്ച കുറിപ്പുകൾക്കു സമ്മാനം.

ജൂൺ 19 ന് വായനദിനത്തിൽ തുടങ്ങി ഒരു വർഷം നീണ്ടു നിൽക്കുന്ന വായനാ പോഷണ പരിപാടിയുടെ പ്രവർത്തന സൂചനയാണ് മുകളിൽ നൽകിയിരിക്കുന്നത്.വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താവുന്ന പ്രവർത്തന സൂചനകളാണ് ഇവ.വായന പ്രധാന്യത്തോടെ നടപ്പാക്കേണ്ട പ്രവർത്തനമാണ്. ഇതിൽ വിദ്യാലത്തിന് അനയോജ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

- വിവിധ ഗ്രൂപ്പുകളിൽ ജൂലായ് മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ഭാഷയുമായി ബന്ധപ്പെട്ട ഒരു ദിനം കണ്ടെത്തി അത് വിദ്യാലയത്തിൽ എങ്ങനെ നടപ്പാക്കുമെന്നതിന്റെ ഒരു പ്രവർത്തന രൂപ രേഖ തയ്യാറാക്കുക

## 2.15 വിദ്യാലയാനുഭവപരിപാടി പിന്തുണാ സംവിധാനങ്ങൾ

**മെന്റർ ടീച്ചർ**

മെന്ററിങ്ങ് രീതിയിലാണ് സ്കൂൾ ഇന്റേൺഷിപ്പ് നടക്കുന്നത്. ഒരു വ്യക്തിയുടെ കഴിവുകളും സാധ്യതകളും ദൗർബല്യങ്ങളും തിരിച്ചറിഞ്ഞ് അയാളെ രക്ഷാകർതൃഭാവത്തോടെ സഹായിച്ചും തിരുത്തിയും മെച്ചപ്പെടുത്തിയും വളർത്തിയെടുക്കുന്നതാണ് മെന്ററിങ്. പരിചയ സമ്പന്നരായ അധ്യാപകരുടെ സഹായം പിന്തുണ, ഉപദേശം, മേൽനോട്ടം എന്നിവയിലൂടെ അധ്യാപക വിദ്യാർത്ഥികൾ പ്രായോഗികത ആർജിക്കലാണ് ഇവിടെ നടക്കുക.

അധ്യാപക സഹായി, പാഠപുസ്തകം, സ്കീം ഓഫ് വർക്ക്, എന്നിവ പരിശോധിച്ച് ഓരോ മാസത്തേക്കുള്ള യൂണിറ്റുകളും അവയുടെ സമഗ്രാസൂത്രണവും പരിശോധിക്കുക. നേരത്തെ നൽകിയ മാതൃകപോലെ ടീച്ചിങ്ങ് മാന്വൽ രൂപപ്പെടുത്തുക.

## 2.16 വിദ്യാലയാനുഭവ പരിപാടിയുടെ വിലയിരുത്തൽ

വിദ്യാലയാനുഭവ പരിപാടിയുടെ ഭാഗമായി അധ്യാപകവിദ്യാർത്ഥികളുടെ മനോഭാവങ്ങൾ, ധാരണകൾ അധ്യാപന നൈപുണികൾ എന്നിവ വിലയിരുത്തും. മെന്റർ ടീച്ചർ, പ്രധാനാധ്യാപകൻ, ടീച്ചർ എജുക്കേറ്റർ എന്നിവരുടെ ടീമാണ് ഈ വിലയിരുത്തൽ നിർവ്വഹിക്കുന്നത്. സ്കൂളിൽ നടത്തുന്ന ക്ലാസ്സ് നിരീക്ഷണങ്ങൾ,മെന്ററുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, ക്ലാസ്സ് ആസൂത്രണം നിർവ്വഹണം, കുട്ടികളുമായുള്ള ഇടപെടൽ,സ്കൂൾ പ്രവർത്തനങ്ങളിലെ ഇടപെടൽ എന്നിങ്ങനെ എല്ലാ മേഖലകളും പരിഗണിച്ചായിരിക്കും വിലയിരുത്തൽ. ഓരോ ആഴ്ചയിലും ഐ.ടി.ഇ.കളിൽ സെമിനാർ രൂപത്തിൽ ഓരോ സ്ഥാപനത്തിലേയും വിദ്യാലയാനുഭവ പ്രവർത്തനങ്ങളുടെ അവലോകനം നടത്തേണ്ടതുണ്ട്.

**പ്രതിഫലനങ്ങൾ – തിരിച്ചറിവുകൾ**

യൂണിറ്റിലൂടെ കടന്നു പോയപ്പോൾ നിങ്ങൾക്കു ലഭിച്ച തിരിച്ചറിവുകൾ എന്തെല്ലാമാണ്? താഴെപ്പറയുന്ന ചോദ്യങ്ങളോട് പ്രതികരിച്ചു നോക്കൂ.

1. ഒരു ഭാഷാ അധ്യാപകന്/അധ്യാപികയ്ക്ക് ഉണ്ടായിരിക്കേണ്ട കഴിവുകൾ എന്തൊക്കെ?
2. ഭാഷാശേഷികളുടെ വികാസത്തിന് സഹായകമായ രീതിയിൽ ഇന്ന് വിദ്യാലയത്തിൽ നടന്നു വരുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

3. വിദ്യാലയത്തിൽ നടക്കുന്ന ടാലന്റ് ലാബ് പ്രവർത്തനങ്ങളിൽ (ചിത്രരചനാ ക്യാമ്പ്, അഭിനയക്കളരി, നിർമാണ വേള എന്നിവ..) നിങ്ങൾക്ക് ഏതെല്ലാം പ്രവർത്തനങ്ങളുടെ റിസോഴ്സ് പേഴ്സണായി നേതൃത്വം നൽകാൻ കഴിയും.

4. ആശയ ഗ്രഹണ വായന, ആഴത്തിലുള്ള വായന ഇവ പ്രോത്സാഹിപ്പിക്കാൻ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ നിർദേശിക്കുക.

5. 'ദിനാചരണങ്ങൾ ഭാഷാ പ്രവർത്തനങ്ങൾ തന്നെയാണ്.' ഏതെങ്കിലും ഒരു ദിനാചരണത്തോടനുബന്ധിച്ച് ക്ലാസിൽ നൽകാവുന്ന പ്രവർത്തനങ്ങളുടെ പട്ടിക തയാറാക്കുക.

6. ഭാഷാ ക്ലാസിൽ പ്രയോജനപ്പെടുത്താവുന്ന ഏതാനും സാമഗ്രികൾ നിർദേശിക്കുക. (മൂന്ന്, നാല് ക്ലാസുകളിലെ കേരള പാഠാവലിയിലെ ഏതെങ്കിലും യൂണിറ്റിന് അനുയോജ്യമായി)

## ഈ യൂണിറ്റിൽ നിന്നും എനിക്കുണ്ടായ ധാരണകളും തിരിച്ചറിവുകളും

### സ്വയം വിലയിരുത്തൽ സൂചിക

| നമ്പർ | സൂചകപ്രസ്താവനകൾ | പൂർണ്ണ തോതിൽ | ഭാഗിക മായി | ഇനിയും വ്യക്തത വരുത്തണം |
|---|---|---|---|---|
| 1. | ഭാഷാധ്യാപകനുണ്ടായിരിക്കേണ്ട കഴിവുകൾക്കനുസരിച്ച് സ്വയം നവീകരിക്കാനുള്ള ധാരണകൾ ഞാൻ നേടിയിട്ടുണ്ട്. | | | |
| 2. | എന്റെ വിദ്യാലയാനുഭവ പരിപാടി സമയത്ത് ഇന്ന് വിദ്യാലയത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഇടപെടാനുള്ള ധാരണകൾ എനിക്കു ലഭിച്ചിട്ടുണ്ട്. | | | |
| 3. | ഗുണനിലവാരത്തിനായി ഇന്ന് വിദ്യാലയത്തിൽ നടക്കുന്ന വിവിധ പരിപാടികളുടെ തുടർച്ചയും വളർച്ചയും എന്റെ പാഠാസൂത്രണങ്ങളിൽ പ്രതിഫലിക്കും. | | | |
| 4. | യൂണിറ്റുകളെ ബോധനശാസ്ത്രപരമായി അപഗ്രഥിക്കാനുള്ള ശേഷി എനിക്കുണ്ട്. | | | |
| 5. | പാഠവിനിമയത്തിനായി അനുയോജ്യമായ പഠനതന്ത്രങ്ങൾ സ്വീകരിക്കാനും, അതിനാവശ്യമായ പഠനസാമഗ്രികൾ നിർമിക്കാനും എനിക്കാവും. | | | |
| 6.. | ' അഭിമാനരേഖ' ഉൾപ്പെടെയുള്ള വിലയിരുത്തൽ രേഖകളും, വിലയിരുത്തൽ രീതികളും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. | | | |

മുകളിൽ നൽകിയ സൂചകങ്ങൾക്കനുസരിച്ച് നിങ്ങളുടെ ധാരണകളെ റേറ്റ് ചെയ്യുക. ഭൂരിപക്ഷം പേരും ഇനിയും വ്യക്തത വരുത്തണമെന്ന സൂചനയാണ് നൽകുന്നതെങ്കിൽ ആ ഭാഗങ്ങൾ വീണ്ടും ചർച്ചക്കു വിധേയമാക്കുക.

# യൂണിറ്റ് - 3

# ഭാഷയും സാങ്കേതികവിദ്യയും

**ആമുഖം**

വിവരവിനിമയ സാങ്കേതികവിദ്യ അനുദിനം വളർന്ന് ശക്തി പ്രാപിക്കുകയാണ്. ഭാഷയുടെ വളർച്ചയിലും ഈ സാങ്കേതികവിദ്യയുടെ പ്രാധാന്യം ചെറുതല്ല. ക്ലാസ്റൂമുകളിൽ ഭാഷ കൈകാര്യം ചെയ്യുന്നതിന് ശക്തി പകരുന്നതും സാങ്കേതികവിദ്യ തന്നെ. ക്ലാസ്മുറികൾ ഹൈടെക് ആയി മാറിയതനുസരിച്ച് ആ ക്ലാസ് മുറികളിലെ പഠനവും ഹൈടെക് ആകേണ്ടതുണ്ട്. അതിനാവശ്യമായ സാങ്കേതികവിദ്യ ആർജിക്കേണ്ടതും നടപ്പിലാക്കേണ്ടതും വിദ്യാർത്ഥികളിലേക്കെത്തിക്കേണ്ടതും അധ്യാപകന്റെ കടമയാകുന്നു. ഹൈടെക്ക്ലാസ്റൂം കൈകാര്യം ചെയ്യുന്നതിനും അതിലൂടെ പാഠ്യപദ്ധതി വിനിമയത്തിന് സഹായകമായ ഇ-വിഭവങ്ങൾ കണ്ടെത്തുന്നതിനും പങ്കുവയ്ക്കുന്നതിനും ധാരണ നേടുക, നവമാധ്യമങ്ങളുടെ സാധ്യതകൾ പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജനപ്പെടുത്തുക, നവമാധ്യമങ്ങളുടെ സഹായത്തോടെ 'അവനവൻ പ്രസാധകനാവുക' തുടങ്ങിയ പഠനനേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഭാഷയും സാങ്കേതികവിദ്യയും' എന്ന ഈ യൂണിറ്റ് വിഭാവന ചെയ്തിരിക്കുന്നത്.

ഒപ്പം ഭാഷ കടന്നു വന്ന വഴിയും മനസ്സിലാക്കേണ്ടതുണ്ട്. ലിപിയുടെ ആവശ്യകത, പ്രാധാന്യം, ലിപിവിന്യാസത്തിൽ വന്ന മാറ്റം, ലിപി പരിഷ്കരണത്തിന്റെ ആവശ്യകത, അക്ഷരം എഴുതുന്ന രീതി, കൂട്ടക്ഷരങ്ങൾ രൂപപ്പെടുന്നതെങ്ങനെ എന്നിവയിലും ധാരണ നേടണം. ബ്ലോഗ് നിർമ്മാണം, ആനിമേഷൻ, ലേഔട്ട്, പ്രസന്റേഷൻ തയ്യാറാക്കുന്നതിലെ സൂക്ഷ്മത മുതലായവയിൽ പ്രായോഗിക പരിജ്ഞാനവും നേടണം.

ഡി.എൽ.എഡ് ഒന്നാം സെമസ്റ്ററിലും രണ്ടാം സെമസ്റ്ററിലും വിവരവിനിമയ സാങ്കേതികവിദ്യ (107, 207)യിൽ പഠിച്ച ഭാഗങ്ങളുടെ പ്രയോഗവൽക്കരണം കൂടിയാണ് ഈ യൂണിറ്റ് ലക്ഷ്യം വയ്ക്കുന്നത്. 107, 207 പേപ്പറുകളിൽ ധാരണ നേടിയ സാങ്കേതികവിദ്യകൾ, ഭാഷയ്ക്കും അതിലൂടെ വിവരവിനിമയത്തിനും എങ്ങനെ സാധ്യമാക്കിയെടുക്കാം എന്നതാവട്ടെ ഈ യൂണിറ്റിന്റെ പ്രാധാന്യം.

**ലിപി പരിണാമത്തിന്റെ ചരിത്രം**


ഭാഷ എന്നു പറഞ്ഞാൽ ഭാഷാ വിജ്ഞാനീയത്തിൽ സംഭാഷണഭാഷ എന്നാണർത്ഥം. എഴുതാനുള്ള ശ്രമം ആരംഭിച്ചതോടെ ലിഖിതഭാഷ കൂടി നിലവിൽ വന്നു. ഈ ലിഖിതഭാഷയ്ക്ക് അടിസ്ഥാനം ചിത്രമോ ചിത്രത്തിൽ നിന്നും ഉടലെടുത്ത ചിത്രലിപിയോ ആണ്. ചിത്രം ഉപയോഗക്ഷമമായിത്തീരുമ്പോൾ അതിനെ ലിപി എന്നു വിളിക്കുന്നു. ആദ്യകാലത്ത് ചിത്രലിപി അത് പ്രതിനിധാനം ചെയ്തിരുന്ന വസ്തുവിനെ സൂചിപ്പിച്ചിരുന്നു. ചിത്രലിപിയിൽ നിന്നും എഴുത്തിലേക്കുള്ള പുരോഗതി ക്രമാനുഗതമായിരുന്നു. വരമൊഴി മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ അവിഭാജ്യഘടകമാണെങ്കിലും മാനവചരിത്രത്തിന്റെ ആധുനിക ഘട്ടത്തിൽ മാത്രമാണ് അവന് എഴുതാനുള്ള കഴിവ് കൈവന്നത്.

ആദിമ കാലങ്ങളിൽ ആശയ വിനിമയത്തിന് ജനങ്ങൾ ചിത്രങ്ങളെയാണ് അവലംബിച്ചിരുന്നത്. അർഥസംവേദനക്ഷമങ്ങളും സംക്ഷിപ്തങ്ങളുമായ ചിഹ്നങ്ങളാലും സംജ്ഞകളാലും വസ്തുക്കളെയും സംഭവങ്ങളെയും പ്രദർശിപ്പിക്കുവാനും പ്രതിനിധാനം ചെയ്യാനുമുള്ള കരുത്ത് മനുഷ്യന് സാവധാനത്തിൽ മാത്രമേ കൈവന്നുള്ളു. മനുഷ്യന്റെ ദീർഘകാലത്തെ ഉദ്യമങ്ങളുടെ ഫലമായി ഉച്ചാരണാനുസൃതങ്ങളായ സംജ്ഞകൾ ക്രമേണ രൂപംകൊണ്ടു. ഓരോ ഘടകത്തെയും നിർദിഷ്ട ചിഹ്നങ്ങൾ ഉപയോഗിച്ച് രേഖകളായി എഴുതാൻ കഴിഞ്ഞപ്പോൾ വാമൊഴിയും വരമൊഴിയും തമ്മിൽ ശാസ്ത്രീയമായി

ബന്ധപ്പെട്ടു. ശബ്ദങ്ങളുടെ രേഖാവിഷ്കരണം സാധ്യമായതോടെ വരമൊഴി അംഗീകരിക്കപ്പെടുകയും ചെയ്തു.

ലോകത്തിലെ ലിപി വളർച്ചയെ താഴെ നല്കിയിരിക്കുന്ന വിധം ചിത്രീകരിക്കാം.

**ലിപിവളർച്ച**





വടക്കേ ഇന്ത്യയിലും തെക്കെ ഇന്ത്യയിലും പിന്നീട് കേരളത്തിലും ഉണ്ടായ ഏതാനു ലിപികൾ ഒന്നു പരിചയപ്പെടാം.

**ബ്രാഹ്മിലിപി :** ഹാരപ്പയിലും മോഹൻജദാരോയിലും ഉള്ള മുദ്രകളിൽ കാണുന്ന 'സിന്ധുലിപി' യാണ് പ്രാചീന ബ്രാഹ്മിലിപികളായി രൂപംകൊണ്ടത്. ബ്രാഹ്മി എഴുതുന്നത് ഇടത്ത് നിന്ന് വലത്തോട്ടാണ്. ഈ ലിപിസമ്പ്രദായം ബി.സി. നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ നിലവിൽ വന്നു.

**തമിഴ് ബ്രാഹ്മി അഥവാ തെക്കൻ ബ്രാഹ്മി:** ബി.സി രണ്ടാം നൂറ്റാണ്ടിനും എ.ഡി അഞ്ചാം നൂറ്റാണ്ടിനുമിടയിൽ രൂപപ്പെട്ടു. പ്രാകൃതവും തമിഴും കൂടിക്കലർന്നതാണ് ഇതിലെ ഭാഷ.

**വട്ടെഴുത്ത്, ഗ്രന്ഥം, തമിഴ് :** തെക്കെ ഇന്ത്യയിൽ നിന്നും കിട്ടിയ പുരാതന ലിഖിതങ്ങളിൽ വട്ടെഴുത്ത്, ഗ്രന്ഥം, തമിഴ് എന്നീ മൂന്നു തരം ലിപികൾ കാണുന്നു. വട്ടെഴുത്തിന് തെക്കൻ മലയാളം എന്നും പേരുണ്ട്. ഏറ്റവും പ്രാചീനമായ വട്ടെഴുത്ത് രേഖകൾ എ.ഡി എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണുണ്ടായത്.


വട്ടെഴുത്തിന്റെ മാതൃക



വട്ടെഴുത്ത്

**കോലെഴുത്ത് :** വട്ടെഴുത്തിന്റെ ഒരു വകഭേദമാണ് കോലെഴുത്ത്. വട്ടെഴുത്ത്, ഗ്രന്ഥാക്ഷരം, തമിഴ് എന്നീ ലിപികളുള്ളവയാണ് കോലെഴുത്ത്. കോലെഴുത്തിന്റെ ആകൃതിക്ക് വട്ടെഴുത്തിൽ നിന്ന് വ്യത്യാസമില്ലെങ്കിലും സംവൃതോകാരത്തിനും 'എ'കാരത്തിനും, 'ഓ' കാരത്തിനും പ്രത്യേക ചിഹ്നങ്ങളുണ്ട്.

കോലെഴുത്ത്



**മലയാണ്മ:** വട്ടെഴുത്തിൽ നിന്നും വികസിച്ച മലയാണ്മ (മലയാം തമിഴ്) എന്ന ലിപി 1819 വരെ സർക്കാർ വക എഴുത്തുകുത്തുകൾക്കായി ഉപയോഗിച്ചിരുന്നു.

**ദ്രാവിഡാക്ഷരമാല:** ദ്രാവിഡ ലിപികളുടെയും അക്ഷരങ്ങളുടെയും പ്രഭവം ബ്രാഹ്മി തന്നെയാണ്. തെക്കെന്നും വടക്കെന്നും ഭേദമില്ലാതെ ഭാരതത്തിന്റെ ദേശീയലിപി എന്ന പദവി ബ്രഹ്മിക്കുണ്ടായിരുന്നു.

മലയാളഭാഷ സ്വതന്ത്രമായതിനുശേഷം ഉണ്ടായിരുന്ന അക്ഷരമാല ഇങ്ങനെയായിരുന്നു.

സ്വരങ്ങൾ:- അ, ആ, ഇ, ഈ, ഉ, ഊ, ഋ, ൠ
ഌ, ൡ, എ, ഏ, ഐ, ഒ, ഓ, ഔ

വ്യഞ്ജനങ്ങൾ:-

| | | | | |
|---|---|---|---|---|
| ക, | ഖ, | ഗ, | ഘ, | ങ, |
| ച, | ഛ, | ജ, | ഝ, | ഞ, |
| ട, | ഠ, | ഡ, | ഢ, | ണ, |
| ത, | ഥ, | ദ, | ധ, | ന, |
| പ, | ഫ, | ബ, | ഭ, | മ, |
| യ, | ര, | ല, | വ, | |
| ശ, | ഷ, | സ, | | |
| ഹ, | | | | |
| ള, | ഴ, | റ, | | |
| റ്റ, | ഞ | | | |

**ലിപി പരിഷ്കരണം**

മിഷണറിമാരാണ് കേരളത്തിൽ അച്ചടി സമ്പ്രദായം തുടങ്ങിയത്; ലിപി പരിഷ്കരണവും മലയാള ലിപികളുടെ ആധിക്യം മിഷണറിമാരെ ഇതിന് പ്രേരിപ്പിച്ചു. 'സംക്ഷേപ വേദാർത്ഥം' എന്ന കൃതി അച്ചടിക്കാൻ 1128 തരം ലിപികൾ കൊത്തിയുണ്ടാക്കേണ്ടിവന്നു. മലയാളത്തിൽ രണ്ടോ നാലോ വർണങ്ങൾ ചേർന്ന കൂട്ടക്ഷരം പോലും ഒറ്റ ലിപിയിൽ എഴുതിയിരുന്നു.

ഉദാ: ഞ്ച, സ്റ്റി, സ്ത്രീ..

1829-ൽ ബഞ്ചമിൻ ബെയ്‌ലി അച്ചടി സൗകര്യത്തിനായി ലിപി പരിഷ്കരണം വരുത്തി. അങ്ങനെ ലിപി സംഖ്യ 500 ആയി കുറഞ്ഞു. ഇ, ഈ എന്നിവയുടെ ഉപലിപികൾ ( ി, ീ) സ്വതന്ത്രയൂണിറ്റുകളായി മാറ്റിയാണ് ഇത് സാധിച്ചത്.

മലയാളലിപി പരിഷ്കരിക്കുവാൻ വീണ്ടും യത്നങ്ങൾ നടന്നു. 1967 അവസാനമാണ് സംസ്ഥാന ഗവൺമെന്റ് ലിപി പരിഷ്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച് തുടങ്ങിയത്. അതിനായി ഭാഷാ വിദഗ്ദ്ധരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിൽ മലയാളം അച്ചടിയുടേയും മലയാളം ടൈപ്പ്റൈറ്റിംഗിന്റെയും സമ്പ്രദായങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയും പ്രത്യേകം പരിഗണിക്കപ്പെട്ടു. പുതിയ ലിപികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക പ്രയാസമായതിനാൽ നിലവിലുള്ള ലിപിസമ്പ്രദായം തന്നെ പരിഷ്കരിച്ച് ലഘൂകരിക്കാനാണ് കമ്മിറ്റി നിർദേശിച്ചത്. വ്യഞ്ജനങ്ങളോട് സ്വരങ്ങൾ ചേർന്നുണ്ടാകുന്ന അക്ഷരങ്ങളുടെയും കൂട്ടക്ഷരങ്ങളുടേയും എണ്ണം കുറയ്ക്കുകയായിരുന്നു ഇതിനായുള്ള പ്രായോഗിക മാർഗം.

**ലിപി പരിഷ്കരണ സമിതിയുടെ നിർദേശങ്ങൾ**

1. ഉ, ഊ ഋ എന്നീ സ്വരങ്ങൾ വ്യഞ്ജനങ്ങളോടു ചേരുമ്പോൾ പ്രത്യേക ലിപികൾ തന്നെ രൂപമെടുക്കുന്ന ഇന്നത്തെ രീതിക്കുപകരം അവയ്ക്ക് പ്രത്യേക ചിഹ്നങ്ങൾ ഏർപ്പെടുത്തുക. അ, ആ, ഇ, ഈ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ സ്വരങ്ങൾക്ക് ഏതു വ്യഞ്ജനത്തോടും ചേർക്കാവുന്ന പ്രത്യേകചിഹ്നങ്ങൾ ഉണ്ടെന്ന വസ്തുത ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. ഉ, ഊ, ഋ എന്നീ സ്വരങ്ങളുടെ കാര്യത്തിലും ആ സമ്പ്രദായം ഏർപ്പെടുത്തിയാൽ ഒട്ടധികം ലിപികൾ കുറയ്ക്കാൻ കഴിയും. ഇതിലേക്ക് 'ഉ' എന്നതിന് 'ു' എന്ന ചിഹ്നവും 'ഊ' എന്നതിന് 'ൂ' എന്ന ചിഹ്നവും ആണ് നിർദേശിക്കപ്പെട്ടിരിക്കുന്നത്. ഋകാരത്തിന് ഇപ്പോൾ വ്യഞ്ജനത്തോടു ചേർന്നുവരുന്ന ചിഹ്നം തന്നെ വേർപ്പെടുത്തി കുറച്ചു വ്യത്യസ്തതയോടെ 'ൃ' എന്ന ചിഹ്നമാക്കിയാൽ മതിയാവും.

   ഉദാ: കു, കൂ, കൃ, തു, തൂ, തൃ ഇത്യാദി

2. മുമ്പിൽ രേഫം (ർ) ചേരുന്ന കൂട്ടക്ഷരങ്ങൾ ഇപ്പോൾ രണ്ടുതരത്തിൽ എഴുതാറുണ്ട്.

ഉദാ : അൎക്കൻ - അർക്കൻ, പാൎത്ഥലം -പാർത്ഥലം, നേൎച്ച - നേർച്ച

ഇതിൽ ആദ്യത്തെ രീതി (' ' ചിഹ്നം മുകളിൽ ഇടുന്ന രീതി) ഉപേക്ഷിക്കാവുന്നതാണ്. അതിനു പകരം എല്ലായിടത്തും 'ർ' എന്ന ചില്ല് മുമ്പിൽ എഴുതുക എന്നു വ്യവസ്ഥ ചെയ്താൽ മതിയാകും. വാർത്ത, പാർക്കുക എന്നിങ്ങനെ.

3. ഭാഷയിലെ കൂട്ടക്ഷരങ്ങളിൽ ക്ക, ങ്ക, ങ്ങ, ച്ച, ഞ്ച, ഞ്ഞ, ട്ട, ണ്ട, ണ്ണ, ത്ത, ന്ത, ന്ന, പ്പ, മ്പ, മ്മ, യ്യ, ല്ല, വ്വ എന്നിവ തനി മലയാള പദങ്ങളിൽ സാർവത്രികമായി വരുന്നവയാണ്. ഇവ ഇപ്പോഴത്തെപ്പോലെ നിലനിർത്താമെന്നു കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു. മറ്റുള്ള കൂട്ടക്ഷരങ്ങൾ ഏറിയ പങ്കും സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ളവയാണ്. അവയെ ചന്ദ്രക്കലയിട്ട് വേർതിരിച്ചും അല്ലാതെ ഒന്നിച്ചുചേർത്തും എഴുതുന്ന രീതികൾ ഇപ്പോൾ നിലവിലുണ്ട്. ഉദാ: ക്ത - ക്ത, ശ്ച - ശ്ച ഇവയിൽ ചന്ദ്രക്കലയിട്ട് വേർതിരിച്ചെഴുതുന്ന ആദ്യത്തെ രീതിമാത്രം നിലനിർത്തുക എന്നതാണ് കമ്മിറ്റിയുടെ ശുപാർശ.

4. യ്, ര്, ല്, വ് എന്നീ മധ്യമങ്ങൾ ചേർന്നുവരുന്ന കൂട്ടക്ഷരങ്ങൾ ഇപ്പോൾ പല പ്രകാരത്തിൽ എഴുതുന്നുണ്ട്. യ്, വ് എന്നിവ ചേരുമ്പോൾ പ്രത്യേക ചിഹ്നങ്ങൾ കൊടുത്ത് വേർതിരിച്ചെഴുതുകയാണ് പതിവ്. ക്യ, ത്യ, ക്വ, ത്വ എന്നിങ്ങനെ. "ര്" അഥവാ "റ്" എന്ന വ്യഞ്ജനം ചേരുന്ന കൂട്ടക്ഷരത്തിൽ "്ര" എന്ന പ്രത്യേക ചിഹ്നം നൽകി. പ്ര, ക്ര, ത്ര എന്നിങ്ങനെ എഴുതാമെന്നു കമ്മിറ്റി നിർദേശിച്ചിരിക്കുന്നു. "ല്" അഥവാ "ള്" ചേരുന്നിടത്ത് ചന്ദ്രക്കലയിട്ട് വേർതിരിച്ചോ ഇപ്പോഴത്തെപ്പോലെ പ്രത്യേക അക്ഷരമായോ (ക്ല, പ്ല എന്നിങ്ങനെ) എഴുതാമെന്നാണ് കമ്മിറ്റിയുടെ ശുപാർശ.

ചില്ലുകൾ (ൺ, ൻ, ർ, ൽ, ൾ) ഇപ്പോഴത്തെപ്പോലെ നിലനിർത്താമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു. എഴുതുന്നതിന് ഇപ്പോഴത്തെ ലിപി സമ്പ്രദായം തന്നെ തുടർന്നുകൊണ്ട് ടൈപ്പ്റൈറ്റിംഗിലും അച്ചടിയിലും പുതിയ സമ്പ്രദായം സ്വീകരിച്ചാൽ മതിയാകുമെന്നും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

നിലവിലുള്ള അഞ്ഞൂറിലധികം ലിപികളിൽ ഭൂരിപക്ഷവും ഈ നിർദേശങ്ങൾ സ്വീകരിച്ചു നടപ്പാക്കുന്നപക്ഷം കുറവുചെയ്യാവുന്നതാണ്. അച്ചടിയിലും ടൈപ്പ്റൈറ്റിംഗിലും ലിപികളുടെ ആധിക്യംമൂലം ഇന്നനുഭവപ്പെടുന്ന പ്രയാസം അപ്പോൾ ഗണ്യമായി കുറയുകയും ചെയ്യും. ഇന്നത്തെ ലിപി സമ്പ്രദായത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലാത്തതിനാൽ ആ സമ്പ്രദായത്തിൽ പരിചയിച്ചവർക്കും പുതിയ ലിപിസമ്പ്രദായം സ്വീകരിക്കുന്നതിനു പ്രയാസമുണ്ടാവില്ല.

ഈ നിർദേശങ്ങളിൽ ചിലതെങ്കിലും ഇന്ന് പല അച്ചടിശാലക്കാരും പത്രസ്ഥാപനങ്ങളും നടപ്പിൽവരുത്തിയിട്ടുള്ളവയാണ്. മറ്റ് ചിലതൊക്കെ പരീക്ഷണവിധേയമാക്കിയിട്ടുണ്ട്. വിഷയത്തിൽ താത്പര്യമുള്ള പലരും പലതരത്തിൽ പരീക്ഷിച്ചുനോക്കുന്ന ലിപിപരിഷ്കരണം ശാസ്ത്രീയാടിസ്ഥാനത്തിൽ ഏകോപ്പിക്കുന്നതിനും ഈ ശിപാർശകൾക്കു കഴിയും.

ലിപി പരിഷ്ക്കരണ സമിതിയുടെ ശുപാർശകൾ അനുസരിച്ച് പല ലിപികൾക്കും സമുചിതമായ മുദ്രണമാതൃകകൾ രൂപപ്പെടുത്തേണ്ടതാണ്. അച്ചടിയിലും ടൈപ്പ്റൈറ്റിംഗിലും ഇത്തരം മാതൃകകൾ നടപ്പാക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. പരിഷ്കരിച്ച ലിപികൾക്ക് ഏകീകൃതമായ കമ്പോസിംഗ് കേസ് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

മലയാളം ക്രമാനുഗതമായി കേരളത്തിന്റെ ഔദ്യോഗികഭാഷയായി മാറിക്കൊണ്ടിരിക്കുകയാണ്. പല ഘട്ടങ്ങളിലായി നടപ്പിൽ വരുന്ന ഈ മാറ്റം പൂർത്തിയാകുമ്പോഴേക്ക് പുതിയ ലിപി സമ്പ്രദായത്തിന്റെ ഉപയോഗം സാർവത്രികമായിത്തീരേണ്ടതാവശ്യമാണ്. എങ്കിൽ മാത്രമേ ഔദ്യോഗികമായ എല്ലാ ആവശ്യങ്ങൾക്കും മലയാളഭാഷയെ സുഗമമാംവിധം ഉപയോഗിക്കാൻ കഴിയൂ. അതിനാൽ പുതിയ ലിപികൾ നിത്യോപയോഗത്തിലാക്കിത്തീർക്കാൻ ഭാഷാഭിമാനികൾ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

**അംഗീകരിച്ച പുതിയ ലിപി**

| സ്വരങ്ങൾ | | വ്യഞ്ജനങ്ങൾ | | | | | ചില്ലുകൾ / കൂട്ടക്ഷരങ്ങൾ | | |
|---|---|---|---|---|---|---|---|---|---|
| അ | ആ | ക | ഖ | ഗ | ഘ | ങ | ചില്ലുകൾ: ൺ ൻ ർ ൽ ൾ | | |
| ഇ | ഉ | ച | ഛ | ജ | ഝ | ഞ | കൂട്ടക്ഷരങ്ങൾ | | |
| എ | ഏ | ട | ഠ | ഡ | ഢ | ണ | ക്ക | ങ്ക | ങ്ങ |
| ഒ | ഋ | ത | ഥ | ദ | ധ | ന | ച്ച | ഞ്ച | ഞ്ഞ |
| െ | േ | പ | ഫ | ബ | ഭ | മ | ട്ട | | ണ്ണ |
| ി | ീ | | യ | ര | ല | വ | ത്ത | ന്ത | ന്ന |
| ാ | ം | | ശ | ഷ | സ | | പ്പ | മ്പ | മ്മ |
| ൃ | ്വ | | | ഹ | | | യ്യ | ല്ല | വ്വ |
| ൗ | ് | | ള | ഴ | റ | | സ്ല | ശ്ല | ഹ്ല |
| ു | ൂ | | | | | | മ്ല | ബ്ല | പ്ല |
| ്ര | ്യ | | | | | | ഗ്ല | ക്ല | |
| ഃ | | | | | | | | | |

**പ്രവർത്തനങ്ങൾ**

? ലിപിപരിണാമം ചർച്ച ചെയ്തല്ലോ. ഇപ്പോഴും എഴുത്തിലും അച്ചടിയിലും ഡി.റ്റി.പി ചെയ്യുന്നതിലും വിഷമതകൾ അനുഭവപ്പെടുന്നുണ്ടല്ലോ? ലിപിപരിഷ്കരണം ഇനിയും വേണ്ടതുണ്ടോ? ചർച്ച ചെയ്ത് കണ്ടെത്തലുകളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുക.

? പ്രോജക്ട്: → ആദ്യകാല എഴുത്ത് മാതൃകകളും പഴയകാലത്തെ മാസികകളിലെ പേജുകളും ശേഖരിച്ച് ഇപ്പോഴത്തെ പേജുകളുമായി താരതമ്യം ചെയ്ത് എഴുത്ത് രീതി, ലിപികളിലെ വ്യത്യാസം, ഭാഷാപരമായ വ്യത്യാസം എന്നിവയെക്കുറിച്ച് പഠനം നടത്തുക.

**അക്ഷരങ്ങൾ എഴുതേണ്ടരീതി**

ഏറെ ശ്രദ്ധപതിയേണ്ട ഒരു കാര്യമാണ് അക്ഷരങ്ങൾ എഴുതേണ്ട രീതി. ചിഹ്നവ്യവസ്ഥയിലും ശ്രദ്ധിക്കണം. അക്ഷരങ്ങൾ എന്നാൽ ഒരിക്കലും നാശം സംഭവിക്കാത്തത് എന്നാണല്ലോ. അതിനാൽത്തന്നെ അക്ഷരത്തെ വളരെ പവിത്രതയോടെ കാണുകയും എഴുത്തിനെ ശാസ്ത്രീയമായി അഭ്യസിക്കുകയും വേണം. അല്പം ഉച്ചാരണം കൂടി ശ്രദ്ധിച്ചാൽ ഒരുവിധതെറ്റും കൂടാതെ തന്നെ മലയാളഭാഷ ഉപയോഗിക്കാൻ സാധിക്കും.

ചിഹ്നവ്യവസ്ഥയിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. മലയാളത്തിലെ അക്ഷരങ്ങൾ പൊതുവെ പ്രദക്ഷിണരീതിയിൽ വിരലുകൾ ഇടത്തുനിന്ന് വലത്തോട്ടു തിരിച്ച് എഴുതേണ്ടവയാണ്. ഇതാണ് പൊതുവെ എഴുത്തിന്റെ രീതി. ഇംഗ്ലീഷിൽ നേരെമറിച്ചാണ്. നമ്മുടെ ചിഹ്നവ്യവസ്ഥയിൽ ചില അപാകങ്ങൾ കടന്നുകൂടിയത് ഇംഗ്ലീഷിന്റെ സ്വാധീനം കൊണ്ടാണ്. അനുസ്വാരം, 'ട' വർഗത്തിലെ

അതിഖരം, കെട്ടുപുള്ളി, വ്യഞ്ജനങ്ങളോടു ചേരുന്ന ഉകാരരേഫചിഹ്നങ്ങൾ എന്നിവയിലാണ് അപ്രദക്ഷിണ രീതി വന്നുപോയത്. അതു തിരുത്തപ്പെടേണ്ടതാണ്. ഗ, ഥ, ധ, ല, ശ, ഴ എന്നിവ മുകളിൽനിന്ന് എഴുതിത്തുടങ്ങുന്നതിനാൽ പ്രദക്ഷിണരീതി പറ്റില്ല. അതുകൊണ്ട് അവയുടെ അപ്രദക്ഷിണരീതി അനുവദനീയമാണ്.

കെട്ടുപുള്ളി താഴെനിന്ന് മുകളിലേക്കാണ് എഴുതിത്തുടങ്ങേണ്ടത് എന്ന വസ്തുത പലർക്കും അറിഞ്ഞുകൂടാ. നൂറുനൂറ്റമ്പതു കൊല്ലം മുമ്പു വരെ ഇങ്ങനെയൊരു ചിഹ്നം ഉണ്ടായിരുന്നില്ല. സംസ്കൃതത്തിൽ നികാര ഒകാരങ്ങൾക്ക് ഹ്രസ്വദീർഘഭേദം ഇല്ലാത്തതുകൊണ്ട് മലയാളത്തിലും അതു വേണ്ടെന്നു വച്ചതാവാം. സംസ്കൃത പണ്ഡിതന്മാരാണല്ലോ മലയാളത്തിലെ പ്രയോഗവ്യവസ്ഥകൾ നിശ്ചയിക്കുന്നത്. കെട്ടു, കൊട്ട എന്നിങ്ങനെ എഴുതിയാൽ സന്ദർഭമനുസരിച്ച് കേട്ടു, കോട്ട എന്നു മനസ്സിലാക്കണം. ഈ അസൗകര്യം പരിഹരിക്കാനാണ് അന്നത്തെ ആളുകൾ പുള്ളിയുടെ ആദ്യത്തെ കെട്ടുപോലെ ഒന്ന് അവസാനത്തിലും കൊടുക്കാൻ തുടങ്ങിയത് ൭ - പിന്നീട് പ്രസ്സുകാരാണ് ടൈപ്പ് വാർക്കുമ്പോൾ സൗകര്യത്തിനു വേണ്ടി അതു കുത്തനെ ആക്കിയത്. ഇതിൽനിന്ന് ആ ചിഹ്നം എഴുതേണ്ട രീതി വ്യക്തമാണല്ലോ. അതുപോലെ ഉകാരചിഹ്നവും (ു) രേഫചിഹ്നവും (്ര) പ്രദക്ഷിണരീതിയിലാണ് എഴുതേണ്ടത്.

ഒന്നാം തരത്തിൽത്തന്നെ ചില കൂട്ടക്ഷരങ്ങൾ കുട്ടി പരിചയപ്പെടാൻ ഇടയുള്ളതിനാൽ - പ്രത്യേകിച്ച് ക്ഷ, ഹ്മ, ഹ്ന, യ്ക്ക എന്നിവയ്ക്ക് ഉച്ചാരണപരമായ ചില സവിശേഷതകൾ ഉള്ളത് അധ്യാപകർ അറിഞ്ഞിരിക്കേണ്ടതാണ്. ക്ഷ എന്ന കൂട്ടക്ഷരത്തിൽ കകാരലിപി ഉണ്ടെങ്കിലും അതിന്റെ ധ്വനി അൽപ്പംപോലുമില്ല. സാക്ഷി എന്ന പദം സാക്ഷി എന്നാക്കിയാൽ ഉച്ചാരണം തെറ്റിപ്പോകും. Action എന്ന ഇംഗ്ലീഷ് പദം മലയാളലിപിയിൽ ആക്ഷൻ എന്നുതന്നെ എഴുതണം. ആക്ഷൻ എന്ന് എഴുതിയാൽ ഉച്ചാരണം ശരിയാകില്ലല്ലോ. എന്നാൽ മലയാളപദങ്ങളിൽ ക്ഷ എന്ന കൂട്ടക്ഷരം ക്ഷ എന്നു വേർതിരിച്ച് എഴുതിക്കൂടാ. ഈ സവിശേഷത മനസ്സിലാക്കിയതുകൊണ്ടാണ് പണ്ട് കുടിപ്പള്ളിക്കൂടങ്ങളിൽ അക്ഷരമാലയുടെ അവസാനം ക്ഷ കൂടി ചേർത്തിരുന്നത്.

ഹ്മ, ഹ്ന എന്നീ കൂട്ടക്ഷരങ്ങൾ ഹ്മ, ഹ്ന എന്നു വേർതിരിച്ചാൽ ഉച്ചാരണരീതി വ്യത്യസ്തമാണ്. ബ്രഹ്മം, സായാഹ്നം എന്നീ പദങ്ങൾ ബ്രഹ്മം, സായാഹ്നം എന്നു വേർതിരിച്ചാൽ ഉച്ചാരണരീതി മാറും. അതുപോലെ റഹ്മാൻ, റഹ്ന മുതലായ പദങ്ങൾ റഹ്മാൻ, റഹ്ന എന്നു ചേർത്തെഴുതിയാൽ ഉച്ചാരണം തെറ്റും.

യ്ക്ക എന്ന കൂട്ടക്ഷരം 'യ്ക്ക' എന്നും എഴുതാവുന്നതാണ്. എങ്ങനെ എഴുതിയാലും ഉച്ചാരണം ക്യ എന്നാണ്. 'മറയ്ക്കുക' എന്ന് എഴുതിയത് ഉച്ചരിക്കുന്നത് 'മറക്യുക' എന്നാണ്. എഴുതുമ്പോൾ യകാരം മുമ്പിൽ വരണം. 'മറക്യുക' എന്ന് എഴുതുന്നതു തെറ്റാണ്.

(മലയാളം ടീച്ചർ ടെക്സ്റ്റ് ക്ലാസ് 5)

**പ്രവർത്തനം**

? അക്ഷരങ്ങൾ എഴുതാനും ഉച്ചരിക്കാനും ഉള്ള ശരിയായ രീതി പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ എന്തൊക്കെ സാധ്യതകൾ പ്രയോഗിക്കാം.

ചർച്ച

കണ്ടെത്തൽ

ട്രൈഔട്ട്

**ഭാഷാ കമ്പ്യൂട്ടിംഗ്**

ഭാഷയുടെ സാങ്കേതികത ഇത്രയും മനസിലായ ഒരാൾക്ക് ഭാഷാകമ്പ്യൂട്ടിംഗ് ഉപയോഗിക്കാൻ സാധിക്കും. അതായത് ഭാഷാ കമ്പ്യൂട്ടിഗ് ശരിയായ രീതിയിൽ ഉപയോഗിക്കണമെങ്കിൽ ഭാഷയുടെ ഇത്തരം സാങ്കേതികത അറിഞ്ഞിരിക്കണം എന്നുകൂടി അർത്ഥം.

**മലയാളം കമ്പ്യൂട്ടിംഗ്**

കമ്പ്യൂട്ടറുകളിൽ മലയാളം പ്രോസസ് ചെയ്യുന്നതിനെയാണ് മലയാളം കമ്പ്യൂട്ടിംഗ് എന്നു പറയുന്നത്. മലയാളഭാഷയുമായി ബന്ധപ്പെട്ടു നടക്കുന്ന സോഫ്റ്റ്‌വെയർ വികസന പ്രവർത്തനങ്ങളെയും ഇതുകൊണ്ട് സൂചിപ്പിക്കാം. കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യൽ, മലയാളം പ്രദർശിപ്പിക്കൽ, മലയാളവാക്കുകൾ തിരഞ്ഞു കണ്ടുപിടിക്കൽ, അക്ഷരമാല ക്രമത്തിലാക്കൽ, മലയാളം സംസാരിച്ചാൽ അത് മനസ്സിലാക്കൽ തുടങ്ങി ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ച് കമ്പ്യൂട്ടറിൽ ചെയ്യാൻ കഴിയുന്നതെല്ലാം മലയാളത്തിലും സാധ്യമാകുന്ന രീതിയിലെത്തിക്കുക എന്നതാണ് മലയാളം കമ്പ്യൂട്ടിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്.

മലയാളം കമ്പ്യൂട്ടിംഗിന്റെ കൂടുതൽ വിവരങ്ങൾ പേപ്പർ 107 ലെ (വിവരവിനിമയ സാങ്കേതിക വിദ്യ-സാധ്യതകളും പ്രയോഗവും) യൂണിറ്റ് 2 ൽ നൽകിയിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിംഗ്, കീ ബോർഡിൽ മാതൃഭാഷ ക്രമീകരിക്കുന്ന വിധം, ഇൻസ്ക്രിപ്റ്റ് കീബോർഡിന്റെ മാതൃക തുടങ്ങിയ ശീർഷകങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ളവ പ്രയോജനപ്പെടുത്തുക.

**സീറോ വിഡ്ത്ത് ജോയ്നർ (Zero width Joiner - ZWJ)**

ഇൻസ്ക്രിപ്റ്റ് കീബോർഡിലെ Closing bracket ']' ന്റെ സ്ഥാനത്താണ് ZWJ. ചില്ലുകൾ ഉണ്ടാക്കാനാണ് ZWJ കീ ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് 'ൻ' എന്ന ചില്ലക്ഷരം ടൈപ്പ് ചെയ്യുന്നതിന് കീബോർഡിൽ ന + ് + ] എന്നിങ്ങനെ മൂന്ന് കീകൾ ഉപയോഗിക്കേണ്ടതാണ്. അതുപോലെ 'ൽ' എന്ന ചില്ല് ടൈപ്പ് ചെയ്യുന്നതിന് ല + ് + ] എന്നീ മൂന്ന് കീകൾ ആവശ്യമായി വരും. എഡ്യുഉബുണ്ടു 18.04 എന്ന പരിഷ്കരിച്ച പതിപ്പിൽ ചില്ലക്ഷരങ്ങൾക്ക് പ്രത്യേകമായി കീ ഉണ്ട്.

**സീറോ വിഡ്ത്ത് നോൺ ജോയ്നർ :** - (Zero width non - Joiner - ZWNJ) അടുത്തു വരുന്ന രണ്ട് അക്ഷരങ്ങൾ യോജിപ്പിക്കേണ്ടെന്നുണ്ടെങ്കിൽ ZWNJ കീ ഉപയോഗിക്കാം. Backward slash / എന്ന കീയാണ് ഇതിനുപയോഗിക്കുന്നത്. ഉദാഹരണത്തിന് 'സോഫ്റ്റ്‌വെയർ' എന്ന് എഴുതാൻ 'സോഫ്റ്റ്' എന്ന് ടൈപ്പ് ചെയ്തതിനുശേഷം '/' എന്ന കീ ടൈപ്പ് ചെയ്തില്ലെങ്കിൽ 'സോഫ്റ്റ്വെയർ' എന്നായി മാറും.

**നവമാധ്യമങ്ങളും ഭാഷയും**

ആവശ്യമായ വിവരങ്ങൾ ഏതെങ്കിലുമൊരു ഡിജിറ്റൽ മാധ്യമത്തിലൂടെ തൽക്ഷണം ലഭ്യമാക്കുന്നതും പരസ്പര സമ്പർക്കത്തിലൂടെ പ്രതിവിവരം നൽകാൻ കഴിയുന്നതും പൂർണപങ്കാളിത്ത സ്വഭാവമുള്ളതുമായ മാധ്യമങ്ങളെ 'നവമാധ്യമങ്ങൾ' എന്നു പറയുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെയുള്ള പരസ്പര വിനിമയം ഇല്ലാത്തിടത്തോളം കാലം ടെലിവിഷൻ, ഫീച്ചർ ഫിലിം, മാഗസിനുകൾ, പുസ്തകങ്ങൾ മുതലായവയെ നവമാധ്യമങ്ങളിൽപ്പെടുത്താനാവില്ല. സോഷ്യൽനെറ്റ് വർക്കുകൾ (ഫേസ്ബുക്ക്, ടിറ്റർ, വാട്സ് ആപ് തുടങ്ങിയവ) ബ്ലോഗുകൾ, വിക്കിപീഡിയകൾ മുതലായവയും സമാനസ്വഭാവമുള്ള മാധ്യമങ്ങളും നവമാധ്യമങ്ങളിൽപ്പെടുന്നു.

**സോഷ്യൽനെറ്റ്‌വർക്കുകൾ**

ഇന്റർനെറ്റധിഷ്ഠിത വിവരസാങ്കേതിക വിദ്യയിലൂടെയുള്ള തൽസമയ വിവരകൈമാറ്റവും പ്രതിവിവരം നൽകലുമാണ് സോഷ്യൽ മീഡിയയിലൂടെ നടക്കുന്നത്. വിജ്ഞാന നിർമ്മാണവും കൈമാറ്റവും,

ആശയസംവാദങ്ങളും അഭിപ്രായ സർവ്വേകളും കാമ്പയിനുകളും, സിനിമ/പുസ്തക നിരൂപണങ്ങളും എന്നു വേണ്ട മനസ്സിലുള്ളതെല്ലാം മറ്റുള്ളവരോട് തുറന്നുപറയാനും പങ്കുവെയ്ക്കാനുമുള്ള ഒരു വേദി യായി സോഷ്യൽമീഡിയ ഇന്നുമാറിയിരിക്കുകയാണ്. ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ടാബ്‌ലറ്റ്, ലാപ്‌ടോപ്പ് തുടങ്ങിയവയിലൂടെ ഒരു വ്യക്തിക്ക് വീട്ടിലോ ഓഫീസിലോ യാത്രാ വേളയിലോ ലോകത്തെവിടെയുള്ള വ്യക്തികളുമായും സൗഹൃദം പങ്കുവെയ്ക്കാനും ആശയവിനി മയം നടത്താനും ഇന്നു കഴിയും.

### സോഷ്യൽനെറ്റ് വർക്കുകൾ – ചരിത്രം

ഇന്നു കാണുന്ന സോഷ്യൽ മീഡിയയുടെ ആദിമരൂപമായി 1994 – ൽ രൂപം കൊണ്ട ജിയോസിറ്റീ സിനെ (Geocities) വിശേഷിപ്പിക്കാം. ഉപയോക്താവിന് സ്വന്തം നിലയ്ക്ക് വെബ്സൈറ്റ് നിർമിക്കാനും പ്രചരിപ്പിക്കാനുമുള്ള അവസരം ജീയോസിറ്റീസ് നൽകിയിരുന്നു. 1997-ൽ സിക്സ് ഡിഗ്രീസ്. കോം (sixdegrees.com.) പ്രവർത്തനം ആരംഭിച്ചു. വ്യക്തികൾക്ക് സ്വന്തം പ്രൊഫൈൽ നിർമിക്കാനും സുഹൃ ത്തുക്കളെ ലിസ്റ്റ് ചെയ്യാനുമുള്ള അവസരം സിക്സ് ഡിഗ്രീസ്.കോം നൽകിയിരുന്നു. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥികളായ ലാറിപേജും സെർജിബ്രിനും 1998 – ൽ ഗൂഗിൾ ആരംഭിച്ചപ്പോൾ ഇന്റർനെറ്റിന്റെ ലോകത്ത് അത് പുതിയൊരധ്യായമായി മാറി. പിന്നീട് വിഖ്യാത പോപ് താരം ജസ്റ്റിൻ ടിംബർലേക്കിന്റെ നേതൃത്വത്തിൽ 2003 ആഗസ്റ്റിൽ മൈ സ്പേസ്. കോം (my space.com) നിലവിൽവന്നതോടെ ഗൂഗിളിനെ മറികടന്നുകൊണ്ട് അമേരിക്കയിൽ ഏറ്റവുമധികം ആളു കൾ സന്ദർശിച്ച വെബ്സൈറ്റായി പിന്നീട് അത് മാറി. 2004 ജനുവരിയിൽ ഗൂഗിൾ, ഓർക്കുട്ട് (Orkut) ആരംഭിച്ചു. വൻ പ്രചാരം നേടിയ Orkut കുറച്ചുകാലം ലോകം അടക്കിവാണു.

2004 ഫെബ്രുവരിയിൽ ഹാർവാർഡ് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളായ മാർക്സ് സുക്കർബർഗ്, എഡ്വാഡോ സാവറിൻ, ഡസ്റ്റിൻ മോസ്കോവിറ്റ്സ്, ക്രിസ് ഹ്യൂഗ്സ് എന്നിവർ ചേർന്ന് ഫേസ്ബുക്ക് (Facebook) ആരഭിച്ചു. ഫേസ്ബുക്കിന്റെ വരവോടെ സോഷ്യൽ മീഡിയയ്ക്ക് പുത്തനുണർവുണ്ടായി. 2005 ഫെബ്രുവരി 14 ന് സ്റ്റീവ് ചെൻ, ചാൾസ് ഹാർളി, ജാവേദ് കരീം എന്നിവർ ചേർന്ന് യൂട്യൂബ് (Youtube) ആംരഭിച്ചതോടെ വീഡിയോസ്ട്രീമിംഗ് സോഷ്യൽ മീഡിയ എന്ന ആശയത്തിനു തുടക്ക മാവുകയും വൻ ജനപ്രീതി നേടുകയും ചെയ്തു. 2006 മാർച്ചിൽ ജാക്ക്ഡോർസി ടിറ്റർ (twitter.com) ആരംഭിച്ചു. ടിറ്റ്സ് (Tweets) എന്നറിയപ്പെടുന്ന ഇന്റർനെറ്റ് SMS ആണ് ടിറ്റർ എന്ന് പറയാം. സ്കൈപ്പ്, യാഹൂ, ഗൂഗിൾ ടോക്ക് എന്നിവയിലൂടെ അംഗങ്ങൾക്ക് വീഡിയോ കോൺഫറൻസിംഗ് നടത്താനും പരസ്പരം കണ്ടു സംസാരിക്കാനുമുള്ള അവസരം ലഭ്യമായി.

### ഫേസ് ബുക്കും വിദ്യാഭ്യാസ സാധ്യതകളും

ഏതാണ്ട് നൂറ് കോടി അംഗങ്ങളാണ് ഫേസ്ബുക്കിലുള്ളത്. മാർക്ക് സുക്കർബർഗ് തന്റെ യൂണി വേഴ്സിറ്റി വിദ്യാർത്ഥികൾക്ക് ഒരുമിക്കാനുള്ള വേദി എന്ന നിലയിലാണ് ഫേസ്ബുക്ക് നിർമിച്ചത്. ഇന്നും ഫേസ്ബുക്കിന് അനന്തമായ സാധ്യതകളാണ് വിദ്യാഭ്യാസ മേഖലയിലുള്ളത്.

ഏറ്റവും കൂടുതൽ ടെലിസാന്ദ്രതയുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇന്റർനെറ്റ് കണക്ഷനുകളുടെ കാര്യത്തിലും കേരളം ഒട്ടും പിന്നിലല്ല. ഈ അനുകൂല സാഹചര്യം വിദ്യാഭ്യാസ മേഖലയിൽ എങ്ങ നെയെല്ലാം പ്രയോജനപ്പെടുത്താൻ കഴിയും എന്നാലോചിക്കേണ്ടതുണ്ട്. അധ്യാപകവിദ്യാർത്ഥികൾക്ക് ഈ വിഷയത്തെക്കുറിച്ച് ചർച്ച, സെമിനാർ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

### യൂ ട്യൂബ് (You Tube)

Broad Cast yourself എന്ന യൂട്യൂബിന്റെ ആശയം ലോകത്തെയാകെ ഇളക്കിമറിച്ച ഒന്നാണ്. വിനോ ദത്തിനും വിജ്ഞാനത്തിനും കൗതുകത്തിനുമപ്പുറം ഒരു പഠനസാമഗ്രിയായും യൂട്യൂബിനെ ഉപയോ ഗിക്കാം. സാധ്യതയുള്ള വിഷയങ്ങളുമായി ബന്ധപ്പെടുത്തി ചെറിയ ഡോക്യുമെന്ററികൾ തയ്യാറാക്കി

പ്രസിദ്ധീകരിക്കാൻ അധ്യാപകർക്കും കുട്ടികൾക്കും കഴിയണം. രജിസ്റ്റർ ചെയ്ത ആർക്കും പത്തു മിനിട്ട് ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകൾ യൂട്യൂബിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇതുവരെ അപ്‌ലോഡ് ചെയ്ത യൂട്യൂബ് വീഡിയോകൾ മുഴുവൻ കണ്ടു തീർക്കാൻ ഒരു വ്യക്തിക്ക് 1450 വർഷങ്ങൾ വേണ്ടിവരും എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓരോ മിനിട്ടിലും 72 മണിക്കൂർ ദൈർഘ്യമുള്ള വീഡിയോകളാണ് Youtube ൽ അപ്‌ലോഡ് ചെയ്യുന്നത്. ശരിയായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ വിദ്യാഭ്യാസ രംഗത്ത് യൂ ട്യൂബ് ഏറെ പ്രയോജനപ്പെടുത്താൻ കഴിയും.

### ട്വിറ്റർ (Twitter. com)

ലോകത്തിലെ ഏറ്റവും വലിയ മൈക്രോ ബ്ലോഗിംഗ് സൈറ്റായാണ് ട്വിറ്റർ വിശേഷിപ്പിക്കപ്പെടുന്നത്. വെബ് SMS എന്നൊരു വിശേഷണവും ട്വിറ്ററിനുണ്ട്. 140 അക്ഷരങ്ങളിൽ ഒതുങ്ങുന്ന സന്ദേശങ്ങളാണ് ട്വിറ്ററിന്റെ പ്രത്യേകത. ട്വീറ്റ്സ് (Tweets) എന്നാണ് ഇത്തരം സന്ദേശങ്ങൾ അറിയപ്പെടുന്നത്. ദിവസവും 3.5 കോടി സന്ദേശങ്ങളാണ് ട്വിറ്റർ വഴി കൈമാറ്റം ചെയ്യപ്പെടുന്നത്. ലോകത്തേറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന പത്തു വെബ്സൈറ്റുകളിൽ ഒന്നാണ് ട്വിറ്റർ. ദൈനംദിന ജീവിതത്തിലെ തിരക്കുകൾക്കിടയിൽ ഏറ്റവും ചുരുങ്ങിയ വാക്കുകളിലൂടെ സന്ദേശമയക്കാം എന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. സിനിമാതാരങ്ങൾ, രാഷ്ട്രീയ പ്രവർത്തകർ സാമൂഹ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങി എല്ലാവർക്കും ട്വിറ്റർ ഉപയോഗിക്കാം, ട്വീറ്റ് ചെയ്യാം. നിങ്ങളുടെ പ്രൊഫൈൽ പേജുമായി കൂട്ടിയിണക്കപ്പെട്ടവർക്ക് നിങ്ങളുടെ ട്വിറ്റർ സന്ദേശം എത്തുന്നതായിരിക്കും. വിശദമായ ഒരു പോസ്റ്റ് നിങ്ങളുടെ ബ്ലോഗിലോ വെബ്സൈറ്റിലോ നൽകി അതിന്റെ വെബ് വിലാസം ഹൈപ്പർ ലിങ്കായി നൽകി പോസ്റ്റിന്റെ കാര്യം അറിയിക്കാം.

### വാട്സ് ആപ്പ്

വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകളിൽ ഉപയോഗിക്കുന്ന ആശയവിനിമയ സംവിധാനമാണ് വാട്സ് ആപ്പ്. ഇന്റർനെറ്റ് ബന്ധം ഉപയോഗിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ലേഖനസന്ദേശം കൂടാതെ ചിത്രങ്ങൾ, വീഡിയോകൾ, ശബ്ദസന്ദേശങ്ങൾ മുതലായവയെല്ലാം ഇതിലൂടെ കൈമാറാൻ സാധിക്കും.

2009 ൽ അമേരിക്കക്കാരായ ബ്രയാൻ ആക്റ്റൺ, ജാൻ ക്യൂം എന്നിവർ ചേർന്നാണ് വാട്സ് ആപ്പ് വികസിപ്പിച്ചത്. ഇത് പൂർണമായും സൗജന്യമായി ഉപയോഗിക്കാം. ഫേസ്ബുക്കും ഗൂഗിളും ചെയ്യുന്ന പോലെ ഉപഭോക്താക്കളുടെ വിവരങ്ങൾ വാട്സ് ആപ്പ് ശേഖരിക്കുന്നില്ല.

വിദ്യാർത്ഥികൾക്ക് അധിക വിഭവങ്ങൾ ശേഖരിക്കുന്നതിനും പങ്ക് വയ്ക്കുന്നതിനും പഠന സാമഗ്രികൾ അധ്യാപകർക്കിടയിൽ പരസ്പരം കൈമാറുന്നതിനും രക്ഷിതാക്കൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും അവരുമായി ബന്ധം പുലർത്തുന്നതിനും ഇന്ന് വാട്സ്ആപ്പ് വ്യാപകമായി വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കുന്നുണ്ട്.

### ടെലഗ്രാം

ഒരു ക്ലൗഡ് അധിഷ്ഠിത ഇൻസ്റ്റന്റ് മെസേജിംഗ് സേവനമാണ് ടെലഗ്രാം. ആൻഡ്രോയിഡ്, വിൻഡോസ് മുതലായ മൊബൈൽ പ്ലാറ്റ്ഫോമിലും വിൻഡോസ്, ഗ്നൂ ലിനക്സ് എന്നീ ഡെസ്ക്ടോപ്പ് പ്ലാറ്റ്ഫോമിലും ടെലഗ്രാം ലഭ്യമാണ്. ഫോട്ടോകൾ, വീഡിയോകൾ, സ്റ്റിക്കറുകൾ, ഡോക്യുമെന്റേഷൻ തുടങ്ങി ഏത് തരത്തിലുള്ള ഫയലുകളും ഇതിലൂടെ കൈമാറാം.

### ഇൻസ്റ്റാഗ്രാം

സൗജന്യമായി ചിത്രങ്ങളും വീഡിയോകളും പങ്ക് വയ്ക്കുന്നതിനായി 2010 ഒക്ടോബറിൽ പുറത്തിറങ്ങിയ ഒരു സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റാണ് ഇൻസ്റ്റാഗ്രാം. ഉപയോക്താക്കൾക്ക് ഫോട്ടോ

എടുക്കുന്നതിനും ആവശ്യമായ ഡിജിറ്റൽ മാറ്റങ്ങൾ വരുത്തുന്നതിനും ഇൻസ്റ്റാഗ്രാമിന്റേതടക്കമുള്ള നിരവധി സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനും ഇതിലൂടെ സാധ്യമാകും.

**നവമാധ്യമങ്ങളിലെ ഭാഷ**

- ആത്മപ്രകാശനത്തിന്റെ ഉപാധിയാണല്ലോ ഭാഷ. നവമാധ്യമങ്ങൾ അതിനുള്ള വഴി സുഗമമാക്കുന്നു. ആത്മപ്രകാശനം എന്നത് സാഹിത്യരചനയോ സാമൂഹിക/ വൈയക്തിക പ്രശ്നങ്ങളിന്മേലുള്ള പ്രതികരണമോ ആകാം. ഭാഷാജ്ഞാനം എത്രത്തോളം ആർജിച്ചിട്ടുണ്ട് എന്നത് ഇത്തരം കാര്യങ്ങളുടെ സൃഷ്ടിയിൽ എത്രത്തോളം പരിഗണിക്കപ്പെടുന്നുണ്ട് എന്ന് ശ്രദ്ധിക്കണം.
- സാമൂഹികവിമർശനത്തിന്റെ ഉപാധിയായി ഭാഷ മാറുന്ന കാഴ്ചയാണ് നവമാധ്യമരംഗത്തുള്ളത്. സാമൂഹിക പ്രശ്നങ്ങളിൽ സ്വന്തം നിലപാട് അറിയിക്കാൻ ട്രോളുകളും ഫെയ്സ്ബുക്ക് പോസ്റ്റുകളും ഏറെ പ്രയോജനപ്പെടുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്കായി ചലച്ചിത്ര രംഗങ്ങളോ രാഷ്ട്രീയ സംഭവങ്ങളോ പശ്ചാത്തലമായി ഉപയോഗിക്കുകയും ചെയ്യും. ചുരുങ്ങിയ വാക്കുകളിൽ ധ്വനിപ്രധാനമായി സംഭവങ്ങൾ പറയാനുള്ള കഴിവ് ഇതിന് ആവശ്യമുണ്ട്. വാക്കുകൾ തെരഞ്ഞെടുക്കുന്നതിലെ ഔചിത്യവും ഭാഷയുടെ വ്യംഗ്യാവിഷ്കരണ ശക്തിയും ഇതിൽ പ്രധാനമാണ്.
- വീഡിയോകൾക്ക് ശബ്ദം നല്കുക എന്നത് സാങ്കേതികവിദ്യ പരിചയമുള്ള ആർക്കും സാധിക്കുന്ന കാര്യമായി മാറിയിരിക്കുന്നു. ഭാഷാസ്വാധീനം ഇല്ലാത്തവർപോലും വിവരണങ്ങൾ നൽകി കാണുന്നുണ്ട്. ഉച്ചാരണപ്പിശക്, ശബ്ദക്രമീകരണമില്ലായ്മ, വാക്യഘടനയിലെ പ്രശ്നങ്ങൾ എന്നിവ കൂടി പരിഹരിച്ച് നല്ല ഭാഷ ഉപയോഗിച്ചാൽ ഇതിന്റെ സാധ്യത വളരെ വർദ്ധിക്കുക തന്നെ ചെയ്യും.
- ശുഭദിനം, സുപ്രഭാതം തുടങ്ങി ഏത് അവസരത്തിനുമുള്ള ആശംസകൾ അറിയിക്കുവാനും ധാരാളം ആശംസാചിത്രങ്ങൾ ഇന്ന് ലഭ്യമാണ്. ഇവയിലെ ഭാഷ മിക്കപ്പോഴും വൈകാരിക തലത്തിന് പ്രാധാന്യം കൊടുത്തിട്ടുള്ളവയാകും. നല്ല ഭാഷാ സ്വാധീനമുണ്ടെങ്കിൽ മാത്രമേ ഇത്തരം ആശംസകൾ തയ്യാറാക്കാനും ആസ്വദിക്കാനും സാധിക്കുകയുള്ളൂ.

ഇങ്ങനെ സർഗാത്മകതയുടെ വിവിധ തലങ്ങളിലൂടെ കടന്നുപോകുന്ന സാങ്കേതികവിദ്യയുടെ സഹായത്തോടെ അവ പ്രകാശനം ചെയ്യാനും ആസ്വദിക്കാനും ഇടം ലഭിക്കുമ്പോൾ നവമാധ്യമങ്ങളിലൂടെ ഭാഷയും സാങ്കേതികവിദ്യയും ശക്തിപ്രാപിക്കും.

**ബ്ലോഗ് – അവനവൻ പ്രസാധകനാകുന്നു**

ബ്ലോഗുകൾ അവ എഴുതപ്പെടുന്ന കാലത്തിന്റെ മറുപുറമാണ്- മറ്റാരാലും പറയാത്തത്, കാണാതിരിക്കുന്നത്, രേഖപ്പെടുത്താത്തത്. വൈവിധ്യമേറിയ അനവധി വിഷയങ്ങളിൽ രചന നടത്തുന്ന ധാരാളം ആളുകളുടെ ഒരു അപ്രഖ്യാപിത സാമൂഹ്യ മേഖലയാണ് ബ്ലോഗുകൾ. തൽപര വിഷയങ്ങൾ ബ്ലോഗ് വായനക്കാരനെ തേടിയെത്തുന്ന സാങ്കേതികതയുടെ കാലവും.

ബ്ലോഗുകളുടെ നിർമ്മിതി ബദൽമാധ്യമങ്ങൾ എന്ന നിലയിലാണ്. പ്രസിദ്ധീകരിക്കപ്പെടുന്ന ഉള്ളടക്കത്തിന്റെ റീച്ചബിലിറ്റി, സേർച്ചബിലിറ്റി എന്നീ ഘടകങ്ങൾ

- ഉള്ളടക്കം ജനശ്രദ്ധയിൽപ്പെടുന്നതോടെ ബ്ലോഗ് സർവീസുകളും സേർച്ച് എഞ്ചിനുകളും മനുഷ്യ ഇടപെടലുകൾ ഇല്ലാതെ സാങ്കേതികമായി അനലൈസ് ചെയ്ത് ഉള്ളടക്കത്തിന് നൽകപ്പെടുന്ന പ്രസക്തി.

- ഉള്ളടക്കം കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ സഹ-മാധ്യമങ്ങൾ, മറ്റു ബ്ലോഗുകൾ എന്നിവയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിഭവങ്ങളിലേക്കുള്ള ഹൈപ്പർലിങ്കുകൾ.
- ഉള്ളടക്കം ഇത്തരത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന വിഷയസ്രോതസ്സാകുന്നതുമൂലം ലഭ്യമാകുന്ന ക്രോഡീകരണം എന്നിവ ബ്ലോഗുൾപ്പെടുന്ന ഇന്റർനെറ്റ് മാധ്യമങ്ങൾക്ക് പരമ്പരാഗത മാധ്യമങ്ങളേക്കാൾ മെച്ചപ്പെട്ട ആർജവവും സംവേദനക്ഷമതയും ലഭ്യമാകുന്നുണ്ട്.

ബ്ലോഗുകൾ എഴുത്തുകാരനെ സംബന്ധിച്ച് തങ്ങളുടെ ജീവനുള്ള പുസ്തകങ്ങളാണ്. അവിടെ എഴുത്ത് ഒറ്റപ്പെട്ട ഒരു പ്രക്രിയയല്ല, വായന ഒരു സമൂഹ കലയായി മാറുന്നു. തികച്ചും ജൈവികമായ ചുറ്റുപാടുകളിൽ എഴുത്തുകാരൻ തന്റെ ഉള്ളിലേക്ക് ഒരു വാതിൽ തുറന്നു വച്ചിരിക്കുന്നു. വായനയും എഴുത്തും അതിജീവനം പോലെ തുടർച്ചയാവുകയും ചെയ്യുന്നു. ബ്ലോഗ് ക്രിയാത്മക വായനയുടെ ഇടനിലം കൂടിയാണ്. ഓരോ പുതിയ ബ്ലോഗും ബ്ലോഗുകളെ ജൈവികമായി നിലനിർത്തിക്കൊണ്ടു പോകുന്ന വളർച്ചയാണ്. വളർച്ചയുടെ തുടർച്ചയാണ്.

**ബ്ലോഗിന്റെ സാധ്യതകൾ**

ഇന്റർനെറ്റിൽ സൗജന്യമായി  ലഭ്യമാകുന്ന വെബ്പേജിലൂടെ നമുക്ക് താത്പര്യമുള്ള വിഷയങ്ങളിൽ സ്വതന്ത്രവും മൗലികവുമായ ആശയപ്രകടനങ്ങൾ നടത്തുന്ന മാധ്യമരീതിയാണ് ബ്ലോഗിംഗ്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വാർത്തകളും അപഗ്രഥനങ്ങളും വ്യക്തിഗതമായ നിരീക്ഷണങ്ങളുമാണ് മുഖ്യമായും ബ്ലോഗിൽ ഉണ്ടാവുക. 1997-ൽ പീറ്റർ ജോൺ ബാർഗർ ആണ് വെബ് ലോഗ് (Web log) എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ബ്ലോഗ് എന്ന പദം 'വെബ് ലോഗ്' എന്നീ രണ്ടു പദങ്ങൾ ചേർന്നുണ്ടായതാണ്. പരസ്പരം ബന്ധിപ്പിക്കപ്പെട്ട ബ്ലോഗിന്റെ വ്യൂഹത്തെ ബ്ലോഗോസ്പിയർ എന്നു വിളിക്കുന്നു. ബ്ലോഗിംഗ് നടത്തുന്നവരെ ബ്ലോഗർമാർ എന്നാണു വിളിക്കുന്നത്. ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന ആശയങ്ങളെ/വിവരങ്ങളെ ബ്ലോഗ് പോസ്റ്റ് എന്നാണു പറയുന്നത്.

ഏകീകൃതമായ യൂണികോഡ് ഫോണ്ടുകൾ മലയാളത്തിൽ ലഭ്യമായതോടെ മലയാള ബ്ലോഗുകളും പ്രചാരത്തിലെത്താൻ തുടങ്ങി. രാഷ്ട്രീയം, സാസ്കാരികം, കാർട്ടൂൺ, പാചകം, യാത്രാവിവരണം, സിനിമാ നിരൂപണം, പുസ്തകനിരൂപണം തുടങ്ങി വിഷയവൈവിധ്യം കൊണ്ട് മികച്ചതാണ് മലയാളം ബ്ലോഗുകൾ. സ്വന്തം സർഗസൃഷ്ടികൾപോലും ഇന്ന് ബ്ലോഗുവഴി വായനക്കാരിലേക്കെത്തുന്നു. തൃശ്ശൂർ കറണ്ട് ബുക്സ് പുസ്തകമായി പ്രസിദ്ധീകരിച്ച 'കൊടകര പുരാണം' ആണ് ആദ്യ മലയാളം ബ്ലോഗ് പുസ്തകം.

ഇ മെയിൽ ഉണ്ടാക്കുന്നതുപോലെതന്നെ ലളിതമായ രീതിയിൽ ബ്ലോഗുണ്ടാക്കാൻ കഴിയും. ബ്ലോഗർ. കോം (blogger. com) വേഡ്പ്രസ്സ്. കോം (wordpress.com) തുടങ്ങിയവ  പ്രധാനപ്പെട്ട സൗജന്യ ബ്ലോഗ് സേവനദാതാക്കളാണ്. blogger.com ഗൂഗിൾ നിയന്ത്രണത്തിലുള്ളതാണ് കൂട്ടത്തിൽ ഏറ്റവും പ്രചാരമുള്ള  ബ്ലോഗർ.

ബ്ലോഗ് നിർമ്മിക്കുന്നതിന്റെ ആദ്യപടി മേൽപറഞ്ഞ ഏതെങ്കിലും സേവനദാതാക്കളിൽ രജിസ്റ്റർ ചെയ്ത് യൂസർ.ഐ.ഡി, പാസ്സ്‌വേഡ് എന്നിവ ഉണ്ടാക്കുക എന്നതാണ്. അക്കൗണ്ട് ഉണ്ടാക്കിക്കഴിഞ്ഞാൽ ലോഗിൻ ചെയ്ത് നമ്മുടെ അക്കൗണ്ടിൽ കടന്ന് നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മുന്നോട്ട് പോയാൽ മൂന്നോ നാലോ ക്ലിക്കിൽ ബോഗ് നിർമ്മിക്കാൻ കഴിയുന്നതാണ്. മലയാളത്തിൽ ബ്ലോഗ് നിർമാണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്ന നിരവധി ബ്ലോഗുകൾ ഉണ്ട്.  ബ്ലോഗിൽ ലോഗിൻ ചെയ്ത് നമുക്ക് സൃഷ്ടികൾ അപ്‌ലോഡ് ചെയ്യാം. മറ്റൊരാൾ തയ്യാറാക്കിയ ബ്ലോഗ് വായിക്കുന്നതിന് ബ്ലോഗ് വിലാസം മാത്രം മതി. ഇതിലൂടെ അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരവും ലഭിക്കും.

**പ്രവർത്തനങ്ങൾ**

? ഗുണമേന്മയുള്ള വിദ്യാഭ്യാസ ബ്ലോഗുകൾ കണ്ടെത്തി അവയിൽ നിന്ന് ആവശ്യമായ പഠന വിഭവങ്ങൾ കണ്ടെത്തി ഡൗൺലോഡ് ചെയ്ത് സേവ് ചെയ്യുക.

? സ്വന്തമായി ബ്ലോഗ് നിർമ്മിച്ച് പഠന വിഭവങ്ങളുടെ അപ്‌ലോഡിംഗ് നിർവഹിക്കുക.

? "നവമാധ്യമങ്ങൾ - അവയുടെ സാധ്യതകളും പരിമിതികളും" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.

### മലയാളം വിക്കീപീഡിയ സംരംഭങ്ങൾ

ജനകീയവും സ്വതന്ത്രവുമായ ഒരു ഓൺലൈൻ വിജ്ഞാനകോശ സംരംഭമാണ് വിക്കിപീഡിയ.

### എന്താണ് വിക്കി ?

വലിയ സാങ്കേതിക പിരജ്ഞാനമില്ലാത്തവർക്കും വിവരങ്ങൾ കൂട്ടിച്ചേർക്കാനും നീക്കം ചെയ്യാനും മാറ്റം വരുത്താനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും നല്കുന്ന വെബ്സൈറ്റുകളാണ് വിക്കി. ലളിതമായ കമ്പ്യൂട്ടർഭാഷ (മാർക്കപ്പ്) ഉപയോഗിച്ചാണ് വിക്കിയിലെ താളുകൾ രചിക്കപ്പെടുന്നത് എന്നതിനാൽ ഇതിൽ എല്ലാവർക്കും പങ്കാളികളാകാൻ സാധിക്കും. വിക്കിപേജുകൾ രചിക്കാനോ മാറ്റങ്ങൾ വരുത്താനോ, വെബ് ബ്രൗസർ ഒഴികെ മറ്റൊരു സോഫ്റ്റ് വെയറും വേണ്ട എന്നതാണ് ഇതിന്റെ പ്രധാന ആകർഷണം.

### വിക്കിപീഡിയ എന്തൊക്കയാണ്/ എന്തൊക്കെയല്ല

- വിക്കിപീഡിയ ഒരു ഓൺലൈൻ വിജ്ഞാനകോശമാണ്. കടലാസ് വിജ്ഞാനകോശം പോലെ ഇതിന് പതിപ്പുകളില്ല.
- ഓൺലൈൻ വിജ്ഞാന കോശമായതിനാൽത്തന്നെ ഇതിൽ വിഷയങ്ങളുടെ എണ്ണത്തിൽ അവസാനം ഉണ്ടാകാൻ പാടില്ല.
- 100% ശരിയായ കാര്യങ്ങൾ എന്നതിലുപരി വിജ്ഞാനകോശസ്വഭാവമുള്ള കാര്യങ്ങളാണ് വിക്കിപീഡിയക്ക് അനുയോജ്യം.
- വിക്കിപീഡിയ ആർക്ക് വേണമെങ്കിലും തിരുത്താൻ പാകത്തിൽ സ്വതന്ത്രമായതിനാൽ ഒരു ലേഖനതത്തിന്റെയും ഉള്ളടക്കത്തെക്കുറിച്ച് ഉറപ്പുപറയാൻ വിക്കിപീഡിയക്ക് ആവില്ല.
- വിക്കീപീഡിയയിലെ വിവരങ്ങൾ ഗ്നൂ ഫ്രീ ഡോക്യുമെന്റേഷൻ അനുസരിച്ച് എവിടെയും സ്വതന്ത്രമായി ഉപയോഗിക്കാം.

### ആർക്കൊക്കെ വിക്കിപീഡിയയിലെഴുതാം

- സ്കൂൾ കുട്ടികൾ മുതൽ ശാസ്ത്രജ്ഞൻമാർവരെ വിക്കിപീഡിയയിൽ എഴുതുന്നുണ്ട്.
- അവരവർ അവരവരുടെ മേഖലയിൽ നിന്നെഴുതും.

  ഉദാ: പ്രൈമറി ടീച്ചർ സ്കൂളിനെപ്പറ്റി, കർഷകൻ കൃഷിയെപ്പറ്റി...
- വിക്കിപീഡിയയിൽ എഴുതുന്നവയെല്ലാം പെർഫക്ട് ആവണം എന്ന വാശി വേണ്ട. പിറകേ വരുന്നവർ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യും.

### മലയാളം വിക്കിപീഡിയ

അമേരിക്കൻ സർവകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായ വിനോദ് മേനോൻ ആണ് മലയാളം വിക്കിപീഡിയക്ക് തുടക്കമിട്ടത്. (2002 ഡിസംബർ 21) യൂണികോഡ് വന്നതോടെയാണ് ഇതിന്

പ്രചാരം ലഭിച്ചത്. 2004 ഡിസംബറിലാണ് മലയാളം വിക്കിപീഡിയയിൽ നൂറ് ലേഖനങ്ങൾ തികയുന്നത്. 2005 സെപ്തംബർ മുതൽ സാങ്കേതിക കാര്യങ്ങളിൽ മറ്റു വിക്കിയിലെ പ്രവർത്തകരെ ആശ്രയിക്കാതെ മലയാളം വിക്കിപീഡിയ സ്വതന്ത്രമായി. പിന്നീട് അനുദിനം വളരുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്.

### മലയാളം വിക്കി പീഡിയയുടെ സഹോദര സംരംഭങ്ങൾ

- ബഹുഭാഷാ നിഘണ്ടു - വിക്ഷണറി
- പഠനസഹായി ചേർക്കുന്ന - വിക്കി ബുക്സ്
- ജേർണലിസത്തെ പ്രോത്സാഹിപ്പിക്കുന്ന- വിക്കി ന്യൂസ്
- പകർപ്പവകാശ കാലാവധി കഴിഞ്ഞ പുസ്തകങ്ങൾ ശേഖരിക്കുന്ന - വിക്കി വാഴ്സിറ്റി
- ചൊല്ലുകൾ ശേഖരിക്കുന്ന - വിക്കി ക്വോട്സ്

### വിക്കി ഗ്രന്ഥശാല

കഴിഞ്ഞ കാലത്തെ അമൂല്യ ഗ്രന്ഥങ്ങൾ ശേഖരിക്കുന്ന വിക്കിയാണ് വിക്കി ഗ്രന്ഥശാല (http:/ml.wikisource.org). പകർപ്പവകാശ പരിധിയിൽ വരാത്ത കൃതികൾ (ഉദാ: ബൈബിൾ, വേദങ്ങൾ) പകർപ്പവകാശ കാലാവധി കഴിഞ്ഞ കൃതികൾ (ഉദാ: കേരളപാണിനിയം, ആശാൻ കവിതകൾ) പകർപ്പവകാശത്തിന്റെ അവകാശി പൊതുസഞ്ചയത്തിലാക്കിയ കൃതികൾ എന്നിങ്ങനെ മൂന്നുതരം കൃതികളാണ് വിക്കി ഗ്രന്ഥശാലയിലുള്ളത്.

### വിക്കി നിഘണ്ടു

നിർവഹണങ്ങൾ, ശബ്ദോൽപ്പത്തികൾ, ഉച്ചാരണങ്ങൾ, മാതൃകാ ഉദ്ധരണികൾ, പര്യായങ്ങൾ, വിപരീതപദങ്ങൾ, തർജമകൾ, എന്നിവയടങ്ങുന്ന ഒരു സ്വതന്ത്ര ബഹുഭാഷാ നിഘണ്ടു സൃഷ്ടിക്കാനുള്ള സഹകരണ പദ്ധതിയാണ് മലയാളം വിക്കി നിഘണ്ടു.(http:/ml.wiktionary.org/).

## പഠനബോധന ആവശ്യങ്ങൾക്ക് മാത്രമുള്ള വെബ് പോർട്ടലുകൾ

### ഇ.പാഠശാല - ePathashala

ഡിജിറ്റൽ ഇന്ത്യാ ക്യാമ്പയിന്റെ ഭാഗമായി ഇൻഫർമേഷൻ ആന്റ് ടെക്നോളജി പഠനനബോധനപ്രക്രിയയിൽ പരമാവധി പ്രയോജനപ്പെടുത്താൻ മാനവ വിഭവ വികസന വകുപ്പിന്റെ നിർദേശപ്രകാരം എൻ.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട പോർട്ടലാണ് ഇ.പാഠശാല - ePathashala.

ലഭ്യമായ എല്ലാ വിദ്യാഭ്യാസ വിഭവങ്ങളും (ടെക്സ്റ്റ് ബുക്ക്, ആഡിയോ, വീഡിയോ, പീരിയോഡിക്കൽ, മറ്റു വൈവിധ്യപൂർണമായ ഡിജിറ്റൽ വിഭവങ്ങൾ) പ്രദർശിപ്പിക്കാനും പ്രചരിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. കുട്ടികൾക്കും, അധ്യാപകർക്കും, ടീച്ചർ എജ്യൂക്കേറ്റർമാർക്കും രക്ഷിതാക്കൾക്കും ആവശ്യമായ മാർഗനിർദേശങ്ങളും വായനസാമഗ്രികളും ഇ.പാഠശാല ലഭ്യമാക്കുന്നു. ഇതിന്റെ പോർട്ടലും ആപ്പും ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്.

### സമഗ്രപോർട്ടൽ

ജ്ഞാന നിർമിതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഐ.സി.ടി സാങ്കേതിക വിദ്യയിലൂടെ പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറി യാഥാർത്ഥ്യമാകുന്നതിന് സഹായകമായ വിധത്തിൽ ഡിജിറ്റൽ പഠന വിഭവങ്ങളും അവയുടെ വിനിമയത്തിന് വേണ്ടി പ്രവർത്തന രൂപരേഖകളും ഉൾപ്പെടുന്ന വിദ്യാഭ്യാസപോർട്ടലാണ് സമഗ്ര (സമഗ്ര ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം). ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും കൃത്യതപ്പെടുത്തുകയും സാങ്കേതിക വിദ്യയുടെ പുരോഗതിക്കനുസരിച്ച് നിരന്തരം നവീകരിക്കുകയും

ചെയ്യുന്ന സംവിധാനമായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിട്ടുള്ളത്. പാഠാസൂത്രണം, വിനിമയം, മൂല്യനിർണയം, മോണിറ്ററിംഗ് തുടങ്ങി എല്ലാ പാഠ്യപദ്ധതി പ്രവർത്തനങ്ങളും സമഗ്രയിൽ പരിഗണിക്കപ്പെട്ടിട്ടുണ്ട്. പൊതുവായി സമഗ്രയിൽ നല്കുന്ന ആസൂത്രണ മാതൃകകൾക്കപ്പുറം അധ്യാപകർ സർഗാത്മകമായി തയ്യാറാക്കുന്ന പാഠാസൂത്രണങ്ങൾ, റിസോഴ്സുകൾ എന്നിവ പോർട്ടലിലൂടെ പങ്കുവയ്ക്കാൻ അവസരം നൽകുന്നുണ്ട്.

കുട്ടികൾക്കായി പ്രത്യേകം തയാറാക്കിയ സഹായകവിഭവങ്ങൾ റഫറൻസ് ലിങ്കുകൾ, അസൈൻമെന്റുകൾ, സെമിനാർ പേപ്പറുകളുടെയും സ്വന്തമായി തയ്യാറാക്കിയ ലേഖനങ്ങളുടെയും സാഹിത്യകൃതികളുടെയും പ്രസിദ്ധീകരണം, സ്വയം വിലയിരുത്തലിനും പരസ്പരവിലയിരുത്തലിനും വേണ്ടിയുള്ള സാമഗ്രികൾ മുതലായവ ഇതിലുണ്ട്. ഇതിനായി സമഗ്ര പോർട്ടലിൽ ഒരു സ്റ്റുഡന്റ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റമായ 'മൂഡ്ൽ' (Moodle) ഉൾച്ചേർത്തിട്ടുണ്ട്. സമഗ്രയിലെ വിഭവങ്ങൾ കാണാനും ആവശ്യമായവ ഡൗൺലോഡ് ചെയ്യാനും കഴിയും. കൂടാതെ അധ്യാപകർക്കും വിദഗ്ധർക്കും ലോഗിൻ ചെയ്ത് വിഭവങ്ങൾ ഉൾപ്പെടുത്താനും അവസരമുണ്ട്.

ഇങ്ങനെ നിരവധി വെബ്പോർട്ടലുകളുണ്ട്. അതുപോലെ പഠന വിഭവങ്ങൾ തയ്യാറാക്കാൻ സഹായിക്കുന്ന സോഫ്റ്റ്‌വെയറുകളും ഉണ്ട്. അവ കണ്ടെത്തി ഭാഷാബോധന പ്രക്രിയകൾക്കായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

- ? രണ്ടാം സെമസ്റ്ററിലെ വിവരവിനിമയ സാങ്കേതിക വിദ്യയും പഠനബോധന പ്രക്രിയയും (207) എന്ന പേപ്പറിലെ ഒന്നാം അധ്യായത്തിൽ ഡിജിറ്റൽ വിഭവങ്ങളെ അനുഗുണപ്പെടുത്തൽ ചർച്ചചെയ്യുന്ന ഭാഗത്ത് നല്കിയിരിക്കുന്ന ദൈനം ദിനാസൂത്രണം ഇലക്ട്രോണിക് പഠനാസൂത്രണം (ഇ.ടീച്ചിംഗ്) എന്നിവ മാതൃകയാക്കി മലയാളം പാഠഭാഗങ്ങൾക്ക് ഡിജിറ്റൽ പാഠാസൂത്രണക്കുറിപ്പ് തയ്യാറാക്കുക.
- ? ഭാഷാക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് ഏതൊക്കെ വെബ്പോർട്ടലുകൾ എങ്ങനെയൊക്കെ ഉപയോഗപ്പെടുത്താം എന്നതിനെ ആസ്പദമാക്കി ചർച്ച സംഘടിപ്പിക്കുക. ചർച്ചാക്കുറിപ്പ് തയ്യാറാക്കുക. (വിശദമായി പേപ്പർ 207-ൽ നല്കിയിട്ടുണ്ട്).
- ? പ്രൈമറി ക്ലാസുകളിൽ മലയാളം പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിനാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ ലിസ്റ്റ് ചെയ്യുകയും ലഭ്യമായവ ശേഖരിക്കുകയും ചെയ്യുക.
- ? ഇ.മെറ്റീരിയൽ നിർമ്മാണത്തിനായി ശില്പശാല സംഘടിപ്പിക്കുക.

**സഹായക ഗ്രന്ഥങ്ങൾ**


1. സൈബർ മലയാളം - എഡിറ്റർ - സുനിത ടി.വി കറന്റ് ബുക്ക്, തൃശ്ശൂർ -(2010)
2. മലയാളത്തിന്റെ ഭാവി ഭാഷാ ആസൂത്രണവും മാനവ വികസനവും - കെ സേതുരാമൻ- മാതൃഭൂമി ബുക്സ് - (2011)
3. വിശ്വവിജ്ഞാനകോശം - നാഷണൽ ബുക്സ്റ്റാൾ - (1971)
4. ഭാഷയും ഭരണഘടനയും - ഡോ. ഏഴുമാറ്റൂർ രാജ രാജവർമ്മ - ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - (2008)
5. ഭാഷാ ശാസ്ത്രദർപ്പണം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
6. മലയാളം ടീച്ചർ ടെക്സ്റ്റ് ക്ലാസ് - 8 (2015)